# ഭദ്രാസന ധ്വനി

BHADRASANA DHWANI

മലങ്കര മാർത്തോമ്മാ സുറിയാനി സഭ
**റാന്നി-നിലയ്ക്കൽ ഭദ്രാസന പ്രസിദ്ധീകരണം**

**2025 ജൂലൈ- ആഗസ്റ്റ്-സെപ്റ്റംബർ**




## ജന്മദിനാശംസകൾ



റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ
ആഗസ്റ്റ് 16




റൈറ്റ് റവ. ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പാ
ആഗസ്റ്റ് 19



റൈറ്റ് റവ. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ
സെപ്റ്റംബർ 8

## പൗരോഹിത്യ ശുശ്രൂഷയുടെ അരനൂറ്റാണ്ട്



റൈറ്റ് റവ. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ



റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ

## അനുമോദനങ്ങൾ



Riya Ann Samuel
PhD in Zoology from
Christ University, Bangalore



Robin Thomas
PhD in Physics from
Christ University, Bangalore

Melethottathil House, members of Bethel MTC, Thadiyoor




ശ്രേഷ്ഠ കാതോലിക്ക മാർ ബസേലിയോസ് ജോസഫ് ബാവായ്ക്ക് റാന്നി - നിലയ്ക്കൽ ഭദ്രാസനം നൽകിയ സ്വീകരണം

## സ്നേഹാഞ്ജലി



പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് ഡോ.മാർ അപ്രേം തിരുമേനിക്ക് റാന്നി - നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ

## ദിവംഗതരായ പട്ടക്കാർ



റവ. പി. എം. സാമുവേൽ
ഏപ്രിൽ 30



റവ. ജോർജ് വർഗീസ് കല്ലേലി
മെയ് 01



റവ. കെ. നൈനാൻ ജോർജ്
മെയ് 03

ഭദ്രാസന ധ്വനി
BHADRASANA DHWANI
മലങ്കര മാർത്തോമ്മാ സുറിയാനി സഭ
റാന്നി-നിലയ്ക്കൽ ഭദ്രാസന പ്രസിദ്ധീകരണം
2025 ജൂലൈ- ആഗസ്റ്റ്-സെപ്റ്റംബർ

04 ഭദ്രാസന അദ്ധ്യക്ഷനിൽ നിന്നും...

08 ഭദ്രാസന സെക്രട്ടറിയുടെ കത്ത്

09 മുഖമൊഴി

10 ദശാംശം: വേദപുസ്തക അടിസ്ഥാനത്തിൽ
റവ. സന്തോഷ് ജോസഫ്

12 വെറുപ്പ്
പ്രൊഫ. ഡോ. ജോർജ് കെ. അലക്സ്

14 തോമസ് അപ്പൊസ്തലൻ: വിശ്വാസപാതയിലെ അന്വേഷണങ്ങളും ചോദ്യങ്ങളും
റവ. വിനോയ് ദാനിയേൽ

17 സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസവും നവീകരിക്കപ്പെടേണ്ട വിശ്വാസ സമൂഹവും
റവ. ഡോ. സണ്ണി ഇ. മാത്യു

21 സ്നേഹം കൊണ്ട് ചരിത്രത്തെ അഗാധമാക്കിയ ദൈവത്തിന്റെ രാജകുമാരൻ
ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ

26 മൂല്യാധിഷ്ഠിത വിദ്യാഭ്യാസം
ഡെയ്സി പനച്ചിമൂട്ടിൽ

28 പോപ്പ് ലിയോ XIV മാർപാപ്പ മാറുന്ന ലോകത്തിനായുള്ള പുത്തൻ പ്രതീക്ഷകളുടെ ഇടയൻ
റവ ഷാനു വി എബ്രഹാം

30 സൗമ്യനായ അമരക്കാരൻ ജോസഫ് മാർ ഗ്രിഗോറിയോസ് കാതോലിക്കാ ബാവാ

31 നഷ്ടങ്ങളുടെ ലോകത്തെ കണ്ടെത്തലിന്റെ സുവിശേഷം

32 തപോവൻ അരമനയും, തോമസ് മാർ അത്താനാസ്യോസ് മാർത്തോമ്മാ സെന്റർ ഭദ്രാസന കേന്ദ്രവും
അനു ഫിലിപ്പ്

34 ബൈബിൾ ക്വിസ്

## എഡിറ്റോറിയൽ ബോർഡ്

**ചെയർമാൻ**
**റൈറ്റ് റവ. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**

**മാനേജിംഗ് എഡിറ്റർ:** റവ.തോമസ് കോശി പി.

**ചീഫ് എഡിറ്റർ:** റവ. ഏബ്രഹാം വർഗീസ്

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
റവ. ഷാനു വി. ഏബ്രഹാം
ശ്രീ. അനു ഫിലിപ്പ്
ശ്രീ. മാത്യൂസൺ പി. തോമസ്
ശ്രീമതി ആനി പി.ഏബ്രഹാം
ശ്രീ. ജോൺ ശാമുവേൽ
ശ്രീ. റിബു തോമസ് മാത്യു

**വിലാസം:**

**ചീഫ് എഡിറ്റർ, ഭദ്രാസന ധ്വനി**
റ്റി. എം. എ. എം. മാർത്തോമ്മാ സെന്റർ,
മന്ദിരം പി. ഒ., റാന്നി 689 672

Phone: **04735 227 487**
Email: **dhwani2326@gmail.com**

വാർഷിക വരിസംഖ്യ: ₹ **75.00**

പ്രിന്റിംഗ്: **മാർത്തോമ്മാ പ്രസ്സ്, തിരുവല്ല**
ഡിസൈൻ: **ക്രയോൺസ് മീഡിയ**



# സ്നേഹ ദർശനം

ഒരു സംവൽസരത്തിന്റെ പകുതി മാസം നാം പിന്നിട്ടു കഴിഞ്ഞു. ബാക്കി അർദ്ധ വർഷത്തേക്ക് നാം പ്രവേശിക്കുന്നു. സഭാ ബന്ധത്തിലും സാമൂഹ്യ ഇടപാടുകളിലും മുന്നേറുന്നതിന് നമ്മുടെ വിശ്വാസ ജീവിതം സഹായകമാകണം.

ക്രിസ്ത്യാനികൾ എല്ലാ ഇടങ്ങളിലും ആക്രമിക്കപ്പെടുന്നു. കൊല്ലപ്പെടുന്നു. ഇത് നമ്മെ അസ്വസ്ഥരാക്കണം. ഈ പൈശാചിക ബന്ധനങ്ങളിൽ നിന്ന് വിശ്വാസികൾ വിടുവിക്കപ്പെടുന്നതിന് പ്രാർത്ഥിക്കണം. ജൂൺ മാസം 16 മുതൽ 29 വരെ ശ്ലീഹാ നോമ്പിന്റെ ദിനങ്ങളായിരുന്നു. ഇസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ഭരിക്കാം എന്ന് വിചാരിച്ചിരുന്നവർ പത്ത് പേരും ക്രിസ്തുവിനായി കൊല്ലപ്പെടുകയായിരുന്നു. ആദ്യ നൂറ്റാണ്ടു മുതൽ ഈ രക്തസാക്ഷിത്വം നമ്മെ വെല്ലുവിളിക്കുന്നു. വിശ്വാസത്തിൽ മങ്ങലേൽക്കാതെ മുന്നേറുവാൻ ദൈവകൃപക്കായി നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ സഭയിൽ സാധാരണയായി പട്ടം കൊട ശുശ്രൂഷകൾ നടന്നുവന്നിരുന്നത് ശ്ലീഹാ നോമ്പ് കാലങ്ങളിലാണ്. നമ്മുടെ ഭദ്രാസനത്തിൽ നിന്ന് ഈ വർഷം അഞ്ച് യൗവനക്കാർ സഭാ ശുശ്രൂഷയ്ക്കായി ഒരുങ്ങുകയാണ്. ജൂലൈ 3 വിശുദ്ധ തോമാശ്ലീഹാ ദിനത്തിൽ റാന്നി ക്രിസ്തോസ് പള്ളിയിൽ വച്ച് ശെമ്മാശ പട്ടം നൽകുന്നു. ജിതിൻ മാത്യു (കട്ടിക്കൽ അരുവി സെന്റ് പോൾസ്), ജോയൽ സാം സോണി (റാന്നി ക്രിസ്തോസ്), ജസ്റ്റിൻ ജെ സാം (ഇലന്തൂർ ശാലേം), ഷാജിൻ ഷാജി (വടക്കുപുറം ശാലേം), സെബി കെ പോൾ (പൂവൻപാറ ശാലേം) എന്നിവർക്ക് ജൂലൈ 17, 21, 25 തീയതികളിൽ യഥാക്രമം ഇലന്തൂർ ശാലേം, വടക്കുപുറം ശാലേം, പൂവൻപാറ ശാലേം തുടങ്ങിയ പള്ളികളിൽ വെച്ച് കശ്ശീശാ പട്ടം കൊടയും ക്രമീകരിച്ചിരിക്കുന്നു. കഠിനമേറിയ ഒരു കാലത്ത് വൈദിക ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന ഈ യൗവനക്കാർക്കു വേണ്ടിയും അവർ പ്രവേശിക്കുന്ന വലിയ ശുശ്രൂഷകൾക്കായും നമുക്ക് പ്രാർത്ഥിക്കാം.

ജൂലൈ അഞ്ചാം തീയതി ഭദ്രാസനത്തിലെ ഇടവകകളിലെ ആത്മായ ശുശ്രൂഷകർക്കുള്ള പരിശീലന ക്ലാസ് കെ.ഒ.എ.എം. ഹാളിൽ വച്ച് ക്രമീകരിച്ചിരിക്കുന്നു.

ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരായ വികാരി, ട്രസ്റ്റിമാർ, ഓഡിറ്റേഴ്സ് തുടങ്ങിയവരുടെ സമ്മേളനം ജൂലൈ ആറാം തീയതിയും ക്രമീകരിച്ചിരിക്കുന്നു. ഈ കാലയളവിൽ ഇടവക കണക്കുകൾ കൃത്യമായി എഴുതുന്നതിന് പ്രത്യേക പരിശീലനം ആവശ്യമായതിനാൽ ഈ യോഗത്തിൽ ചുമതലക്കാർ താല്പര്യത്തോടെ വന്നു സംബന്ധിക്കേണ്ടതാണ്.

ഭദ്രാസനത്തിലെ വൈദികരുടെ റീജണൽ സമ്മേളനങ്ങൾ ജൂലൈ 8-ാം തീയതി മന്ദമരുതി, 15-ാം തീയതി വടശ്ശേരിക്കര, 24-ാം തീയതി അട്ടച്ചാക്കൽ എന്നീ പള്ളികളിൽ വച്ച് നടത്തപ്പെടുന്നതാണ്.

നമ്മുടെ ഭദ്രാസന അസംബ്ലിയുടെ 35-ാമത് വാർഷിക പൊതുയോഗം ജൂലൈ 12 ശനിയാഴ്ച മാർ അത്താനാസ്യോസ് കൺവൻഷൻ സെന്ററിലുള്ള മാർ ത്തോമ്മാ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ഒരു വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കും ബഡ്ജറ്റും അംഗീകരിക്കുന്നതിനുള്ള ഈ കൂടി വരവ് അനുഗ്രഹകരമാകുന്നതിന് ഭദ്രാസന പ്രതിനിധികൾ പ്രാർത്ഥനയോടെ വന്നു സംബന്ധിക്കുക.

നമ്മുടെ കലഹാണ്ടി മിഷൻ ഏറ്റം അനുഗ്രഹകരമായി

നടന്നുവരുന്നു. ഏഴ് ഗ്രാമങ്ങളിൽ പുതിയ പള്ളികളുടെ പണികൾ നടക്കുന്നു. വിശ്വാസ സമൂഹം ഏറെ താല്പര്യത്തോടെ മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. അവിടെയുള്ള സ്കൂൾ ഉത്തരോത്തരം ഭംഗിയായി മുമ്പോട്ട് പോകുന്നു. ആ ദേശവാസികൾക്ക് ഏറ്റം ആവശ്യമായിരിക്കുന്നത് ആതുര സേവന ലഭ്യതയാണ്. തക്കതായ മെഡിക്കൽ പ്രവർത്തകരെ ലഭ്യമാകുന്നതിന് ശ്രമിക്കുന്നു. പ്രാർത്ഥനയിൽ തുടർന്നും ഓർക്കുക.

ജൂൺ 13-ാം തീയതി യാക്കോബായ സഭയുടെ നവാഭിഷിക്ത ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് ജോസഫ് തിരുമേനിക്ക് സ്നേഹ നിർഭരമായ അനുമോദനങ്ങൾ അറിയിക്കുന്നതിന് ഒരു പ്രത്യേക സമ്മേളനം അരുമനയിൽ വെച്ച് നടത്തപ്പെട്ടു. വന്ദ്യ കാതോലിക്കാ ബാവായുടെ ശുശ്രൂഷയും നേതൃത്വവും അനുഗ്രഹകരമായിരിക്കുവാൻ പ്രാർത്ഥിക്കാം.

അഹമ്മദാബാദിൽ നടന്ന വിമാന അപകടത്തിൽ മരണപ്പെട്ട പുല്ലാട് സ്വദേശിനി രഞ്ജിതയുടെ ഭവനത്തിൽ ചെന്ന് ദുഃഖാർത്തരായ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു പ്രാർത്ഥിച്ചു. രാജ്യം ഒന്നാകെ നൊമ്പരപ്പെട്ട ഈ വലിയ അപകടത്തിൽ ജീവൻ നഷ്ടപ്പെട്ട എല്ലാവരെയും അവരുടെ കുടുംബാംഗങ്ങളെയും ഓർത്ത് പ്രാർഥിക്കാം.

ആക്സിയം 4 ദൗത്യത്തിൽ വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ബഹിരാകാശത്തേക്ക് 3 സഹയാത്രികരോടൊപ്പം സഞ്ചരിക്കുന്നത് നമുക്ക് അഭിമാനമാണ്. 39 വയസ്സുള്ള ശുഭാംശു 2000 മണിക്കൂർ യുദ്ധ വിമാനങ്ങൾ പറപ്പിച്ചിട്ടുള്ള അനുഭവസമ്പത്തിന് ഉടമയാകുന്നു. ശാസ്ത്രലോകത്തിന് അതുല്യ അറിവും വിജ്ഞാനവും പകരുന്നതിന് ബഹിരാകാശ യാത്രികർക്ക് കഴിയട്ടെ.

നമ്മുടെ സഭ പ്രതിനിധി മണ്ഡലം സെപ്റ്റംബർ 2, 3,4 തീയതികളിൽ തിരുവല്ല സഭാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുകയാണ്. മണ്ഡല യോഗങ്ങൾ അനുഗ്രഹപ്രദമായി നടക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

നമ്മുടെ ആരാധനകളിലും കൂദാശകളിലും അനുപേഷണീയമായ ഘടകമാണ് നിഖ്യാ വിശ്വാസ പ്രമാണം. സഭയുടെ വിശ്വാസത്തിന്റ അടിസ്ഥാന ഘടകമാണ് ഈ പ്രമാണം. വിശ്വാസം എന്തെന്ന് നമ്മോട് ഒരുവൻ ചോദിക്കുമ്പോൾ ഒരു ഗുളിക രൂപത്തിൽ നൽകാൻ കഴിയുന്ന പ്രാമാണിക രേഖയാണ് എ.ഡി. 325-ൽ രൂപം കൊണ്ട നിഖ്യാ വിശ്വാസ പ്രമാണം. നാലാം നൂറ്റാണ്ടിൽ സഭയിൽ നിലനിന്ന ഭിന്നതയും പാഷാണ്ഠ ഉപദേശങ്ങളും പരിഹരിക്കുന്നതിന് റോമാ ചക്രവർത്തി കോൺസ്റ്റൻന്റയിൻ വിളിച്ചു കൂട്ടിയ ആകമാന സഭകളുടെ സുന്നഹദോസാണ് നിഖ്യായിൽ നടന്നത്. എ. ഡി. 325 ജൂൺ 19 മുതൽ ആഗസ്റ്റ് 25 വരെ നടന്ന സുന്നഹദോസ് സഭയുട ക്രോഡീകരിക്കപ്പെട്ട വിശ്വാസ സംഹിതയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിതാക്കന്മാർ പരിപാലിച്ച് നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഈ സത്യവിശ്വാസത്തെ അഭംഗുരം പരിപാലിച്ച് ആ വിശ്വാസത്തിൽ ഉറച്ചു മുന്നേറുന്നതിന് നമുക്ക് കഴിയണം. 2025 നിഖ്യാ സുന്നഹദോസിന്റെ 1700 -ാം വാർഷികമായി ലോകമെങ്ങുമുള്ള ക്രൈസ്തവ സമൂഹം ആഘോഷമായി കൊണ്ടാടുന്നു. ഇതിന്റെ ഭാഗമായി നമ്മുടെ സേവികാസംഘം എല്ലാ സെന്ററുകളിലും ഇവ പഠിച്ചുകഴിഞ്ഞു. യുവജന സഖ്യം സഭയായി നിഖ്യാ വിശ്വാസം പഠന പുസ്തകമായി തെരഞ്ഞെടുത്തിരിക്കുന്നു. വൈദിക സമ്മേളനങ്ങളിൽ ഈ വിഷയം പഠനം ആക്കിയിട്ടുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും ഇടവക ഒന്നായി ഒരു ദിവസം നിഖ്യാ വിശ്വാസം പഠിക്കുന്നതിനായി സമയം വേർതിരിക്കണം. എന്തെന്നാൽ കാതലായ വിശ്വാസത്തെ ശോധന ചെയ്യുന്ന ദോഷ ശക്തികൾ നമ്മുടെ ഇടയിൽ തന്നെ വർദ്ധിച്ചുവരുന്നു.

ആഗസ്റ്റ് 6-ാം തീയതി മറുരൂപ പെരുന്നാൾ ദിനമാണ്. നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണത്തെ സഭ ഓർക്കുന്ന വലിയ ദിനം. തന്റെ മരണത്തെക്കുറിച്ച് മോശയും ഏലിയാവും വന്ന് അതിനായി ഒരുങ്ങുകയും പുത്രനെ കുറിച്ച് പിതാവ് ദൈവത്തിന്റ അരുളപ്പാട് അറിയിക്കുകയും ചെയ്ത വലിയ ദിനം. താൻ ആരാകുന്നു എന്ന് തന്റെ മഹത്വ പ്രൗഢിയോടെ ശിഷ്യർക്ക് പ്രത്യക്ഷപ്പെടുകയും ചെയ്ത കർത്താവിന്റെ ഈ വലിയ ദിവസം നമ്മുടെ ഇടവകകൾ ആചരിക്കേണ്ടതാണ്. മോറാനായ പെരുന്നാളിൽ ഏറ്റം ശ്രേഷ്ഠമായി ആചരിക്കപ്പെടേണ്ടതാണ് ഈ ദിനം. ആദമിന് നഷ്ടമായ ഈ ദിവ്യതേജസ് തിരികെ നൽകുന്നതാണ് മറുരൂപ പെരുന്നാളിലെ ക്രിസ്തു എന്ന ദിവ്യരഹസ്യം.

ആഗസ്റ്റ് 1 മുതൽ 15 വരെ പതിനഞ്ച് നോമ്പുകാലമാണ്. നമ്മുടെ കർത്താവിനോടുള്ള ബന്ധത്തിലും വിശ്വാസത്തിലും ഉറച്ചു നിന്നവരായിരുന്നു പരിശുദ്ധ കന്യകമറിയാമും, ശ്ലീഹന്മാരും, സഭാ പിതാക്കന്മാരും. നമുക്ക് വചനത്തിലൂടെ ലഭ്യമായ വിശ്വാസത്തിൽ നമ്മുടെ മുമ്പായി വിശ്വാസം ഏറ്റു പറഞ്ഞവരെ പിന്തുടരുന്നതിന് നമ്മെ ഒരുക്കുന്നത് ആയിരിക്കണം ഈ നോമ്പുകാലം. ഇവരോടുള്ള മധ്യസ്ഥതയല്ല, ഇവരുടെ ജീവിതവും വിശ്വാസവും ആണ് നാം അനുകരിക്കേണ്ടത്. വിശുദ്ധ കുർബാനയിലെ നാലാമത്തെ തുബ്ദേൻ പ്രാർത്ഥനയുടെ ഓർമ്മപ്പെടുത്തലാണ് ഈ നോമ്പുകാലം.

ഭാഗ്യ സ്മരണീയനായ പോപ്പ് ഫ്രാൻസിസിന്റെ മഹത്തായ ജീവിതം എത്ര ധന്യതയാർന്നതായിരുന്നു. മാർത്തോമ്മാ സഭയെ ലോകമെമ്പാടും ഉള്ള സഭാ ഗാത്രത്തോട് ചേർത്തും അഭിനന്ദിച്ചും പിതാവ് പറഞ്ഞതാണ് - മാർത്തോമ്മാ സഭ കിഴക്കും പടിഞ്ഞാറുമുള്ള സഭകളെ തമ്മിൽ കൂട്ടി ഇണക്കുന്ന ഒരു പാലം (Bridge Church) എന്നാണ് വിശേഷിപ്പിച്ച് പറഞ്ഞത്. സമാധാന മനുഷ്യർക്കുള്ള നല്ല അവസാനത്തിന് മാർപാപ്പ തിരുമേനിക്ക് ദൈവം തുണച്ചു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട അഭിഷിക്തനായ പുതിയ മാർപാപ്പ ലിയോ IV തിരുമേനിക്ക് മംഗളം നേർന്നു പ്രാർത്ഥിക്കുന്നു.

ഈ വർഷം നമ്മുടെ ഭദ്രാസനത്തിൽ നിന്നും പത്തു യൗവനക്കാർ സെമിനാരി പഠനത്തിന് തിരഞ്ഞെടുക്കപ്പെട്ടു. അനുഗ്രഹകരമായ ശിക്ഷണത്തോടുകൂടിയ പഠനത്തിന് ദൈവം അവർക്ക് തുണയാകട്ടെ. അവരെ ഒരുക്കി അയച്ച മാതാപിതാക്കളെയും ഇടവകകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ സൺഡേ സ്കൂളുകളോട് ചേർന്ന് കുട്ടികൾക്ക് വേണ്ടി ബാലസമാജം ആരംഭിക്കുന്നതിന് സണ്ടേസ്കൂൾ ചുമതലക്കാർ ശ്രദ്ധിക്കുക. സണ്ടേസ്കൂൾ ഒഴിച്ച് മറ്റൊരു സമയം ഇതിനായി കണ്ടെത്തണം. യൗവനക്കാരായ മക്കളെ കുറിച്ച് സഭയും സമൂഹവും വീടുകളും ഏറെ ആകുലചിത്തരാണ്. മദ്യവും മയക്കു മരുന്നുകളും അവരുടെ ജീവിതത്തെ താറുമാറാക്കുന്നു. ഈ ആസക്തി മറ്റുതലത്തിലേക്ക് തിരിച്ചു വിടേണ്ടിയിരിക്കുന്നു. നമ്മുടെ യൗവ്വനക്കാരായ മക്കളെ കൂടുതൽ സ്നേഹിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നമുക്ക് ശ്രമിക്കാം. പള്ളി കോമ്പൗണ്ടുകൾ കളിസ്ഥലങ്ങളായി മാറ്റി യവനക്കാരെ ആകർഷിക്കുന്നതിന് ഇടവക ചുമതലക്കാർ ശ്രദ്ധിക്കുക.

നമ്മുടെ ചില ഇടവകകളിൽ വർഷങ്ങളായി പ്രാർത്ഥനാ കൂട്ടങ്ങൾ രാവിലെ പള്ളി ആരാധനയ്ക്ക് മുമ്പായി നടന്നുവരുന്നു. ഇതിൽ പുരുഷന്മാർ മാത്രമാണ് പങ്കെടുക്കുന്നത്. സ്ത്രീകളും കുട്ടികളും ഇല്ലാതെ ഇരിക്കുന്നു. വികാരി അച്ചന്മാർക്ക് പല പള്ളികൾ ചുമതലയിൽ ഉണ്ടായിരുന്ന കാലത്തുണ്ടായ ക്രമീകരണം ആയിരുന്നു ഇത്. വികാരി അച്ചന്മാർക്കും ഈ പ്രാർത്ഥനാ കൂട്ടങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നില്ല. പ്രതി പുരുഷന്മാരെ തെരഞ്ഞെടുക്കുന്ന കൂട്ടത്തിൽ സ്ത്രീ പ്രാതിനിധ്യവുമില്ല. രാവിലെ ഭക്ഷണവും കഴിച്ച് പ്രാർത്ഥനാ കൂട്ടത്തിൽ നിന്ന് കുറച്ചു പേർ മാത്രമാണ് പള്ളി ആരാധനയിൽ പങ്കെടുക്കുന്നത്. ഇതിനൊരു മാറ്റം വരേണ്ടതാണ്. ഞായറാഴ്ച ഉച്ചകഴിഞ്ഞ് പ്രാർത്ഥനാ യോഗങ്ങൾ ക്രമീകരിച്ചാൽ ഒന്ന് രണ്ട് കൂട്ടങ്ങൾക്കെങ്കിലും സഹോദരിമാർക്കും വികാരി അച്ചന്മാർക്കും പങ്കെടുക്കാൻ കഴിയും. ഇടവകക്കാർ ഇത് ഗൗരവമായി ചിന്തിച്ചു ഉചിതമായി തീരുമാനിക്കുക.

നമ്മുടെ ഭദ്രാസന ഓഫീസിനോട് ചേർന്നുള്ള കെട്ടിടത്തിൽ ജനുവരി മാസം മുതൽ സർവീസ് ഏജൻസി പ്രവർത്തിച്ചു വരുന്നു. വിശുദ്ധ കുർബാനയ്ക്ക് ആവശ്യമായ പദാർത്ഥങ്ങൾ, ആരാധനാക്രമങ്ങൾ, വേദപുസ്തകം, സി.എസ്.എസി.ൽ നിന്നുള്ള വിവിധ ഗ്രന്ഥങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, തുടങ്ങിയവ ഇവിടെ ലഭ്യമാണ്. ഈ സേവനം എല്ലാവരും പ്രയോജനപ്പെടുത്തുക.

മെയ് മാസം 30-ാം തീയതിക്കകം കണക്കും തെരട്ടും പാസാക്കി ഭദ്രാസന ഓഫീസിൽ സമർപ്പിച്ച ഇടവകകൾക്കും, കേന്ദ്രം, ഭദ്രാസനങ്ങളിൽ അടയ്ക്കേണ്ടതുകകൾ നൽകിയവർക്കും പാരിതോഷികമായി ഭദ്രാസന അസംബ്ലിയുടെ മുൻ തീരുമാനപ്രകാരം 500/- രൂപ സന്തോഷ സൂചകമായി ഭദ്രാസനം നൽകുന്നതാണ്. സമയബന്ധിതമായി ഇപ്രകാരം കണക്കും തെരട്ടും പാസാക്കി അയച്ച എല്ലാ ഇടവകകളോടും ചുമതലക്കാരോടും സന്തോഷം അറിയിക്കുന്നു.

1889 ജൂലൈ 12 തിരുവിതാംകൂർ സർക്കാരിന്റെ റോയൽ കോടതിവിധി മൂലം മലങ്കര സഭ രണ്ടായി മുറിഞ്ഞ ദിനം. രണ്ട് ജഡ്ജിമാർ പുലിക്കോട്ട് മാർ ദിവന്നാസ്യോസിന് അനുകൂലമായും എന്നാൽ ഓംസ്ബി എന്ന ജഡ്ജി മെത്രാൻ കക്ഷിക്ക് അനുകൂലമായും വിധി പുറപ്പെടുവിച്ചു. പൂർവിക ആരാധനാലയങ്ങൾ എല്ലാം നമുക്ക് നഷ്ടപ്പെട്ട ദിനമാണ് ഈ ദിവസം. 136 സംവത്സരം തമ്പുരാൻ ഈ കൊച്ചു സഭയെ എത്ര മേൽതരമായി വഴി നടത്തി. ദൈവത്തിനു സ്തുതി.

നമ്മുടെ ഭദ്രാസനത്തിലെ അനുഗ്രഹീതമായി പ്രവർത്തിക്കുന്ന പ്രതീക്ഷാഭവനോട് ചേർന്ന് മൂന്നര ഏക്കർ സ്ഥലവും അതിൽ ഉൾപ്പെട്ട ചാപ്പൽ, ഓഫീസ് കെട്ടിടങ്ങളും ഉൾപ്പെടെ ഭദ്രാസന കൗൺസിലിന്റെ ആലോചനയോടെ വാങ്ങുന്നതിന് സാധിച്ചു. മൈലപ്രാ ഇടവകാംഗമായ ശ്രീ ജോസിന്റെ വലിയ താല്പര്യവും സഭയോടുള്ള കരുതലും സ്നേഹവുമായി നിർലോഭമായി ഇത് വാങ്ങുന്നതിന് ഇടയാക്കിയത്. അദ്ദേഹത്തിന് ദൈവം നൽകിയ ദർശനത്തിനായി കർത്താവിനെ മഹത്വപ്പെടുത്തുന്നു. മനോഹരമായ ഈ സ്ഥലത്ത് അനുയോജ്യമായ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന് പ്രാർത്ഥിക്കുന്നു. 100 പേർക്ക് ഇരിക്കുവാൻ സൗകര്യമുള്ള ഈ സ്ഥലം ഏകദിന റിട്രീറ്റുകൾക്ക് അനുയോജ്യമാണ്. ഇതിന്റെ സാധ്യതകൾ വ്യക്തികളായും ഇടവകകളായും പ്രയോജനപ്പെടുത്തുക.

ജൂൺ 12-ാം തീയതി ഞാൻ ഒരു വൈദികനായ ദിനമാണ്. 1976 -ൽ ആരംഭിച്ച ഈ യാത്ര 49 സംവത്സരം പൂർത്തിയാക്കി 50-ാം വർഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം തുണച്ചു. സുവർണ്ണ ജൂബിലി വർഷത്തിലേക്കുള്ള ഈ നാളുകൾ നിങ്ങളുടെ പ്രാർത്ഥന യാചിക്കുന്നു. സെപ്റ്റംബർ 8-ാം തീയതി ജീവിത യാത്രയിൽ 75 വയസ് പൂർത്തിയാക്കുന്നു.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ.

കർത്താവിന്റെ സ്നേഹത്തിൽ നിങ്ങളുടെ,

**ഡോ. ജോസഫ് മാർ ബർന്നബാസ്**
**സഫ്രഗൻ മെത്രാപ്പോലീത്താ**

*വിശുദ്ധ പത്രൊസ്-*
*പൗലോസ് ശ്ലീഹൻമാരുടെ നാൾ, 2025*

തിരുശരീര രക്തങ്ങളുടെ വിശുദ്ധിയും
കുന്തിരിക്കത്തിന്റെ സുഗന്ധവും തൃക്കൈകളിലേന്തിയിട്ട് അരനൂറ്റാണ്ട്....

50



മണ്ണിൽ നിന്നുള്ള നിന്ദ്യമായ മൺകട്ടയെ ദൈവീക ശുശ്രൂഷയുടെ
ഉന്നതിയിലേക്ക് വിളിച്ചടുപ്പിച്ച വലിയ ഇടയന്റെ മുമ്പിൽ
തൊഴുകൈകളോടെ പുതുവർഷത്തിലേക്ക്...

75

## ഡോ. ജോസഫ് മാർ ബർന്നബാസ്
### സഫ്രഗൻ മെത്രാപ്പോലീത്താ

ദൈവകൃപയുടെ തണലിൽ പൗരോഹിത്യ ശുശ്രൂഷയിൽ അരനൂറ്റാണ്ടിന്റെ ധന്യതയിലേക്കും
ജീവിതയാത്രയിൽ 75 സംവത്സരങ്ങളുടെ നിറവിലേക്കും പ്രവേശിക്കുന്ന അഭിവന്ദ്യ തിരുമേനിക്ക്
ഭദ്രാസന മക്കളുടെ പ്രാർത്ഥനാശംസകൾ...



# ഭദ്രാസന സെക്രട്ടറിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഈ വർഷം വേനലിന്റെ വറുതിയുടെയും കാലവർഷത്തിന്റെ ദുരിതങ്ങളുടെയും തീവ്രതയ്ക്ക് കാഠിന്യം കുറവായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. എങ്കിലും യുദ്ധങ്ങളുടെ വാർത്തകളും ചിത്രങ്ങളും നമ്മെ വളരെ അസ്വസ്ഥതപ്പെടുത്തികൊണ്ടിരിക്കയാണ്. ഇന്ത്യ-പാക്കിസ്ഥാൻ, യിസ്രായേൽ-പാലസ്തീൻ, യിസ്രായേൽ- അമേരിക്ക- ഇറാൻ, റഷ്യ-ഉക്രയിൻ യുദ്ധങ്ങൾ സൃഷ്ടിക്കുന്ന അരാജകത്വവും അസമാധാനവും അനന്തമായി നീളുകയാണ്. ലോകത്ത് ശാന്തിയും സമാധാനവും ആഗ്രഹിക്കുന്ന മുഴുവൻ ജനങ്ങളും യുദ്ധം എന്ന മഹാവിനാശത്തിന് പരിഹാരം ഉണ്ടാകാൻ പ്രാർത്ഥിക്കണം.

പുതിയ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദം അവസാനിച്ചിരിക്കുന്നു. നമ്മുടെ ഭദ്രാസനത്തിലെ ഇടവകകൾ വാർഷിക പൊതുയോഗം നടത്തി പ്രവർത്തന വൃത്താന്തവും കണക്കുകളും അംഗീകരിച്ചു ഭദ്രാസനത്തിനു സമർപ്പിച്ചതിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു. എല്ലാ ഇടവകകളുടെ പ്രവർത്തനങ്ങൾ കൂടുതൽ അനുഗ്രഹകരമാകണമെന്ന് പ്രാർത്ഥിക്കുന്നു.

ദൈവകൃപയാൽ മൈലപ്ര പ്രതീക്ഷാ ഭവനോടു ചേർന്ന് പ്രകൃതിരമണീയമായ സ്ഥലത്ത് ഏകദേശം 4 ഏക്കർ ഭൂമിയും അതിനോടു ചേർന്നുള്ള ചാപ്പലും അനുബന്ധ കെട്ടിടങ്ങളും വാങ്ങുവാൻ സാധിച്ചു. സന്യാസ സാന്നിധ്യമുള്ള മെഡിറ്റേഷൻ സെന്ററും പ്രതീക്ഷാ ഭവന്റെ വിപുലീകരണവുമാണ് ഇവിടെ ആഗ്രഹിക്കുന്നത്. ഭദ്രാസന അസംബ്ലിയുടെയും കൗൺസിലിന്റെയും തീരുമാനത്തോടെ പദ്ധതിയ്ക്ക് രൂപരേഖ തയ്യാറാക്കും.

കലഹണ്ടി മിഷൻ പ്രവർത്തനങ്ങൾ വളരെ വളരെ അനുഗ്രഹകരമായി മുന്നേറുന്നു. 8 ചാപ്പലുകളുടെ പുനർനിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുന്നു. കീക്കൊഴൂർ മാർത്തോമ്മാ ഇടവക മിഷൻ പാടലി വില്ലേജ് ചാപ്പലും, ലിവർപൂൾ മാർത്തോമ്മാ ഇടവക മിഷൻ പൊക്കാരി വില്ലേജ് ചാപ്പലും, ബാംഗ്ലൂർ സിറ്റി (പ്രിംപ്രോസ് റോഡ്) മാർത്തോമ്മാ ചർച്ച്, യങ്ങ് ഫാമിലി ഫെലോഷിപ്പ് നാപ്പടുലു വില്ലേജ് ചാപ്പലും, സിലിക്കൺ വാലി മാർത്തോമ്മാ ചർച്ച് ബാലി ബാജു വില്ലേജ് ചാപ്പലും, മാർത്തോമ്മാ യൂത്ത് സെന്റർ ദുബായ് രൂബറ്റ് വില്ലേജ് ചാപ്പലും, അബുദാബി മാർത്തോമ്മാ ചർച്ച് ഡംഗാബ വില്ലേജ് ചാപ്പലും ദുബായ് പാരിഷ് മിഷൻ ജൂഡാബന്ധ് വില്ലേജ് ചാപ്പലും വിവിധ ഇടവകകളിൽ നിന്നുള്ള മിഷൻ സ്നേഹിതർ ഒത്തുചേർന്ന് ലൂബൻഗഡ് വില്ലേജ് ചാപ്പലും നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകി. ഇതിനു പുറമെ മിഷന്റെ ആവശ്യത്തിനായി അമേരിക്കയിലെ ഡാളസ് ഇടവക ഒരു പുതിയ വാഹനവും വാങ്ങി നൽകി. ഏവരോടും നന്ദി അറിയിക്കുന്നു. കലഹണ്ടി മാർത്തോമ്മാ സ്കൂൾ പ്രവർത്തനങ്ങൾ വിജയകരമായി നടക്കുന്നു. ഇപ്പോൾ അവിടെ 331 വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

നമ്മുടെ ഭദ്രാസന അസംബ്ലി ജൂലൈ 12-ന് മാർ അത്താനാസിയോസ് കൺവൻഷൻ സെന്ററിലെ മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ വെച്ച് അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ നടക്കും. അനുഗ്രഹത്തിനായി പ്രാർത്ഥിക്കണം. മേഖലാ വൈദീക സമ്മേളനങ്ങൾ ജൂലൈ 8, 15, 29 തീയതികളിൽ വിവിധ പള്ളികളിൽ വച്ചു നടക്കും. 'നിഖ്യാ സുഹദോസും വിശ്വാസ പ്രമാണവും' എന്നതാണ് പഠനവിഷയം. ജൂലൈ 5 ന് അത്മായ ശുശ്രൂഷകരുടെ സമ്മേളനവും ജൂലൈ 6 ന് ട്രസ്റ്റിമാർ, വൈദികർ എന്നിവരുടെ സമ്മേളനവും ക്രമീകരിച്ചിരിക്കുന്നു.

തിന്മകൾ പെരുകുന്ന ഈ ലോകത്ത് നന്മയുടെ നിറവ് ഉള്ളവരായി ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായോടു ചേർന്ന് നിന്ന് ദൈവരാജ്യ ദൗത്യത്തിൽ പങ്കാളികളാകാൻ ഏവരും ഉത്സാഹിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**റവ.തോമസ് കോശി പനച്ചമൂട്ടിൽ**
ഭദ്രാസന സെക്രട്ടറി

മുഖമൊഴി



**ഏബ്രഹാം വർഗീസ്**
കശീശ്ശാ

# വിശ്വാസത്തിൽ ഉറയ്ക്കുക

നമ്മുടെ കർത്താവ് പഠിപ്പിച്ചതും ശ്ലീഹന്മാർ പ്രസംഗിച്ചതും ആദിമ സഭാപിതാക്കന്മാർ പറഞ്ഞുറപ്പിച്ചതുമായ വിശ്വാസമാണ് സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസം. മലങ്കര മാർത്തോമ്മാ സുറിയാനി സഭ സ്തുതിചൊവ്വാക്കപ്പെട്ട സത്യവിശ്വാസത്തിലുറച്ചുനിൽക്കുന്ന സഭയാണ്. ഈ തിരുസഭ സ്ഥിരമാം പാറമേൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. വിശ്വാസ സമൂഹം വേദവിപരീതക്കാർ മുഖാന്തിരമുള്ള ഇടർച്ചകളിൽ വീണുപോകുമ്പോഴാണ് ശുചീകരണം അഥവാ നവീകരണം ആവശ്യമാകുന്നത്. സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന സഭയ്ക്കല്ല വിശ്വാസത്തിൽനിന്ന് വഴുതിപ്പോകുന്ന സഭാമക്കൾക്കാണ് നവീകരണത്തിന്റെ ആവശ്യം. മലങ്കരയിലെ നവീകരണ പരിശ്രമങ്ങളുടെ വിവിധ തലങ്ങൾ ഈ ലക്കം ഭദ്രാസന ധ്വനി ചർച്ച ചെയ്യുന്നു.

റാന്നി – നിലയ്ക്കൽ ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ ഭദ്രാസന ധ്വനി ഉള്ളടക്കത്തിലും കാഴ്ചയിലും കൂടുതൽ മിഴിവോടെ ഈ ലക്കം മുതൽ വായനക്കാരിലേക്ക് എത്തുകയാണ്.



മലങ്കരയിൽ വിശ്വാസവിത്തുപാകിയ മാർത്തോമ്മാ ശ്ലീഹായുടെ ജീവിതവും ദേശീയതയുടെ രൂപപ്പെടലിൽ മാർത്തോമ്മാ സഭയുടെ പങ്കാളിത്തവും നവീകരണദിനമാചരിക്കുന്ന ദിനങ്ങളിലെ ചിന്തയ്ക്കും പഠനത്തിനുമായി വിഷയീഭവിപ്പിച്ചിരിക്കുന്നു.മണ്ണിനോടും പ്രകൃതിയോടും ഏറ്റവും ചെറിയവരോടുപോലും ആദരവ് കാട്ടി താൻ ചവിട്ടിയ മണ്ണിനെ പുണ്യഭൂമിയാക്കിയ ഭാഗ്യസ്മരണാർഹനായ വലിയ ഇടയൻ ഫ്രാൻസിസ് മാർപ്പാപ്പയ്ക്കുള്ള ഹൃദയാഞ്ജലിയും ആകാശത്തോളം പ്രതീക്ഷയോടെ ലോകം നോക്കുന്ന ലിയോ XIV മാർപ്പാപ്പയും ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവയും നമ്മുടെ ലോകത്തിലെ അറിയേണ്ടവരാണ്. വേദപഠനവും കുഞ്ഞെഴുതും യുവലോകവും സമകാലീകവും പുസ്തക പരിചയവും ഭദ്രാസന ചരിത്രവും എല്ലാം ഹൃദ്യമായ വായനാനുഭവം നൽകുമെന്നാശിക്കുന്നു.

**മലങ്കരയിൽ വിശ്വാസവിത്തുപാകിയ മാർത്തോമ്മാ ശ്ലീഹായുടെ ജീവിതവും ദേശീയതയുടെ രൂപപ്പെടലിൽ മാർത്തോമ്മാ സഭയുടെ പങ്കാളിത്തവും നവീകരണ ദിനമാചരിക്കുന്ന ദിനങ്ങളിലെ ചിന്തക്കും പഠനത്തിനുമായി വിഷയീഭവിപ്പിച്ചിരിക്കുന്നു.**

കഴിഞ്ഞ വർഷങ്ങളിൽ ഭദ്രാസന ധ്വനിക്ക് നിറവും ജീവനും നൽകിയ ദിവ്യശ്രീ. തോമസ് പി.കോശി അച്ചനോടുള്ള നന്ദി നിസ്സീമമാണ്. വിനയാന്വിതനായി ഭദ്രാസന ധ്വനിയുടെ ചീഫ് എഡിറ്റർ എന്ന പുതിയ നിയോഗം ഞാൻ ഏല്ക്കുന്നു. പ്രിയ വായനക്കാരുടെ പ്രാർത്ഥനയും പിന്തുണയും യാചിക്കുന്നു.

മനനം

# ദശാംശം: വേദപുസ്തക അടിസ്ഥാനത്തിൽ



// റവ. സന്തോഷ് ജോസഫ്



ദശാംശം എന്നാൽ പത്തിൽ ഒരു അംശം എന്നാണ് അർത്ഥം. ദശാംശം നൽകുന്ന രീതി മോശയുടെ ന്യായപ്രമാണത്തോടു കൂടി പുതുതായി ഉൽഭവിച്ചതല്ല. ദശാംശം നൽകുന്ന ആചാരം പുരാതന ലോകത്തിലെ പല ജനതകളിലും നിലനിന്നിരുന്ന ഒരു ആചാരമായിരുന്നു. ദശാംശം സ്വമനസ്സാലെയും, സന്തോഷത്തോടെയും കൊടുക്കുന്ന മനുഷ്യരുടെ നൻമയുടെ ഭാഗമായിരുന്നു. ദശാംശം ഗണിതശാസ്ത്രപരമായ ഒരു തത്വം എന്നതിലുപരി ഒരു ആശയമായിരുന്നതിനാൽ അത് പത്തിൽ ഒന്നിൽ (ദശാംശത്തിൽ) കൂടുതൽ ആകാമായിരുന്നു.

വേദപുസ്തകത്തിൽ ദശാംശം നൽകിയതിനെപ്പറ്റി ആദ്യമായി പ്രതിപാദിക്കുന്നത് ഉല്പത്തി പുസ്തകം 14 -ാം അദ്ധ്യായത്തിലാണ്. നാല് രാജക്കന്മാർ ഒരുമിച്ച് ചേർന്ന് സോദോം, ഗൊമോറാ എന്നി പട്ടണങ്ങളെ ആക്രമിച്ച് അവരുടെ വസ്തു വകകളെ കൊള്ള ചെയ്ത് അബ്രഹാമിന്റെ സഹോദര പുത്രനായ ലോത്തിനെ പിടിച്ചു കൊണ്ടു പോയി. ഈ വിവരം അറിഞ്ഞ അബ്രഹാം തന്റെ ദാസൻമാരുമായി പുറപ്പെട്ടുപോയി ശത്രുക്കളെ തോൽപ്പിച്ചു മടങ്ങി വരുമ്പോൾ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്ന ശാലേം രാജാവായ മൽക്കീസേദെക്ക് അപ്പവും വീഞ്ഞുമായി അബ്രഹാമിനെ എതിരേറ്റു ചെന്നു അവനെ അനുഗ്രഹിച്ചു. മൽക്കിസേദെക്കിന് അബ്രഹാം സകലത്തിലും ദശാംശം കൊടുത്തു (ഉല്പ. 14: 19, 20, എബ്രാ.7:1 –10). അത്യുന്നതനായ ദൈവത്തോടുള്ള ആരാധനയുടെയും, സ്തോത്രത്തിന്റെയും ഭാഗമായിട്ടാണ് അബ്രഹാം ദശാംശം നൽകിയത്. മൽക്കിസേദേക്കിന് ദശാംശം നൽകിയതിലൂടെ അദേഹം തന്നെക്കാൾ ശ്രേഷ്ഠനെന്ന് അബ്രഹാം ഏറ്റുപറയുകയാണ് (എബ്രാ.6:20). അബ്രഹാം ദശാംശം നൽകിയത് സ്വമേധയായും പരപ്രേരണ കൂടാതെയുമായിരുന്നു. അബ്രഹാമിനെ കൂടാതെ മോശെയുടെ ന്യായപ്രമാണത്തിനു മുമ്പു തന്നെ യാക്കോബ് തനിക്ക് ലഭിക്കുന്നസകലത്തിൽ നിന്നും ദൈവത്തിനു ദശാംശം നൽകാം എന്ന് വാഗ്ദാനം ചെയ്തിരുന്നു. (ഉല്പ. 28:22).

ന്യായപ്രമാണത്തിൽ ദശാംശം നൽകുന്നതിനെ പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. (ലേവ്യ. 27:30–22) ദേശത്തിന്റെ ദശാംശത്തിൽ നിലത്തിലെ വിത്തും, വൃക്ഷത്തിന്റെ ഫലവും ഉൾപ്പെടും. കൂടാതെ യിസ്രായേല്യരുടെ കന്നുകാലികളുടെയും, ആട്ടിൻകൂട്ടങ്ങളുടെയും ഓരോ പത്താമത്തെ മൃഗത്തെയും യഹോവയ്ക്കായി വേർതിരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. യിസ്രായേൽ ജനം ലേവ്യർക്ക് ദശാംശം നൽകണമെന്ന് (സംഖ്യ. 18: 21–32) ലേവ്യർക്ക് യിസ്രായേലിലെ മറ്റ് ഗോത്രങ്ങളെ പോലെ ഭൂമിയുടെ അവകാശം ലഭിച്ചില്ല. ലേവ്യർ തങ്ങൾക്ക് ലഭിച്ച ദശാംശത്തിന്റെ

പത്തിലൊന്നു യഹോവയ്ക്കായി വേർതിരിക്കുകയും, അത് പുരോഹിതനായ അഹരോനു നൽകുകയും ചെയ്യേണം (സംഖ്യ, 18:26–38, ആവർ.12:5–7, 11–12, 17–18, 26:12–15).

1. ആരാധനയ്ക്കായി തെരഞ്ഞെടുത്ത സ്ഥലത്ത് ദശാംശങ്ങൾ, യാഗങ്ങൾ, ഉദർച്ചാർപ്പണങ്ങൾ എന്നിവ കൊണ്ടു ചെല്ലേണം. മക്കളും, ഭൃത്യരും, ലേവ്യരും ഒരുമിച്ചു ഉത്സവപൂർവ്വം അവ ഭക്ഷിക്കേണം.
2. നിലത്തിലെ വിളവിന്റെ ദശാംശം വർഷം തോറും, ആടുമാടുകളുടെ കടിഞ്ഞൂലുകളോടൊപ്പം പട്ടണത്തിൽ വെച്ച് അഥവാ ജെറുശലേമിൽ വെച്ച് ഭക്ഷിക്കേണ്ടതാണ്.
3. ദൂരസ്ഥർ ഉല്പന്നങ്ങളെ പണമാക്കി നിയമിക്കപ്പെട്ട സ്ഥലത്ത് കൊണ്ടുവന്ന് ഭക്ഷണ പദാർത്ഥങ്ങൾ വാങ്ങി ഉത്സവം ആഘോഷിക്കാം. ഇതിൽ ലേവ്യനെ ഉൾപ്പെടുത്തേണ്ടതുമാണ്.
4. മൂന്നാം വർഷത്തിന്റെ അവസാനം ആ വർഷത്തെ ദശാംശം മുഴുവൻ ശേഖരിച്ച് പട്ടണത്തിൽ വെച്ച് ഉൽസവം ആചരിക്കേണം. അതു പരദേശിയും അനാഥനും, വിധവയും, ലേവ്യനുംപങ്കിട്ടനുഭവിക്കണം. ദശാംശം എടുക്കുന്ന കാലമായ മൂന്നാം വർഷത്തിൽ ദശാംശം എടുത്ത് ലേവ്യനും, പരദേശിയും, അനാഥനും, വിധവയും പട്ടണത്തിൽ വെച്ച് ഭക്ഷിച്ച് തൃപ്തരാകേണ്ടതിനു കൊടുത്തു തീർത്തശേഷം ദൈവ കല്പന നിറവേറ്റാൻ കഴിയുന്നിടത്തോളം ശ്രമിച്ചു എന്നു ഓരോ യിസ്രായേല്യനും ഏറ്റുപറയണം (ആവ. 26:12–15).

ദശാംശം കൃതജ്ഞതാ അർപ്പണമായും ആലംബരെ കരുതുന്നതിനായും സാമൂഹിക നീതി ഉറപ്പാക്കുന്നതിനായും ഇസ്രയേൽ മക്കൾ ആചരിച്ചുപോന്നു.

രാജാക്കന്മാരുടെ കാലത്ത് ദശാംശം നൽകുന്നത്, മറ്റ് കല്പനകളൊടൊപ്പം യിസ്രായേൽ രാജാക്കന്മാർ അവഗണിച്ചപ്പോൾ, ഹിസ്ക്കിയാ രാജാവ് ദശാംശം ശേഖരിക്കുന്നതിനുഫലപ്രദമായ നടപടികൾ സ്വീകരിച്ചു. പ്രവാസാനന്തരം നെഹെമ്യാവും ദശാംശം സംഭരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. മലാഖി പ്രവചനത്തിൽ ദശാംശങ്ങളും, വഴിപാടുകളും അർപ്പിക്കാതിരിക്കുന്നത് ദൈവത്തെ കൊള്ളയിടുന്നതിന് തുല്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹം ലഭിക്കുന്നതിനായി ദശാംശം മുഴുവൻ ഭണ്ഡാരത്തിലേക്ക് കൊണ്ടുവരുവാൻ യിസ്രയേൽ ജനത്തെ ഉദ്ബോധിപ്പിച്ചു. (മലാഖി 3:8 –12, 1 ദിന. 29: 11–14)

പഴയ നിയമത്തിൽ ദശാംശം നൽകുന്നതിന്റെ ഉദ്ദേശ്യം ലേവ്യരുടെയും പരദേശികളുടെയും അനാഥരുടെയും. വിധവകളുടെയും ഭൗതിക ആവശ്യങ്ങൾ നിറവേറ്റുക എന്നതായിരുന്നു. (ആവ. 26 : 12 , 13) ദൈവത്തോടുള്ള നന്ദിയുടെ പ്രകടനമായിരുന്നു ദശാംശം. ഭൂമിയിലുള്ള എല്ലാറ്റിന്റെയും ഉടമസ്ഥാവകാശം ദൈവത്തിനാണെന്ന് അംഗീകരികുക എന്നതായിരുന്നു ഇതിന്റെ അടിസ്ഥാനം.

പുതിയ നിയമത്തിൽ ദശാംശം എന്ന പദം എട്ട് പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. (മത്തായി 23:23, ലൂക്കോസ് 11:42, 18:12, എബ്രായർ 7:2, 4,5, 6,9) എന്നാൽ ദശാംശം നൽകുന്നതിനെക്കുറിച്ച് അധികം പരാമർശങ്ങളില്ല, കാരണം ദശാംശം നൽകുന്നത് എന്തിനാണെന്നും, അത് എപ്രകാരം നൽകണമെന്നും പുതിയ നിയമ വിശ്വാസ സമൂഹത്തിനു സുഗ്രാഹ്യമായിരുന്നു. അത് അവരുടെ സംസ്കാരത്തിന്റെ ഭാഗമായി തീർന്നതാണ്. ഔദാര്യ ദാനത്തിനു പുതിയ നിയമം കുടുതൽ ഊന്നൽ നല്കുന്നു. ദൈവജനം ഭൗതിക സ്വത്തുക്കൾ ദരിദ്രരുമായി പങ്കിടുന്നതിലും, ക്രിസ്തീയ ശുശ്രൂഷയുടെ പിന്തുണയ്ക്കും ഉദാരമതികളായിരിക്കണം. ദാനം ചെയുന്നതിൽ ക്രിസ്തു തന്നെയാണ് നമ്മുടെ മാതൃക. ദൈവത്തോടുള്ള നമ്മുടെ ഉത്തരവാദിത്വത്തിന്റെ വെളിച്ചത്തിൽ സ്വമേധയാ, സന്തോഷത്തോടെ നൽകേണ്ട ഒന്നാണിത്. നമ്മുടെ വരുമാനത്തിന്റെ ദശാംശത്തിൽ മാത്രം ഒതുങ്ങാതെ നമ്മുക്കുള്ളതെല്ലാം ദൈവത്തിൽ നിന്നുള്ളതാണെന്ന് തിരിച്ചറിഞ്ഞ് നമ്മുടെ വിഭവങ്ങളുടെ വിശ്വസ്ത ഗൃഹവിചാരകന്മാരായിരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. (റോമ.14:12, 1 കൊരി. 9: 3–14, 16: 1–3, 2 കൊരി. 8–9)

യേശു ക്രിസ്തു ദശാംശം നൽകുന്നതിനെ ദൃഡീകരിക്കുകയാണ് (മത്താ. 23 : 23, ലൂക്കോ.11:42). ന്യായപ്രമാണ ഉപദേശ പ്രകാരം ദശാംശം നൽകുകയും നീതി, ന്യായം, കരുണ, വിശ്വസ്തത ഇവ ത്യജിച്ച് കളയുകയുമരുത് എന്ന് യേശു പഠിപ്പിച്ചു. എബ്രായലേഖനകർത്താവ് (7–ാം അദ്ധ്യായം)മൽക്കീസേദെക്ക്, ലേവ്യർ, ക്രിസ്തു എന്നിവർ തമ്മിലുള്ള ബന്ധത്തിൽ ദശാംശത്തിന്റെ പങ്ക് വിശദികരിക്കുന്നുണ്ട്. പൗലോസ് അപ്പോസ്തോലൻ പ്രബോധിപ്പിക്കുന്നത് ഇപ്രകാരമാണ് 'അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്, നിർബ്ബന്ധത്താലുമരുത്, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കും'. (2 കൊരി. 9:7). 'വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരി കൊടുക്കേണം'. (ഗലാ. 6:6) ശുശ്രൂഷകന്മാരുടെ ആവശ്യങ്ങളിൽ പൊതുവായ ഒരു പങ്കാളിത്തം പൗലോസ് ആവശ്യപ്പെടുകയാണ്. എല്ലാറ്റിന്റെയും ഉടമസ്ഥാവകാശം ദൈവത്തിനാണെന്ന ബോധ്യത്തിൽ സന്തോഷത്തോടെ ദൈവിക ശുശ്രൂഷയ്ക്കും, മറ്റുള്ളവരുടെ ആവശ്യങ്ങളിലും നമുക്ക് പങ്കുകാരാകാം.



// പ്രൊഫ. ഡോ. ജോർജ് കെ. അലക്സ്

# വെറുപ്പ്

വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വഴികൾക്ക് മാനവചരിത്രത്തോളം തന്നെ പഴക്കമുണ്ട്. വെറുപ്പ് ഭരണകൂടങ്ങൾക്കിടയിലും സാമുദായിക ബന്ധങ്ങളിലും മതങ്ങൾക്കിടയിലും വർദ്ധിച്ചുവരുന്നു. അതിന്റെ വേരുതേടുന്നവർക്ക് 'ബാബേൽ' ഒരു പ്രതീകവും ദിശാസൂചിയുമായി മാറുന്നതുകാണാം.

'ഗ്രേറ്റർ അമേരിക്ക' എന്ന ഡൊണാൾഡ് ട്രംപിന്റെ മുദ്രാവാക്യം ലോക ചരിത്രത്തിൽ വെറുപ്പിന്റെയും താൻപോരിമയുടെയും ഒരു പുതിയ ബാബേലിനെ സൃഷ്ടിക്കുകയാണ്. രണ്ട് ലോകയുദ്ധങ്ങൾ ഏല്പിച്ച ആഘാതങ്ങൾ മനുഷ്യരാശി പൂർണമായും മറന്നു കഴിഞ്ഞിട്ടില്ല. ഒരു ആണവദുരന്തത്തിന്റെ ചാമ്പൽ കൂനയിൽനിന്നും ഉണർന്നെഴുന്നേറ്റ ജപ്പാൻ ലോകമെമ്പാടും ആണവവിപത്തിനെതിരെ വലിയ കാമ്പയിനുകളാണ് നടത്തിയത്. ചെർണോബിൽ ആണവനിലയം സോവിയറ്റ് യൂണിയന് ഏല്പിച്ച പ്രഹരം ചെറുതല്ല. ഈ നൂറ്റാണ്ടിൽ തന്നെയാണ് ഒരു പാരിസ്ഥിതിക ദുരന്തത്തെ തുടർന്ന് ഫുക്കുഷിമ ആണവനിലയത്തിൽ ചോർച്ച കണ്ടെത്തിയത്. ഇപ്പോൾ ലോകം മറ്റൊരു ആണവ യുദ്ധത്തിന്റെ മുനമ്പിലേക്ക് എത്തിനിൽക്കുന്നു.

1945നു ശേഷമാണ് ലോകം രണ്ട് ശാക്തിക ചേരികളായി വിഭജിതമായത്. 1990ൽ സോവിയറ്റ് യൂണിയന്റെ തകർച്ചയെ തുടർന്ന് ഒരു നവലോക ക്രമമെന്നോ മൾട്ടിപോളാർ വേൾഡ് എന്നോ വിശേഷിപ്പിക്കാവുന്ന ഒന്നിലേക്ക് മാനവ ചരിത്രം കടന്നു. ഈ മാറ്റത്തെ വിശകലനം ചെയ്തുകൊണ്ടാണ് സാമുവേൽ പി. ഹണ്ടിംങ്ടൺ നാഗരികതകളുടെ സംഘർഷം (The Clash of Civilizations and the Remaking of World Order) എന്ന കൃതി രചിക്കുന്നത്. 1996 ലാണ് ഹണ്ടിങ്ടണിന്റെ രചന പുറത്തുവരുന്നത്. ഭാവിയിൽ വരാൻ പോകുന്ന യുദ്ധങ്ങൾ അതിർത്തി രാഷ്ട്രങ്ങളുടേതായിരിക്കില്ല (Teritorial States) മറിച്ച് പൌരാണിക നാഗരികതകളുടെയും; മതസാംസ്കരിക സ്വത്വങ്ങളെ അടിസ്ഥാനമാക്കിയും ആയിരിക്കും എന്ന നിരീക്ഷണം അദ്ദേഹം മുന്നോട്ടുവച്ചു. ഇതേ കാലഘട്ടത്തിൽ തന്നെയാണ് ന്യൂപൊളിറ്റിക്സ് എന്ന ശ്രേണിയിൽ സ്വത്വരാഷ്ട്രീയത്തിന് പ്രാദേശിക തലത്തിൽ കരുത്തുനേടാനായത്. മതമൌലികവാദം വ്യാപകമായതോടെ സാമൂഹിക ധ്രുവീകരണവും വെറുപ്പിന്റെ ശാക്തീകരണവും ഉണ്ടായി എന്നത് കാണാതിരുന്നുകൂടാ.

ശീതയുദ്ധാനന്തര ലോകത്ത് പ്രതിവർഷം 12 യുദ്ധങ്ങൾ (ചെറുതും വലുതും) ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ടായി. ഏകദേശം മുന്നൂറോളം യുദ്ധങ്ങൾക്കാണ് കഴിഞ്ഞ 35 വർഷങ്ങൾ സാക്ഷ്യം വഹിച്ചത്. ഇതിൽ സാംസ്കരിക തനിമാവാദവും,മത ദേശീയതയും, ദേശീയ സ്വത്വനിർവചനവും, വംശീയ-തനിമാവാദവും ചെലുത്തിയിട്ടുള്ള സ്വാധീനം വളരെ വലുതാണ്. ബഹുസ്വര സാംസ്കാരികതയുടെ പ്രാധാന്യം തിരിച്ചറിയാതെ സങ്കുചിതമായ തനിമാവാദങ്ങളെ മുറുകെ പിടിക്കുക എന്നതായിരുന്നു ഈ യുദ്ധങ്ങളിൽ പലതിന്റെയും സ്വഭാവ സവിശേഷത. രാഷ്ട്രത്തിന്റെ അതിരുകൾ വർത്തമാനകാല യുദ്ധങ്ങളിൽ അപ്രസക്തമാണ്. അതിരുകളുടെ വ്യാപനമോ അതിരുകളിലെ സംഘർഷമോ ആയിരുന്നില്ല ഈ കാലഘട്ടത്തിൽ നാം അഭിമുഖീകരിച്ചത്. ടെലിഫോൺ ബൂത്തുകൾ, കഫറ്റേരിയകൾ, തിയേറ്ററുകൾ, റെയിൽവേ പ്ലാറ്റ്ഫോമുകൾ തുടങ്ങി സാധാരണ പൌരന്മാർ ഒത്തുകൂടുന്ന ഇടങ്ങളെല്ലാം യുദ്ധക്കളങ്ങളായിമാറി. ഈ യുദ്ധതന്ത്രത്തിന്റെ സമഗ്രമായ ആവിഷ്ക്കാരമായിരുന്നു പേജർ സ്ഫോടനങ്ങൾ. സാധാരണ പൌരസഞ്ചയത്തെ നിരന്തരം നിരീക്ഷിക്കുന്നതിനും അവരെ യുദ്ധോപകരണങ്ങളോ, യുദ്ധലക്ഷ്യങ്ങളോ ആക്കിമാറ്റുന്നതിനും ഭരണകൂടത്തിനു കഴിഞ്ഞു. ഈ യുദ്ധങ്ങളെയാണ് നാം ഇന്ന് നവ-യുദ്ധങ്ങൾ (New Wars), മൃദു-യുദ്ധങ്ങൾ (Soft Wars) എന്നെല്ലാം വിശേഷിപ്പിക്കുന്നത്. ഇത്തരം യുദ്ധങ്ങളിൽ ഇരയും വേട്ടക്കാരനുമായി സാധാരണ പൌരന്മാർ മാറുകയും ചെയ്യുന്നു.

പലസ്തീൻ, ഇറാൻ, ഇറാക്ക് തുടങ്ങിയ രാഷ്ട്രങ്ങളെല്ലാം ബഹുസാംസ്കാരിക രാഷ്ട്രങ്ങൾതന്നെയാണ്. അഫ്ഗാനികളെപ്പോലെയും പാക്കിസ്ഥാനികളെപ്പോലെയും ബംഗ്ലാദേശികളെപ്പോലെയും ബഹുസ്വരതയുള്ള സമൂഹമാണ് അറബ് ജനതയും. ഏതെങ്കിലും ഒരു സാംസ്കാരിക സ്വത്വം ഒട്ടുമിക്കരാഷ്ട്രങ്ങളിലും അധീശത്വം പുലർത്താറുണ്ട്. അത്തരം ബഹുസ്വരതകളെ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് റിപ്പബ്ലിക്കുകളുടെ ചുമതല. അഥവാ ജനാധിപത്യ ഭരണകൂടങ്ങൾക്ക് അത്തരമൊരു ബാധ്യതയുണ്ട്. തീവ്രദേശീയ വാദങ്ങളും സ്വത്വതനിമാവാദങ്ങളും തമ്മിലുള്ള സംഘർഷം ഒരു നിത്യയാഥാർത്ഥ്യമായി സാംസ്കാരിക സങ്കലനത്തിന്റെ പുണ്യഭൂമിയായ ഇന്ത്യൻ സമൂഹത്തിൽ പോലും നിലനിൽക്കുന്നു. ആൾക്കൂട്ട കൊലകളുടെയും വംശഹത്യകളുടെയും വാർത്തകൾ നമ്മോട് നിരന്തരം പറയുന്നതും മറ്റൊന്നല്ല.

അപരനെ അറിഞ്ഞ് ആദരിച്ച്, അപരസംസ്കാരങ്ങളുടെ ഉദാത്തതകളെ സ്വാംശീകരിച്ചെടുത്ത പാരമ്പര്യങ്ങളിലാണ് ചരിത്രം മാനവികതയുടെ മഹത്വം ആഘോഷിക്കുന്നത്. സങ്കലനത്തിന്റെ പാത വെട്ടിതെളിക്കാനാണ് ഭരണകർത്താക്കളും, രാഷ്ട്രീയ മത നേതൃത്വങ്ങളും ശ്രദ്ധ ചെലുത്തേണ്ടത്. വെറുപ്പ് ഒരു രാഷ്ട്രീയ ആശയമായി പ്രയോഗിക്കുന്നിടത്തുനിന്നാണ് ഹിംസയുടെ രാഷ്ട്രീയം രൂപം കൊള്ളുന്നത്. അതിന്റെ പ്രകാശനമാണ് യുദ്ധം.

ഡോണാൾഡ് ട്രംപ് 2016ലെ പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പിലുയർത്തിയ മുദ്രാവാക്യമാണ് Make America Great Again. ദേശീയ അഭിമാനത്തിന്റെ മുദ്രാവാക്യമായി ഈ മുദ്രാവാക്യത്തെ നമുക്ക് കാണാനാവില്ല. അത് അമേരിക്കയുടെ അതിവ്യാപന ത്വരയുടെയും അധികാരവ്യാപനത്തിന്റെയും മുദ്രാവാക്യമാണ്. അമേരിക്കയുടെ ഇരുപതാം നൂറ്റാണ്ടിന്റെ രാഷ്ട്രീയം ലോകത്തെ എതിരില്ലാത്ത നേതാവായി ആ രാഷ്ട്രത്തെ അവരോധിക്കുക എന്ന ലക്ഷ്യത്തിലുള്ളതായിരുന്നു. പരമ്പരാഗതമായി യുണൈറ്റഡ് സ്റ്റേറ്റ്സ് തുടർന്നുവന്ന മൺറോ ഡോക്ട്രിൻ ഉപേക്ഷിക്കപ്പെട്ടു. വില്യം ജെ. ഡോണോവൻ 1948ൽ സി.ഐ. എയ്ക്കു വേണ്ടി തയ്യാറാക്കിയ രഹസ്യരേഖ ലോക രാഷ്ട്രങ്ങളെ എങ്ങനെ കുട്ടിച്ചോറാക്കാം എന്നതിന്റെ മാർഗരേഖ ആയിമാറി. ലോകരാഷ്ട്രീയത്തിൽ അമേരിക്ക ഇടപെട്ടപ്പോഴെല്ലാം അതിന്റെ പിന്നിൽ ഡോണോവന്റെ ആശയവും ലക്ഷ്യവും പ്രകടമായി തന്നെ ഉണ്ടായിരുന്നു. ലാറ്റിൻ അമേരിക്കയിലും ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങളിലും പട്ടാള അട്ടിമറികളിലൂടെ അത് ഭരണകൂടങ്ങളെ നിഷ്ക്കാസിതമാക്കി. 2020ൽ ട്രംപ് പറഞ്ഞത് Keep America Greater എന്നായിരുന്നു. വീണ്ടും 2024ൽ Make America Great Again എന്ന മുദ്രാവാക്യം അവതരിപ്പിച്ചുകൊണ്ട് ലോകത്തെ വീണ്ടും അരക്ഷിതമായ ഭാവിയിലേക്ക് തള്ളുന്ന കാഴ്ച്ചകൂടിയാണ് നാം കാണുന്നത്.

ക്ലബ് ഓഫ് ഫോറിന്റെ (അമേരിക്ക, റഷ്യ, ബ്രിട്ടൺ, ഫ്രാൻസ്) ആണവകോയ്മക്കെതിരെ ഉയരുന്ന എല്ലാ നീക്കങ്ങളും അമേരിക്ക ശക്തിയുക്തം എതിർക്കും എന്നതിന്റെ നേർക്കാഴ്ച്ച തന്നെയാണ് ഇന്ത്യയിൽ നിന്ന് (പൊഖറാൻ 1, 1974, പൊഖറാൻ 2, 1998) ഇറാൻ വരെ നീളുന്ന അമേരിക്കൻ ഇടപെടലുകളുടെ ചരിത്രം. പുതിയ ബാബേലിന്റെ ഉദയവും കലങ്ങിയ മനുഷ്യരാശിയുടെ ചരിത്രവുമായി Make America Great Again എന്ന മുദ്രാവാക്യം മാറുകയാണോ. ബാബേൽ എന്ന വാക്കിന്റെ സുമേരിയൻ ഭാഷയിലെ അർത്ഥം Gate of God എന്നായിരുന്നു. ഹീബ്രു ഭാഷയിൽ കലക്കം/കുഴപ്പം എന്നും. ഉന്നതമാകാനുള്ള മനുഷ്യവ്യഗ്രത ദൈവത്തിന്റെ കവാടങ്ങളെ കലഹത്തിന്റെ ഇടനാഴികളാക്കുന്ന ചരിത്രമാണ് നാം ഇന്നു കാണുന്നത്.

# തോമസ് അപ്പൊസ്തലൻ: വിശ്വാസപാതയിലെ അന്വേഷണങ്ങളും ചോദ്യങ്ങളും



// റവ. വിനോയ് ദാനിയേൽ



ശിഷ്യന്മാരിൽ പലരുടെയും ജീവിതങ്ങൾ തിരുവചനത്തിന്റെ താളുകളിൽ വിരളമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. വിശുദ്ധ തോമസ് അപ്പൊസ്തലന്റെ ജീവിതരേഖ സമവീക്ഷണ സുവിശേഷങ്ങളിൽ വളരെ കുറച്ച് മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. ഒരുപക്ഷേ ശിഷ്യന്മാരുടെ പേര് വിവരങ്ങൾ നൽകുന്ന കൂട്ടത്തിൽ മാത്രം പ്രസ്താവിച്ചു പോകുന്ന ഒരു വ്യക്തിയായി സമവീക്ഷണ സുവിശേഷത്തിൽ അദ്ദേഹം ശേഷിക്കുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷം തോമസ് അപ്പൊസ്തലന്റെ മരണശേഷം എഴുതിയതാണ് എന്ന കാര്യത്തിൽ തർക്കമില്ല. ശിഷ്യന്മാരുടെ ഗണത്തിൽ ഏറ്റവും വിദൂരമായ സ്ഥലത്തേക്ക് തന്റെ ഗുരുവിന്റെ ദൗത്യവുമായി പോയത് ഒരു പക്ഷേ തോമസ് അപ്പൊസ്തലൻ മാത്രം ആയിരിക്കാം. ഏതു തീരത്തു നിന്നാണ് അദ്ദേഹം യാത്ര തുടങ്ങിയതെന്ന് അറിയില്ല. പുറപ്പെട്ട ഇടത്തു തന്നെ തിരികെ വരും എന്ന് യാതൊരു ഉറപ്പുമില്ലാതെ ആണ് അദ്ദേഹം യാത്ര ആരംഭിച്ചത്. പുറപ്പെടുന്ന ദേശത്തോ തീരത്തോ ഇനിയും ഒരിക്കൽ കൂടി തിരികെ എത്താം എന്ന യാതൊരു ഉറപ്പുമില്ലാത്ത യാത്രയാണല്ലോ ശിഷ്യത്വം എന്ന് പറയുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ പ്രധാന ചില ഇടപെടലുകളിൽ കൂടിയാണ് യോഹന്നാൻ തോമസ് അപ്പൊസ്തലനെ നമുക്ക് പരിചയപ്പെടുത്തി തരുന്നത്. നമുക്ക് ഏവർക്കും സുപരിചിതമായ മൂന്ന് ഇടപെടലുകളിൽ കൂടി അപ്പൊസ്തലന്റെ ജീവിതരേഖ അനാവരണം ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്. പൊതുവേ തോമസ് അപ്പൊസ്തലനെ സന്ദേഹി എന്നോ സംശയാലു എന്നോ ശീർഷകത്തിലാണ് അറിയപ്പെടുന്നത്. തോമസ് എന്ന പേരിനെ പോലും സന്ദേഹത്തിന്റെ പ്രതീകമായാണ് ആളുകൾ അവതരിപ്പിക്കുന്നത്.

പക്ഷേ, യോഹന്നാന്റെ സുവിശേഷം നമ്മെ തോമസിന്റെ ശരിയായ സ്വഭാവത്തെ തുറന്നു കാണിക്കുവാൻ സഹായിക്കുന്നു-ശിഷ്യത്വത്തിൽ അന്തർലീനമായിരിക്കേണ്ട ധൈര്യവും, അനിശ്ചിതത്വത്തിലും ആകുലതകളിലും വ്യക്തത തേടുന്ന ആത്മാർത്ഥതയും, വിശ്വാസത്തിന്റെ ആഴങ്ങൾ തേടുന്ന അന്വേഷണവും അടങ്ങിയ ആ അതുല്യ ജീവിതത്തെയാണ് യോഹന്നാൻ അപ്പൊസ്തലൻ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**1. ശിഷ്യത്വത്തിൽ അന്തർലീനമായിരിക്കേണ്ട ധൈര്യം**

“അവനോടുകൂടെ മരിക്കേണ്ടതിനു നാമും പോക”. (യോഹ. 11:16) ലാസറിന്റെ മരണ വാർത്ത ലഭിച്ചതിനു ശേഷം, യേശു യഹൂദയിലേക്കുള്ള യാത്രയ്ക്കു തയ്യാറെടുക്കുന്നു. അതൊരു അപകടഭരിതമായ യാത്രയായിരിക്കുമെന്ന് എല്ലാവർക്കും അറിയാം – നേരത്തെ അവിടെ വച്ചു യേശുവിനെ കൊല്ലാൻ യഹൂദന്മാർ ശ്രമിച്ചിരുന്നു

മറ്റ് ശിഷ്യന്മാർ യേശുവിന്റെ യാത്ര അരുത് എന്നാണ് പറയുന്നത്. "റബ്ബീ, യഹൂദന്മാർ ഇപ്പോൾ തന്നെ നിന്നെ കല്ലെറിയുവാൻ ഭാവിച്ചുവല്ലോ; നീ പിന്നെയും അവിടെ പോകുന്നുവോ എന്ന് ചോദിച്ചു." (11:8) അതിന് യേശു: "പകലിനു പന്ത്രണ്ടുമണി നേരം ഇല്ലയോ? പകൽ സമയത്തു നടക്കുന്നവൻ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നതുകൊണ്ട് ഇടറുന്നില്ല." "രാത്രിയിൽ നടക്കുന്നവനോ അവനു വെളിച്ചം ഇല്ലായ്കകൊണ്ട് ഇടറുന്നു" എന്ന് ഉത്തരം പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൻ:"നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു" (യോഹ. 11: 9 11) സാഹചര്യങ്ങളുടെ അനിവാര്യതയും അന്ധകാര ശക്തികളോട് പോരാടേണ്ടതിന്റെ ആവശ്യകതയും യേശു തന്റെ ശിഷ്യന്മാർക്ക് വ്യക്തമാക്കി കൊടുക്കുന്നുണ്ട്. ലാസറിന്റെ ഉയർത്തെഴുന്നേൽപ്പ് അനിവാര്യമാണ്. ഭയന്ന് മാറിനിൽക്കാൻ കഴിയുന്നതല്ലല്ലോ ഈ യാത്ര. കർത്താവ് തന്റെ യാത്രയിൽ നിന്ന് പിന്മാറുകയില്ല എന്ന് മനസ്സിലാക്കുമ്പോൾ തോമസ് അപ്പൊസ്തലൻ സഹശിഷ്യന്മാരോട് പറയുന്നു. "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" (11:16).

"ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" എന്ന കർത്താവിന്റെ വാക്കുകൾ അപ്പൊസ്തലന്റെ ഓർമ്മയിൽ വന്നു കാണും. (മർക്കോസ് 8: 34) "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്."(മർക്കോസ് 10:45), എന്ന് കർത്താവിന്റെ ശുശ്രൂഷയെ കുറിച്ചുള്ള കാഴ്ചപ്പാട് അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊണ്ട വ്യക്തിയായിരുന്നു തോമസ് അപ്പൊസ്തലൻ. ശിഷ്യത്വത്തിന്റെ അനിവാര്യതയാണ് സഹനവും മരണവും. ശിഷ്യത്വം വിശ്വാസികളോടും ക്രിസ്തുവിനോടും ചേർന്നുള്ള യാത്രയാണ്. ജീവന്റെ സന്തോഷം അനുഭവിക്കുന്നതുപോലെ തന്നെ മരണത്തിലും ഗുരുവിനോട് ഒപ്പം ആയിരിക്കുന്നതാണ് യഥാർത്ഥ ശിഷ്യത്വം എന്ന് അപ്പോസ്തലൻ ഇവിടെ ഓർമ്മിപ്പിക്കുന്നു. വരിക, മരിക്കുക എന്നതിൽ നിന്ന് വ്യത്യസ്തമായി പോവുക അവനോടുകൂടെ മരിക്കുക എന്ന വേറിട്ട വീക്ഷണമാണ് ശിഷ്യത്വത്തിന് തോമസ് നൽകുന്നത്. ഗുരുവിനോടുള്ള സമർപ്പണവും ശിഷ്യത്വത്തിന്റെ അന്തസത്തയെ സഹ ശിഷ്യന്മാർക്ക് ഓർമ്മപ്പെടുത്തി കൊടുക്കുന്നതും മരണ ഭീതിക്കപ്പുറം ഗുരുവിനോട് ചേർന്നുള്ള അനുയാത്രയും ആണ് ഈ വാക്കുകളിൽ നിഴലിച്ചു നിൽക്കുന്നത്. തോമസ് അപ്പൊസ്തലൻ സഹ ശിഷ്യന്മാരോട് പറഞ്ഞ അതേ വാക്ക് തന്നെയാണ് ശിഷ്യന്മാരോട് യേശു അന്ത്യ അത്താഴം കഴിഞ്ഞ് ക്രൂശിനെ അഭിമുഖീകരിക്കാൻ പോകുന്നതിനു മുമ്പ് പറയുന്നത്, "എഴുന്നേൽപ്പിൻ നമുക്ക് പോകാം".

**2. അനിശ്ചിതത്വത്തിലും ആകുലതകളിലും വ്യക്തത തേടുന്ന ആത്മാർത്ഥത**

"കർത്താവേ, നീ എവിടേക്ക് പോകുന്നു എന്ന് ഞങ്ങൾക്കറിയില്ല. പിന്നെ ആ വഴി ഞങ്ങൾ എങ്ങനെ അറിയും?" (യോഹ. 14:4-7)

തോമസ് അപ്പൊസ്തലന്റെ രണ്ടാമത്തെ ഇടപെടലിന്റെ വാക്കുകളാണ് മുൻസൂചിപ്പിച്ചത്. യേശു വിടവാങ്ങൽ സംബന്ധിച്ച വചനങ്ങൾ സംസാരിക്കുന്നു. ശിഷ്യന്മാർ മൗനത്തിലാണ്. വല്ലാതെ ഉള്ളം കലങ്ങിപ്പോയ ശിഷ്യന്മാരോടാണ് യേശു സംസാരിക്കുന്നത്. ഗുരു ശിഷ്യന്മാരുടെ കാല് കഴുകുന്ന രംഗം അന്നുവരെ അവർക്ക് അന്യമായിരുന്നു. യൂദയുടെ അസമയത്തുള്ള ഇറങ്ങിപ്പോക്ക് അവരിൽ പലരിലും അസ്വസ്ഥത സൃഷ്ടിച്ചിരുന്നു. തന്റെ അനിവാര്യമായ യാത്ര മരണത്തിലേക്കാണെന്ന തുറന്നു പറച്ചിൽ അവരെ വല്ലാതെ വേദനിപ്പിച്ചിരുന്നു. മുന്നിൽ നിന്ന് എല്ലാ കാര്യങ്ങളും ക്രമീകരിച്ചിരിക്കുന്ന പത്രോസ് പോലും തന്നെ തള്ളിപ്പറയുമെന്ന യേശുവിന്റെ വാക്കുകൾ പത്രോസിനെ മാത്രമല്ല മറ്റ് ശിഷ്യന്മാരെയും നന്നായി വേദനിപ്പിച്ചിരുന്നു. മരണത്തിന്റെ ഗന്ധം ഉള്ള വഴികളിൽ ഗുരുവിന്റെ നേതൃത്വമില്ലാതെ വഴിയറിയാതെ ഉഴലുന്ന ഒരു സമൂഹമായി തങ്ങൾ മാറിയോ എന്ന് അവർ ചിന്തിച്ചു പോയ നിമിഷങ്ങളിൽ ആണ് തോമസ് ഇടപെടുന്നത്. യേശുവിന്റെ സംഭാഷണം പുരോഗമിക്കുമ്പോൾ യേശു പറയുന്നു. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. ഒന്നും മനസ്സിലാവാതെ നിൽക്കുന്ന ശിഷ്യന്മാരുടെ പ്രതിനിധി എന്ന നിലയിലാണ് തോമസ് അപ്പോസ്തലൻ ഇവിടെ സംസാരിക്കുന്നത്. "കർത്താവേ നീ എവിടെ പോകുന്നുഎന്ന് ഞങ്ങൾ അറിയുന്നില്ല പിന്നെ വഴി എങ്ങനെ അറിയും എന്ന് പറഞ്ഞു." (14:5). ഞങ്ങൾ ആരും തന്നെ വഴി അറിയുന്നില്ല എന്നാണ് ആത്മാർത്ഥമായ പ്രതികരണം. കർത്താവിന്റെ അഭാവത്തിൽ തങ്ങളുടെ മുമ്പിൽ ശേഷിക്കുന്നത് അനിശ്ചിതത്വവും ആശങ്കകളും മാത്രമാണ് എന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെവണ്ണം തോമസ് അപ്പൊസ്തലൻ യേശുവിനോട് പറയുന്നു. ആ നിഷ്കളങ്കമായ ചോദ്യത്തിനുള്ള മറുപടി ആയിട്ടാണ് യേശു സുവിശേഷത്തിന്റെ ഹൃദയത്തെ ലോകത്തിന് വെളിപ്പെടുത്തി കൊടുക്കുന്നത്: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല".(14:6) ഈ ചോദ്യം ഇല്ലായിരുന്നുവെങ്കിൽ ഇത്ര ആഴത്തിലുള്ള മറുപടി ലഭിക്കുകയില്ലായിരുന്നു. ഇത് ഒരു വ്യക്തിയെ അനുഗമിക്കുന്നത് മാത്രമല്ല ഒരു ജീവിത ശൈലി തന്നെയാണ്. ഈ വഴി ജീവനിലേക്കുള്ള വഴിയാണ്. ഇത് സത്യത്തിന്റെ മാർഗ്ഗമാണ്. ഇത് പിതാവിന്റെ അടുക്കൽ എത്താനുള്ള രക്ഷയുടെ വഴിയാണ്. മരണത്തിന്റെ വഴികളിൽ കൂടിയല്ല നാം

യാത്ര ചെയ്യുന്നത് ജീവന്റെ വഴികളിൽ കൂടിയാണ് എന്ന് ഈ വാക്യത്തിൽ കൂടി കർത്താവ് തന്നെ ശിഷ്യന്മാരെ ബോധ്യപ്പെടുത്തുന്നു.

**3. വിശ്വാസത്തിന്റെ ആഴങ്ങൾ തേടുന്ന അന്വേഷണം.**

"എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ" (യോഹ. 20:24-28)

ഉയർത്തെഴുന്നേറ്റ കർത്താവ് തന്റെ ശിഷ്യന്മാർക്കും മഗ്ദലക്കാരത്തി മറിയയ്ക്കും ഒക്കെ പ്രത്യക്ഷനാകുന്ന പ്രത്യക്ഷതയുടെ വിവരണങ്ങൾ വിശുദ്ധ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. കർത്താവ് പ്രത്യക്ഷനാകുമ്പോൾ തോമസ് അപ്പൊസ്തലൻ അവിടെ ഉണ്ടായിരുന്നില്ല. തോമസിന്റെ അഭാവത്തിൽ കർത്താവ് അവർക്ക് പ്രത്യക്ഷനായി പരിശുദ്ധാത്മാവ് എന്ന ദാനം അവർക്ക് നൽകുകയും ചെയ്യുന്നു. ഈ ഏറ്റവും സന്തോഷകരമായ അനുഭവത്തെ ശിഷ്യന്മാർ തോമസിനെ അറിയിക്കുന്നു. എന്നാൽ തോമസിന്റെ മറുപടി ശ്രദ്ധേയമാണ്. "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല" (20: 25) ഇതിനെ ചിലർ 'അവിശ്വാസം' എന്ന് വിളിക്കുന്നു.

പക്ഷേ, ഇത് ആഴത്തിൽ അറിയാനും മനസ്സിലാക്കാനും ഉള്ള ആത്മാർത്ഥമായ ഒരു ആഗ്രഹമാണ്. ഈ ആത്മാർത്ഥമായ അഭിവാഞ്ചയെ കർത്താവ് ആദരിക്കുന്നു. അതുകൊണ്ടാവാം ഏഴു ദിവസങ്ങൾക്ക് ശേഷം വീണ്ടും കർത്താവ് പ്രത്യക്ഷനാകുന്നു. കർത്താവിനെ കണ്ട തോമസ് അപ്പൊസ്തലനോട് കർത്താവ് ആവശ്യപ്പെടുന്നത്; കണ്ട്, അനുഭവിച്ച് അറിയുവാനാണ്. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും ശ്രദ്ധേയമായ വിശ്വാസ പ്രഖ്യാപനം കൊണ്ടാണ് തോമസ് അപ്പൊസ്തലൻ തന്റെ ആത്മാർത്ഥതയെ വെളിപ്പെടുത്തുന്നത്. "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ " (20:28)

സമവീക്ഷണ സുവിശേഷങ്ങളിൽ "നീ ക്രിസ്തു ആകുന്നു" എന്ന് പത്രോസ് അപ്പൊസ്തലൻ പറഞ്ഞതാണ് ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനം ആയി രേഖപ്പെടുത്തി കാണുന്നത്. എന്നാൽ യോഹന്നാൻ അപ്പൊസ്തലൻ താരതമ്യേന അപ്രസക്തരായ വ്യക്തികളെ കൊണ്ട് ക്രിസ്തു ആരാണ് എന്ന് പറയിപ്പിക്കുന്നു. അന്ത്രെയാസ് പത്രോസിനോട് വന്നു പറയുന്നു "ഞങ്ങൾ മശീഹായെ എന്നുവച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു" (1:41). ശമരിയാക്കാരി സ്ത്രീ പറയുന്നത് അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ (4:29). മാർത്ത യേശുവിനോട് പറയുന്നത് , കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു. (11:27) അപ്രസക്തരെന്ന് തോന്നുന്നവരെ കൊണ്ട് ക്രിസ്തുവിന്റെ ആളത്തം വ്യക്തമാക്കുക എന്നത് യോഹന്നാൻ അപ്പൊസ്തലന്റെ ഒരു ശ്രദ്ധേയമായ ചുവടുവെപ്പാണ്. അതിൽ ഏറ്റവും അവസാനം യേശു ദൈവമാണ്, കർത്താവാണ് എന്ന അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വിശ്വാസ പ്രഖ്യാപനം തോമസ് അപ്പൊസ്തലനെ കൊണ്ടാണ് പറയിപ്പിക്കുന്നത്. വിശ്വാസ പടവുകൾ ചവിട്ടി കയറി ഉത്തരോത്തരം പുരോഗമിക്കുന്ന മനോഹരമായ ഒരു സുവിശേഷം ആയി യോഹന്നാന്റെ സുവിശേഷം തീരുന്നത് ഈ വിശ്വാസ പ്രഖ്യാപനത്തിൽ കൂടിയാണ്. ജനിച്ച്, ജീവിച്ച്, കഷ്ടത അനുഭവിച്ച്, മരിച്ച്, അടക്കപ്പെട്ട്, ഉയർത്തെഴുന്നേറ്റ യേശു സാക്ഷാൽ ദൈവവും കർത്താവുമാണ് എന്ന് തോമസ് അപ്പോസ്തോലന്റെ വാക്കുകളിൽ കൂടി രേഖപ്പെടുത്തി സുവിശേഷം അതിന്റെ പാരമ്യത്തിൽ എത്തുന്നു. ഇത്രയും വ്യക്തമായ ഒരു വിശ്വാസ പ്രഖ്യാപനം സഭയ്ക്ക് ലഭിച്ചത് തോമസ് അപ്പസ്തോലന്റെ ആഴത്തിലുള്ള അന്വേഷണവും അറിയാനുള്ള ആഗ്രഹവുമാണ് എന്ന കാര്യത്തിൽ സംശയമില്ല. ഇതുവരെ ആരും യേശുവിനെ ദൈവം എന്ന് നേരിട്ട് വിളിച്ചിട്ടില്ല. തോമസാണ് ആദ്യം ദൈവത്തെ യേശുവിൽ സാക്ഷ്യപ്പെടുത്തുന്നത്.

വിശ്വാസ വഴിയിലെ കെടാവിളക്കായി തോമസ് അപ്പൊസ്തലൻ എന്നും പ്രശോഭിക്കുന്നു. വിശ്വാസം ചോദ്യങ്ങളിലൂടെയും കാത്തിരിപ്പിലൂടെയും വളർത്തിയെടുക്കേണ്ടതാണ് എന്ന് ഓർപ്പിക്കുന്നു. തോമസ് അപ്പൊസ്തലൻ സന്ദേഹിയായ ഒരു ശിഷ്യൻ അല്ല. വിശ്വാസത്തിനുവേണ്ടി ജീവിച്ചു മരിച്ചവനാണ്.

ക്രിസ്തുവിനോടൊപ്പം ജീവിക്കാനും മരിക്കാനും. ക്രിസ്തുവിനെ " കർത്താവും ദൈവവും" എന്ന് ഏറ്റു പറയാനുമുള്ള വെല്ലുവിളി തോമസ് അപ്പൊസ്തലൻ നമ്മിൽ ഉയർത്തുന്നു.

### ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള പ്രാർത്ഥനയോഗങ്ങളും അബ്രഹാം മല്പാനും

അബ്രഹാം മല്പാൻറെ നവീകരണകാലത്താണു ഞായറാഴ്ച ഉച്ചകഴിഞ്ഞു പ്രാർത്ഥനയോഗങ്ങളും
കുട്ടികൾക്കും വലിയവർക്കുമായി സൺഡേസ്കൂളുകളും
മദ്ധ്യ തിരുവിതാംകൂറിൽ ഇദംപ്രഥമമായി ആരംഭിച്ചത്.
(കടപ്പാട്: റവ.എം.സി.ജോർജ്, അബ്രഹാം മല്പാൻ, CLS, 1985, പേജ്. 46,)

# സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസവും നവീകരിക്കപ്പെടേണ്ട വിശ്വാസ സമൂഹവും



// റവ. ഡോ. സണ്ണി ഇ. മാത്യു



കേട്ടു പരിചയമില്ലാത്ത ഒരു പ്രയോഗമായി ഈ തലക്കെട്ട് തോന്നാം. നവീകരിക്കപ്പെട്ട സഭയെന്ന പ്രയോഗം നാം വളരെ കേട്ടിട്ടുള്ളതാണ്. എന്തിലേയ്ക്കാണ് നവീകരിക്കപ്പെട്ടത്, എന്തിനാണ് നവീകരിക്കപ്പെട്ടത് എന്ന തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് കാര്യങ്ങൾ കൂടുതൽ വ്യക്തത ഉള്ളതാകുന്നത്.

സഭയെന്നത് വിശ്വാസ സമൂഹമാണ്. ചരിത്രത്തിൽ അരങ്ങേറിയ ക്രിസ്തു സംഭവത്തിന്റെ തുടർച്ചയിലാണ് സഭ വികാസം പ്രാപിച്ചത്. ക്രിസ്തു സംഭവത്തെ മനസ്സിലാക്കിയും ഉൾക്കൊണ്ടും വ്യാഖ്യാനിച്ച് പങ്കുവെച്ചും ആണ് സഭയുടെ വിശ്വാസം വ്യക്തമാക്കിയതും വളർത്തിയതും നിലനിർത്തിയതും. യേശു ക്രിസ്തു ആരാണ് എന്ന അടിസ്ഥാന ചോദ്യം ഇവിടെ വളരെ പ്രധാനപ്പെട്ടതായി മാറുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ഈ കാതൽ മനസ്സിലാക്കുന്നതിൽ ക്രിസ്തു സംഭവത്തിന്റെ പ്രധാന വേദിയായ പാലസ്തീൻ നാടും യഹൂദ മത പശ്ചാത്തലവും പ്രാധാന്യമർഹിക്കുന്നു. യഹൂദ മത ബോധത്തിൽ രൂപപ്പെട്ട മ്ശിഹാ സങ്കല്പത്തിന്റെ ഉള്ളിലും യേശുവിൽ അത് പൂർത്തികരിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്തയിലുമാണ് ആദിമ സഭയുടെ വിശ്വാസം കെട്ടുപണി ചെയ്തിരിക്കുന്നത്. മ്ശിഹാ സങ്കല്പത്തെ തെളിമയാർന്ന് നൽകുന്നതിനാലാണ് പഴയ നിയമം സഭയുടെ ആധികാരിക വേദപുസ്തകത്തിന്റെ ഒഴിച്ചുകൂടുവാൻ പറ്റാത്ത ഭാഗമായി സഭ വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നത്. മ്ശിഹാ സങ്കല്പത്തിന്റെ വെളിച്ചത്തിൽ യേശു

ക്രിസ്തുവിലൂടെ സാദ്ധ്യമായ സാർവ്വത്രിക രക്ഷയെ വ്യാഖ്യാനിക്കുകയും, വെളിപ്പെടുത്തുകയും ചെയ്യുന്ന പുതിയ നിയമ ഭാഗവും കൂട്ടിച്ചേർത്തപ്പോൾ ക്രൈസ്തവ സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാന ശിലയായി. ഇതിനാലാണ് സ്തുതി ചൊവ്വാകപ്പെട്ട സഭയിൽ പഴയതും പുതിയതുമായ നിയമങ്ങൾ അടങ്ങുന്ന സത്യവേദപുസ്തകം അടിസ്ഥാന പ്രമാണമായി കണക്കാക്കപ്പെടുന്നത്.

ആദിമ സഭ യേശു മ്ശിഹാ (ക്രിസ്തു) ആണ് എന്നതു പോലെ തന്നെ പ്രാധാന്യത്തോടെ ശക്തീകരിച്ചിരുന്ന വിശ്വാസമാണ് അവൻ കർത്താവ് ആണ് (kurios). യേശു കർത്താവാണ് എന്ന് പറയുമ്പോൾ അവൻ ദൈവമാണ് എന്നാണ് അർത്ഥമാക്കുന്നത്. അവൻ ദൈവമാണ് എങ്കിൽ സഭ വിശ്വസിക്കുന്നത് ഏക ദൈവത്തിലാണോ ബഹുദൈവങ്ങളിലാണോ എന്ന ചോദ്യം പ്രസക്തമായിത്തിരുന്നു. അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ സഭ ഏക ദൈവ വിശ്വാസം മുറുകെ പിടിക്കുന്നു. അതോടൊപ്പം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ദൈവത്തിന്റെ മൂന്ന് ആളത്വങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു. ഈ രണ്ടു വ്യത്യസ്തതകളെ സമന്വയിപ്പിക്കുന്ന ദൈവശാസ്ത്ര കാഴ്ചപ്പാടാണ് ത്രിത്വവിശ്വാസം. സ്തുതി ചൊവ്വാക്കപ്പെട്ട സഭയുടെ ദൈവബോധം പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന സത്യഏക ദൈവമായ ത്രിത്വത്തിലാണ്. മലങ്കര മാർത്തോമ്മാ സുറിയാനി സഭ സംശയരഹിതമായി എല്ലാ ആരാധനയിലും പ്രഖ്യാപിക്കുന്നത് ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ്.

ത്രിത്വ വിശ്വാസത്തിൽ, കാണുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റെയും സ്രഷ്ടാവാണ് പിതാവായ ദൈവം. സൃഷ്ടിയും സ്രഷ്ടിതാവും പാപമാണ് എന്ന ജ്ഞാനസിദ്ധാന്തത്താൽ സ്വാധീനിക്കപ്പെട്ട ക്രൈസ്തവ പാഷാണ്ഡ ഉപദേശത്തിന്റെ പശ്ചാത്തലത്തിലാണ് സൃഷ്ടി നന്മയാണ് എന്നും സ്രഷ്ടിതാവായ ദൈവമാണ് സത്യേക ദൈവമായ ത്രിത്വത്തിലെ പിതാവ് എന്നതും സ്തുതി ചൊവ്വാക്കപ്പെട്ട സഭയുടെ വിശ്വാസമാണ് എന്ന് ശക്തീകരിക്കപ്പെട്ടത്. ജ്ഞാന മത സ്വാധീനത്തിൽ സൃഷ്ടി പാപത്തിന്റെ സങ്കേതമാകയാൽ സ്രഷ്ടിതാവ് സകല പാപത്തിന്റേയും ഉറവിടമായി കണ്ടു. അതിനാൽ, യേശു കർത്താവ് പഠിപ്പിച്ച പിതാവും, പഴയ നിയമം പഠിപ്പിക്കുന്ന യഹോവയായ സൃഷ്ടിതാവായ ദൈവവും ഒരാളല്ല എന്ന് അവർ ശക്തീകരിച്ചു. കൂടാതെ യഹോവാ നീതിമാനായതിനാൽ യേശു പറയുന്ന സ്നേഹവാനായ ക്ഷമിക്കുന്ന ദൈവമാകുവാൻ കഴിയില്ല എന്നും അവർ ഊന്നൽ കൊടുത്തു. അനന്തര ഫലമായി മാർസിയോണെപ്പോലെയുള്ളവർ പഴയ നിയമവും, പുതിയ നിയമത്തിൽ ലൂക്കോസിന്റെ വെട്ടിത്തിരുത്തിയ സുവിശേഷവും പൗലോസിന്റെ ലേഖനങ്ങളും മാത്രം അടങ്ങുന്നതായിരിക്കണം ക്രൈസ്തവ വേദപുസ്തകം എന്ന് ശഠിച്ചു. ഈ വിശ്വാസ വികലതകളോടുള്ള പ്രതികരണമാണ് നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ഒന്നാം ഖണ്ഡിക. അതിനാലാണ് സ്തുതി ചൊവ്വാക്കപ്പെട്ട സഭ 'പിതാവായ സർവ്വശക്തനായ ആകാശത്തിന്റെയും, ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു' എന്ന് പ്രഖ്യാപിക്കുന്നത്.

പിതാവായ ദൈവം സ്രഷ്ടിതാവാണ് എന്ന് ശക്തികരിക്കുമ്പോൾ, സൃഷ്ടി തിന്മയല്ല നന്മയാണ് എന്നും, സൃഷ്ടിയ്ക്ക് സ്രഷ്ടിതാവായ ദൈവത്തെ വെളിപ്പെടുത്തുവാനും മഹത്വീകരിപ്പാനും സാദ്ധ്യതയുണ്ട് എന്നും വ്യക്തമാക്കുന്നു. സഭയുടെ കൗദാശിക ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനം ഈ ബന്ധത്തിലാണ് നിലനിൽക്കുന്നത്. തിരികെ, കൂദാശകളെ നിസ്സാരവൽക്കരിക്കയോ തള്ളിക്കളയുകയോ ചെയ്യുന്നവർ സൃഷ്ടി സ്രഷ്ടാവ് ബന്ധത്തെ നിഷേധിക്കുകയാണ്. സഭയുടെ കൗദാശിക ദൈവശാസ്ത്രത്തെ ഉറപ്പിക്കുന്ന മറ്റൊരു അടിത്തറയാണ് യേശുവിലൂടെയുള്ള ദൈവത്തിന്റെ ജഡാവതാരം. ത്രിത്വത്തിൽ ഒരുവനായ പുത്രൻ മനുഷ്യനായി തീർന്നു എന്നതാണ് സഭയുടെ വിശ്വാസം. സൃഷ്ടിയുടെ നന്മയെ നിഷേധിക്കുന്ന വികല വിശ്വാസത്തിൽ ദൈവത്തിനു ഒരു കാരണവശാലും ജഡവുമായി ചേരുവാൻ കഴിയില്ല. അതിനാൽ അവർ ജഢാവതാരം യാഥാർത്ഥ്യമല്ല എന്ന് പഠിപ്പിച്ചു. ദൈവം മനുഷ്യനായില്ല എന്നും യേശുവിന്റെ ശരീരം വെറും തോന്നൽ മാത്രമാണ് എന്ന ഡോസെറ്റിക് (docetic) ചിന്ത അവർ പങ്കുവെച്ചു. ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്ന വീക്ഷണമായിരുന്നു അത്. ജഡാവതാരം യാഥാർത്ഥ്യമല്ല എന്നു വരുമ്പോൾ ക്രിസ്തീയ വിശ്വാസത്തിന്റെ ചരിത്രപരമായ മാനം ഇല്ലാതെയാകും. കർത്താവിന്റെ ജനനം, ജീവിതം, പ്രവർത്തനം, പീഢാനുഭവം, മരണം, കബറടക്കം, ഉയിർത്തെഴുന്നേല്പ് എല്ലാം അർത്ഥ ശൂന്യമാകും. അപ്പോൾ ദൈവം മനുഷ്യനായിട്ടില്ല, ക്രിസ്തു സംഭവം ഒരു കടങ്കഥയാണ്, ക്രിസ്തുവിന്റെ മരണവും ഉയിർപ്പും ഒന്നും യാഥാർത്ഥ്യമല്ല എന്നതിനാൽ അവ മനുഷ്യ രക്ഷയ്ക്ക് ആധാരവുമല്ല എന്നു വരും. അങ്ങനെ വരുമ്പോൾ, ക്രൈസ്തവ വിശ്വാസം അർത്ഥരഹിതവും, കെട്ടുകഥയുമായി മാറും. ഈ കാരണത്താൽ ആണ്, സ്തുതി ചൊവ്വാക്കപ്പെട്ട സഭ ഇത്തരം വിശ്വാസ വികലതകളെ തിരസ്ക്കരിച്ചത്. ആ തിരസ്ക്കരണത്തിന്റെ ശാക്തീകരണമാണ് നിഖ്യാ വിശ്വാസ

പ്രമാണത്തിന്റെ രണ്ടാം ഖണ്ഡികയിൽ 'മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വിശുദ്ധ റൂഹായാൽ കന്യക മറിയാമ്മിൽ നിന്ന് ജഡം ധരിച്ച് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട്, കഷ്ടത അനുഭവിച്ച്, മരിച്ച് ,അടക്കപ്പെട്ട്, തിരുഹിതപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്...' എന്നു പ്രഖ്യാപിക്കുന്നത്. സ്തുതി ചൊവ്വാക്കപ്പെട്ട സഭയിൽ ദൈവം യഥാർത്ഥത്തിൽ മനുഷ്യനായി എന്നതും യേശു പൂർണ്ണ മനുഷ്യനായിരുന്നു എന്നതും, അവന്റെ പീഢാനുഭവവും മരണവും ശരീരത്തോടെ ഉള്ള ഉയിർത്തെഴുന്നേല്പും സ്വർഗ്ഗാരോഹണവും യാഥാർത്ഥ്യമാണ് എന്നതും തർക്കമില്ലാത്ത വിശ്വാസവും ഉപദേശവുമാണ്.

ദൈവം ക്രിസ്തുവിൽ യഥാർത്ഥമായി ശരീരം ധരിച്ചു എന്നതും, ഉയിർത്തെഴുന്നേറ്റ കർത്താവ് ശരീരത്തോടെ ആണ് ഉയിർത്തത് എന്നതും, ശരീരം ദൈവത്തിന്റെ സൃഷ്ടിയാണ് എന്നതും കൂട്ടി വായിക്കുന്ന സത്യ സഭ മരിച്ചവരുടെ ഉയിർത്തെഴുന്നേല്പ് ശങ്കകൂടാതെ പ്രഖ്യാപിക്കുന്നു. ഇവിടെ മനുഷ്യന്റെ ആത്മാവിന്റെ മാത്രം രക്ഷയല്ല ദർശനം, മറിച്ച് മനുഷ്യന്റെ സമഗ്രമായ രക്ഷയാണ് വിവക്ഷിക്കുന്നത്. സ്വന്ത ശരീരത്തേയോ മറ്റു ശരീരങ്ങളേയോ നശിപ്പിക്കുകയോ വികലമാക്കുകയോ ചെയ്യുന്നത് ദൈവഹിതത്തോടുള്ള നിഷേധമായി മാറുന്നത് ഈ പശ്ചാത്തലത്തിലാണ്. അടിച്ചേല്പിക്കുന്ന പട്ടിണി, പീഢനം, കൊലപാതകം, ലൈംഗിക കടന്നു കയറ്റം, യുദ്ധം ഇവയെല്ലാം ദൈവ നിഷേധമായി തീരുന്നു. സാമൂഹിക നീതി ക്രൈസ്തവ ആത്മീയതയുടെ അനിവാര്യതയായി മാറുന്നത് ഈ ദർശനവുമായി ചേർന്നാണ്.

യേശു പൂർണ്ണ മനുഷ്യനായിരുന്നു എന്ന് ഉയർത്തിപിടിക്കുമ്പോൾ അവൻ ഒരു കേവല മനുഷ്യൻ മാത്രമായിരുന്നു എന്നാണോ? കേവല മനുഷ്യനാണ് എന്ന് കരുതിയവരും, അല്ലെങ്കിൽ ദൈവത്തെക്കാൾ താഴ്ന്നവനാണ് എന്നു ചിന്തിച്ചിരുന്നവരും ഉണ്ട്. പുത്രൻ (വചനം) ജഡമായി തീർന്നതാണ് യേശു എന്ന് അംഗീകരിക്കുമ്പോൾ തന്നെ പുത്രൻ പിതാവിനോടു സമത്വമുള്ളവനല്ല എന്ന് അരിയൂസിനെ പോലെയുള്ളവർ ശഠിച്ചതും ഈ നിലയിലാണ്. പിതാവിനോട് അസമത്വമുണ്ട് എന്ന് കാണിക്കുവാനാണ് അരിയൂസ് 'പുത്രനില്ലാത്ത ഒരു കാലം ഉണ്ടായിരുന്നു' എന്ന് പഠിപ്പിച്ചത്. ആ രീതിയിൽ വ്യാഖ്യാനിക്കുമ്പോൾ ക്രിസ്തു യഥാർത്ഥ ദൈവം അല്ലാതെയാകും. ഈ വികലമായ കാഴ്ചപ്പാടിനെ നിഷേധിക്കുകയാണ് 'ദൈവത്തിന്റെ ഏക പുത്രനും, സർവ്വ ലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, തത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനും, സകല സൃഷ്ടിക്കും മുഖാന്തിരമായവനും...' എന്ന സ്തുതി ചൊവ്വാക്കപ്പെട്ട സഭയുടെ വിശ്വാസപ്രമാണം. ഈ വിശ്വാസ പ്രഖ്യാപനത്തിലൂടെ യേശു പൂർണ്ണ ദൈവമാണ് എന്ന് ശക്തീകരിക്കുന്നു. സത്യ സഭയുടെ അടിസ്ഥാന വിശ്വാസമാണ് യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ് എന്നത്.

സഭയെന്നത് ഒരു ഭൂപരിധിയിലോ, ഭാഷയിലോ, സംസ്ക്കാരത്തിലോ, വർഗ്ഗ വർണ്ണത്തിലോ, ലിംഗ വിഭാഗത്തിലോ ഒതുങ്ങുന്നതല്ല. സർവ്വരേയും ഉൾക്കൊള്ളുന്ന (inclusive) വിശ്വാസ സമൂഹമാണ് സഭ. എന്നാൽ, അടിസ്ഥാന വിശ്വാസത്തിന്റെ ഐക്യത നിലനിൽക്കുകയും വേണം. കാതോലികവും അപ്പൊസ്തോലികവുമായ സഭയിൽ വിശ്വസിക്കുന്നു എന്ന് പ്രഖ്യാപിക്കുമ്പോൾ വ്യക്തമാക്കുന്നത് ഈ കാര്യമാണ്. അപ്പൊസ്തോലിക വിശ്വാസത്തിന്റെ ഐക്യതയിൽ പരസ്പരം ഉൾക്കൊള്ളുന്ന ദർശനം വിശാല എക്യുമെനിക്കൽ വീക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്ന സഭാ വീക്ഷണമാണ്.

സഭാ ജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കൂദാശകളുടെ അനുഷ്ഠാനവും അവയിലുള്ള പങ്കാളിത്തവും. വിശ്വാസത്തിന്റെ അർത്ഥവും വ്യാപ്തിയും വെളിപ്പെടുത്തുന്നതും പഠിപ്പിക്കുന്നതുമായ മാദ്ധ്യമമാണ് കൂദാശകൾ. ക്രിസ്തു എന്ന പരമപ്രധാനമായ കൂദാശയുടെ തുടർച്ചയിലാണ് ക്രിസ്തീയ കൂദാശകൾ നിർവ്വഹിക്കപ്പെടുന്നത്. ചില കൂദാശകൾ ആവർത്തിക്കപ്പെടേണ്ടതാണ്. ഉദാഹരണത്തിന്, വിശുദ്ധ കുർബ്ബാന, കർത്താവിന്റെ വീണ്ടും വരവ് വരെ നിരന്തരമായി തുടരേണ്ടതായ കൂദാശയാണ്. അതിനാൽ സ്തുതി ചൊവ്വാക്കപ്പെട്ട സഭ നിരന്തരം വിശുദ്ധ കുർബ്ബാനയിൽ പങ്കു കൊണ്ടിരിക്കുന്നു. എന്നാൽ വിശുദ്ധ മാമ്മോദിസാ (സ്നാപനം) ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഒരിക്കൽ മാത്രം നിർവ്വഹിക്കേണ്ട കൂദാശയാണ്. കാരണം, വേദപുസ്തകപരമായും ദൈവശാസ്ത്രപരമായും മമ്മോദീസാ കർത്താവിന്റെ മരണത്തിലും ഉയിർത്തെഴുന്നേല്പിലും ഉള്ള പങ്കാളിത്തമാണ്. ആ പങ്കാളിത്തത്തിലൂടെ പുതുതായി അല്ലെങ്കിൽ ഉയരത്തിൽ നിന്ന് ക്രിസ്തുവിൽ പുതിയ മനുഷ്യനായി ജനിപ്പിക്കപ്പെടുകയാണ്. പുതിയ ജനനം പരിശുദ്ധാത്മ പ്രവർത്തനവും ദൈവകൃപയുടെ അനുഭവവുമാണ്. ജഡാവതാരം ചരിത്രത്തിൽ ഒരിക്കൽ മാത്രം ആണ് അരങ്ങേറിയത്. രക്ഷയ്ക്കും വീണ്ടെടുപ്പിനും ആധാരമായ കർത്താവിന്റെ മരണവും ഉയിർപ്പും

ഒരിക്കൽ മാത്രം നടന്ന സംഭവവുമാണ്. സ്നാനം കർത്താവിന്റെ മരണത്തോടും ഉയിർത്തെഴുന്നേല്പിനോടും അനുരൂപപ്പെടുന്ന അനുഭവമാകയാൽ ഒരിക്കൽ സ്നാനപ്പെട്ടവർ വീണ്ടും സ്നാനപ്പെടുമ്പോൾ ആദ്യത്തെ സ്നാനത്തിനു ആധാരമായ കർത്താവിന്റെ മരണത്തിനും ഉയിർപ്പിനും അർത്ഥമില്ല എന്നു വരുത്തും. രക്ഷ ദൈവത്തിന്റെ കൃപയാലാകുന്നതിനാൽ സ്നാനത്തിന്റെ ആവർത്തനം കൃപയുടെ നിഷേധവും ആകും. അതിനാലാണ് ആദിമ സഭ പീഢനത്താലോ മറ്റെന്തെങ്കിലും കാരണത്താലോ വിശ്വാസം ത്യജിക്കുകയോ വിശ്വാസത്തിൽ കുറവുണ്ടാവുകയോ ചെയ്തവർ മടങ്ങി വരുമ്പോൾ വീണ്ടും സ്നാനമേൽക്കാമോ എന്ന ചോദ്യത്തിനു മാമ്മോദിസായുടെ ആവർത്തനം പാടില്ല, അതൊരിക്കൽ മാത്രമാണ് എന്ന് നിഷ്ക്കർഷിച്ചത്. വീണുപോയവർ അനുതപിച്ചാൽ മതിയാകും. ഈ കാരണങ്ങളാൽ ആണ് സ്തുതി ചൊവ്വാക്കപ്പെട്ട സഭ മാമ്മോദ്ദീസാ ആവർത്തിക്കപ്പെടുവാൻ അനുവദിക്കാത്തത്. വിശ്വാസ പ്രമാണത്തിൽ പാപമോചനത്തിനുള്ള മാമ്മോദ്ദീസാ ഒരിക്കൽ മാത്രം (ഒന്നു മാത്രം) എന്ന് പ്രഖ്യാപിച്ച് പഠിപ്പിക്കുന്നത്.

ചുരുക്കത്തിൽ പറഞ്ഞാൽ സ്തുതി ചൊവ്വാക്കപ്പെട്ട സഭ ഉണ്മയിൽ ഒന്നായിരിക്കുകയും ആളത്വത്തിൽ മൂന്നായി അനുഭവിക്കുകയും ചെയ്യുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിലുള്ള വിശ്വാസവും, പുത്രന്റെ ചരിത്രത്തിലുള്ള ജഡാവതാരം യാഥാർത്ഥ്യമാണ് എന്നും, ജഡം ധരിച്ച യേശു ക്രിസ്തു പൂർണ്ണ മനുഷനും പൂർണ്ണ ദൈവവുമാണ് എന്ന വിശ്വാസവും, യേശുവിന്റെ മരണവും ഉയിർപ്പും സത്യമാണ് എന്നും മനുഷ്യന്റെ രക്ഷയുടെ അടിസ്ഥാനം ഈ ക്രിസ്തു സംഭവത്തിലാണ് എന്നുള്ള വിശ്വാസവും ഉയർത്തിപ്പിടിക്കുന്നു. അതുപോലെ യേശു കർത്താവിന്റെ ഉയിർത്തെഴുന്നേല്പ് മനുഷ്യ വർഗ്ഗത്തിന്റെ ഉയിർപ്പിനുള്ള ഉറപ്പാണ് എന്നും വിശ്വസിക്കുന്നു. അതുപോലെ സൃഷ്ടിയുടെ, മനുഷ്യ ശരീരത്തിന്റെ നന്മയെ അംഗീകരിക്കുകയും അവയെ വിലമതിക്കുകയും ചെയ്യുന്ന വിശ്വാസ കാഴ്ചപ്പാട് ആണ് സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം. പഴയതും പുതിയതും നിയമങ്ങൾ അടങ്ങുന്ന സത്യ വേദപുസ്തകത്തിന്റെ പ്രാമുഖ്യവും കേന്ദ്രസ്ഥാനവും സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം ഉയർത്തിപ്പിടിക്കുന്നു. അതിനാൽ തന്നെ, ദൈവത്തോടും പ്രകൃതിയോടും, മനുഷ്യരോടുമുള്ള പ്രതിബദ്ധതയുള്ള ബന്ധം, നീതിയുക്തമായ സമീപനം, സത്യസന്ധമായ പെരുമാറ്റം, സ്നേഹാധിഷ്ഠിതമായ കൂട്ടായ്മ, കൂദാശകളിലെ പങ്കാളിത്തം, നിരന്തരമായ



വേദപുസ്തക മനനം ഇവയിലൂടെ ക്രിസ്തുവിനോടും ക്രിസ്തുഭാവത്തോടും കൂടുതൽ ആഴത്തിൽ ഇണങ്ങിച്ചേരുക എന്നത് സ്തുതിചൊവ്വാക്കപ്പെട്ട സഭയായി നിലനിൽക്കുവാൻ ആവശ്യമാണ്.

എന്നാൽ, വിശ്വാസത്തിന്റെ ഈ സ്വഭാവത്തിൽ നിന്ന് ബോധപൂർവ്വമോ അല്ലാതെയോ മാറിപ്പോകുവാൻ വിശ്വാസികൾക്കും വിശ്വാസ സമൂഹത്തിനും സാദ്ധ്യതയുണ്ട്. ചരിത്രത്തിൽ പല കാലങ്ങളിലുണ്ടായ വിശ്വാസ വ്യതിയാനങ്ങളും, വിശ്വാസികളുടെ പിന്മാറ്റവും ഈ സാദ്ധ്യതയുടെ സാക്ഷിപത്രങ്ങളാണ്. ശരിയായ നവീകരണം വിശ്വാസികളിലും വിശ്വാസ സമൂഹത്തിലുമാണ് ഉണ്ടാകേണ്ടത്. സഭയുടെ സ്തുതി ചൊവ്വാക്കപ്പെട്ട അടിസ്ഥാന വിശ്വാസങ്ങളിലേയ്ക്കും, കാഴ്ചപ്പാടുകളിലേയ്ക്കും, അനുഷ്ഠാനങ്ങളിലേയ്ക്കും സമീപനങ്ങളിലേയ്ക്കുമാണ് നവീകരിക്കപ്പെടേണ്ടത്. വിധി വൈപരീത്യത്താൽ പലപ്പോഴും വിശ്വാസിക്കോ വിശ്വാസ സമൂഹത്തിനോ അടിസ്ഥാനപരമായി വലിയ വ്യത്യാസമോ വ്യതിയാനമോ സംഭവിക്കുന്നില്ല എന്നുള്ളതാണ്. സഭയെ സഭയാക്കുന്ന അടിസ്ഥാന വിശ്വാസങ്ങളേയോ, ആചാര അനുഷ്ഠാനങ്ങളേയോ, ധാർമ്മിക നിലപാടുകളേയോ ഗണ്യമാക്കുകയോ, മുറുകെപ്പിടിക്കുകയോ, പാലിക്കുകയോ ചെയ്യാതെ മാറ്റങ്ങൾ സൃഷ്ടിക്കുവാനുള്ള ശ്രമമാണ് നവീകരണം എന്ന് ചിന്തിക്കുകയാണ്. അതുകൊണ്ട് സഭയ്ക്കോ വിശ്വാസ സമൂഹത്തിനോ ഗണ്യമായ പ്രയോജനം ഉണ്ടാവുകയില്ല. അടിസ്ഥാന വിശ്വാസത്തിന്റെ അന്തസത്ത ഗ്രഹിക്കുകയും ഉൾക്കൊള്ളുകയും അവയിലേയ്ക്കും അവയ്ക്കനുസരണമായും വിശ്വാസ സമൂഹം നിരന്തരം നവീകരിക്കപ്പെടകയും ചെയ്യണം. അപ്പോൾ മാത്രമാണ് സഭയുടെ വിശ്വാസ ആചാരാനുഷ്ഠാനങ്ങൾ അർത്ഥവത്തായി പരിപാലിക്കപ്പെടുന്നതും വിശ്വാസ സമൂഹം സഭയെന്ന നിലയിൽ അർത്ഥപൂർണ്ണമാകുന്നതും.

മറക്കാനാകാത്തവര്

# സ്നേഹം കൊണ്ട് ചരിത്രത്തെ അഗാധമാക്കിയ

# ദൈവത്തിന്റെ രാജകുമാരൻ





**ഡോ. ജോസഫ് മാർ ബർന്നബാസ്**
**സഫ്രഗൻ മെത്രാപ്പോലീത്താ**

ഒരാൾ എല്ലാവരുടേതുമായി തീരുന്നിടത്ത് അയാൾ ദൈവത്തിന്റെ വകയാകുന്നു. അങ്ങനെ ഒരാൾക്ക് എല്ലാവരുടെയും വകയാക്കുവാൻ കഴിയുന്ന അത്ര തത്തെ ആവോളം നൽകിയാണ് നമ്മുടെ പാപ്പ 88-ാം വയസ്സിൽ കടന്നു പോകുന്നത്. ഫ്രാൻസിസ് പാപ്പയെ ക്കുറിച്ച് പറയുമ്പോൾ എല്ലാവരുടെയും സ്വന്തമായി രുന്ന എല്ലാവരും സ്വന്തമാക്കിയിരുന്ന ഒരാളായി മാത്രമേ നമുക്ക് ഓർക്കുവാനും പറയുവാനും പങ്കു വയ്ക്കുവാനും കഴിയുകയുള്ളു. ഇത്രമാത്രം പലരി ലേക്ക് പകരപ്പെട്ട ഒരു ജീവിതത്തെ എനിക്കും വേറെ ഓർക്കുവാൻ ഇല്ല.

2022ൽ ആണ് ഈ വലിയ മനുഷ്യനെ കാണുന്നതിനും പരസ്പരം സംഭാഷണം നടത്തുന്നതിനും ഉള്ള വലിയ ഒരു അവസരം ദൈവം ഒരുക്കിയത്. വത്തിക്കാ നിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കുവാൻ പോകുമ്പോൾ പിതാവിനെയും കാണാൻ കഴിഞ്ഞാൽ നന്നായി രിക്കും എന്ന് ആഗ്രഹിച്ചിരുന്നു. വത്തിക്കാൻ ചത്വര ത്തിലെ പ്രതിവാര കൂടികാഴ്ചയിലെ വലിയ ആൾ ക്കൂട്ടത്തിൽ ഒരുവനായി നിൽക്കുവാൻ മാത്രമേ കഴിയു കയുള്ളൂ എന്നാണ് ചിന്തിച്ചത്, അത് മാത്രമേ ആഗ്രഹി ച്ചുള്ളു. വലിയ ഇഷ്ടവും ആദരവും ഹൃദയത്തിൽ തോന്നിയ പാപ്പായെ നേരിൽ ഒന്ന് കാണുക, കഴിയു മെങ്കിൽഓർമ്മയ്ക്കായി ഒരു ചിത്രം എടുക്കുക. അത്ര മാത്രമേ കരുതിയിരുന്നുള്ളു. എന്നാൽ കൂടികാഴ്ച യ്ക്ക് ക്രമീകരണങ്ങൾ ഒരുക്കിയ എന്റെ പ്രിയ സ്നേ ഹിതൻ ഫാ. ഹയസിന്തിന്റെ ഇമെയിൽ എത്തുമ്പോൾ ആണ് അറിയുന്നത് പിതാവ് സ്വകാര്യ സന്ദർശന ത്തിനാണ് സമയം അനുവദിച്ചിരിക്കുന്നത് എന്നത്. 2022 നവംബർ 23ന് രാവിലെ 8 മണിക്ക് വത്തിക്കാ നിലെ പിതാവിന്റെ ഓഫീസിന് മുന്നിൽ ഞാൻ കാത്തുനിന്നു. എനിക്ക് മുമ്പ് കാണുവാൻ അവസരം ലഭിച്ചിരിക്കുന്ന കോപ്റ്റിക് സഭയിലെ തിരുമേനിയും ഉണ്ട്. ആദ്യം അദ്ദേഹത്തെ ഉള്ളിലേക്ക് വിളിച്ചു. അഞ്ച് മിനിറ്റിനുള്ളിൽ അദ്ദേഹം തിരികെ എത്തി മടങ്ങി പോയി. എനിക്കും ഒരു അഞ്ചു മിനിറ്റ് ഉണ്ടാകും എന്ന് മനസ്സിൽ കരുതി നിൽക്കേ എന്നെ ഉള്ളിലേക്ക് കൂട്ടി കൊണ്ട് പോകുവാൻ ആളെത്തി. വലിയ വാതിൽ തു റന്നു ഉള്ളിലേക്ക് ചെല്ലുമ്പോൾ സുസ്മേരവദനനായി

ഫ്രാൻസിസ് മാർപാപ്പ നിൽക്കുന്നു. കണ്ട മാത്രയിൽ എന്നെ ആലിംഗനം ചെയ്തു സ്വീകരിച്ചു ഒരു നിമിഷം ചിരിച്ചു കൊണ്ട് എന്റെ മുഖത്തേക്ക് സ്നേഹപൂർവ്വം പിതാവ് നോക്കി. പിന്നീട് എന്റെ കൈകളിൽ മുറുകെ പിടിച്ചു കൊണ്ട് അല്പം അകലെയായുള്ള ഓഫീസിലേക്ക് പിതാവ് നടക്കുവാൻ തുടങ്ങി. വലിയ ഓഫീസ് മുറിയിൽ മേശയ്ക്ക് അഭിമുഖമായിഞങ്ങൾ ഇരുന്നു. ദേശത്തിന്റെയും ഭാഷയുടെയും സഭയുടെയും എല്ലാ വ്യത്യാസങ്ങളെയും ഇല്ലാതെയാക്കുന്ന ഒരു വലിയ സ്നേഹബന്ധത്തിന് അവിടെ ആരംഭമാവുകയായിരുന്നു. ഏകദേശം 30 മിനിറ്റ് നീണ്ട ആ കൂടികാഴ്ചയിൽ ആണ് ഞാൻ പിതാവിനോട് മാർത്തോമ്മാ സഭയും കത്തോലിക്കാ സഭയും തമ്മിൽ ഒരു ഡയലോഗ് ആരംഭിക്കണം എന്ന താല്പര്യം പങ്കുവയ്ക്കുന്നത്. അതിന് മറുപടി നൽകി കൊണ്ട് പാപ്പ ചോദിച്ചു "why do you need a dialogue? if it is only for theological disussions we dont need a dialouge." ചോദിച്ചത് ഇഷ്ടപ്പെട്ടില്ലേ എന്ന് ആശങ്കപ്പെട്ട് ഇരുന്ന എന്നോട് പിതാവ് പറഞ്ഞു: "If we can work together for the mission of our Lord we need a dialogue." വാക്കുകൾക്ക് അതീതമായ പ്രവൃത്തികളിൽ ഹൃദയം സമർപ്പിച്ച കർത്താവിന്റെ അഭിഷിക്തനായി തന്നെയാണ് പിതാവ് എന്നും ജീവിച്ചത്. മാർത്താമ്മാ സഭയും കത്തോലിക്കാ സഭയും തമ്മിലുള്ള ബന്ധം വളരെ വേഗം യാഥാർത്ഥ്യത്തിലേക്ക് എത്തിക്കുന്നതിന് പിതാവ് ഏറെ താല്പര്യപ്പെട്ടു. 2024 നവംബറിൽ സിനഡിലെ പിതാക്കൻമാരെ എല്ലാവരെയും കാണുന്നതിന് അദേഹം താല്പര്യപ്പെട്ട് കത്തയച്ചു. മെത്രാപ്പോലീത്ത തിരുമേനിയുടെ ആലോചന പ്രകാരം ഞങ്ങൾ 8 മെത്രാച്ചൻമാർക്ക് പാപ്പായുടെ അതിഥികളായി സാന്താ മാർത്ത എന്ന അദ്ദേഹത്തിന്റെ വാസസ്ഥലത്ത് നാല് ദിവസങ്ങൾ താമസിച്ച് സംഭാഷണങ്ങൾ നടത്തുന്നതിന് ഇടയായതും പിതാവിന്റെ വലിയ സ്നേഹവും താല്പര്യവും മൂലമായിരുന്നു.

ഒരു രാജ്യത്തിന്റെ തലവനും സഭയുടെ പരമാദ്ധ്യക്ഷനുമായി ജീവിക്കുമ്പോൾ ധാരാളം പ്രോട്ടോകോൾ അദ്ദേഹം പാലിക്കേണ്ടിയിരുന്നു. എന്നാൽ തന്റെ വലിയ സ്നേഹം കൊണ്ട് ഔദ്യോഗികതയുടെ വേലികളെ ഭേദിച്ചിരുന്നു. ഇത്തരം രണ്ട് സന്ദർഭങ്ങൾ മറക്കുവാൻ കഴിയുന്നില്ല. ഞങ്ങൾ സാന്താ മാർത്തയിൽ താമസിക്കുമ്പോൾ ഗ്രൗണ്ട് ഫ്ളോറിൽ പോകുന്നതിനായി ലിഫ്റ്റ് കാത്തു നിൽക്കുന്ന സമയം. ഞങ്ങൾ നാലഞ്ച് മെത്രാച്ചൻമാർ ഒന്നിച്ചാണ് നിൽക്കുന്നത്. പെട്ടെന്ന് ലിഫ്റ്റിന്റെ കതകുകൾ തുറന്നു. ഫ്രാൻസിസ് പാപ്പ തന്റെ വീൽ ചെയറിൽ അനുയായികൾക്കൊപ്പം ലിഫ്റ്റിൽ തന്റെ ചക്ര കസേരയിൽ ഇരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചു എന്നാൽ ലിഫ്റ്റിൽ കയറിയില്ല. അനുയായികൾ സ്വാഭാവികമായി തുറന്ന ലിഫ്റ്റിന്റെ വാതിൽ അടയ്ക്കുവാൻ തിടുക്കപ്പെടുന്നുണ്ട്.



പെട്ടെന്ന് അദ്ദേഹം കൈകൾ കൊണ്ട് അവരെ വിലക്കി എന്നിട്ട് ഞങ്ങളെ കൈകൾ കൊണ്ട് ഉള്ളിലേക്ക് വരുവാൻ വിളിച്ചു. മടിച്ച് നിന്ന ഞങ്ങളെ നിർബന്ധപൂർവ്വം ലിഫ്റ്റിൽ കയറ്റി പിതാവിനൊപ്പം താഴെ നിലയിലേക്ക് കൊണ്ടു പോയത് ഇന്നും സ്മൃതികളിൽ മങ്ങാതെ മായാതെ നിൽക്കുന്നു. ഞങ്ങളുടെ ഔദ്യോഗിക സന്ദർശനം കഴിഞ്ഞ് തിരികെ പോരുവാൻ തയ്യാറായി നിൽക്കുന്ന സമയം പാപ്പാ വത്തിക്കാൻ ചത്വരത്തിലെ പ്രതിവാര കൂടികാഴ്ച കഴിഞ്ഞ് തന്റെ വെള്ള നിറമുള്ള തുറന്ന ജീപ്പിൽ തിരികെ സാന്താമാർത്തയിലേക്ക് വരികയാണ്. ഞങ്ങൾ താമസിക്കുന്ന മുകൾ നിലയിൽ നിന്ന് വാഹനം വരുന്നതും പിതാവ് അതിൽ നിന്ന് ഇറങ്ങി സ്വിസ് ഗാർഡുകളോട് കുശലാന്വേഷണം നടത്തുന്നതും ഒക്കെ ഞങ്ങൾ കാണുന്നുണ്ട്. ഞങ്ങൾ വേഗത്തിൽ താഴത്തെ നിലയിൽ എത്തി പിതാവിനെ കണ്ട് യാത്ര പറയാം എന്ന് കരുതി നിൽക്കുകയാണ്. ഞങ്ങൾ അവിടെ നിൽക്കുന്നത് കണ്ട് സെക്യൂരിറ്റി ഗാർഡ് ഓടി എത്തി അദ്ദേഹം വരുമ്പോൾ തടസ്സം സൃഷ്ടിക്കുന്ന വിധം നിൽക്കുവാൻ പാടില്ല എന്ന് സ്നേഹപൂർവ്വം ഞങ്ങളെ ഓർമ്മപ്പെടുത്തി. നിരാശിതരായെങ്കിലും ഞങ്ങൾ അല്പം മാറി അകലം പാലിച്ച് നിന്നു. വീൽചെയറിൽ ഉള്ളിലേക്ക് വന്ന പാപ്പയെ വളരെ വേഗം ലിഫ്റ്റിലേക്ക് ജീവനക്കാർ കൊണ്ടു പോകുവാൻ ശ്രമിച്ച് ലിഫ്റ്റിനുള്ളിൽ വീൽചെയർ കയറ്റി വീൽചെയർ തിരിച്ചപ്പോൾ പിതാവ് ഞങ്ങൾ അകലെയായി നിൽക്കുന്നത് കണ്ടു. വേഗത്തിൽ പിതാവ് തന്റെ ജീവനക്കാരോട് എന്തോ പറഞ്ഞു. പിന്നീട് ഞങ്ങൾ കാണുന്നത് ലിഫ്റ്റിൽ നിന്നും വീൽചെയർ ഞങ്ങൾ നിൽക്കുന്ന സ്ഥലത്തേക്ക് വരുന്നതാണ്. ഞങ്ങളുടെ അടുക്കൽ എത്തി ഒരിക്കൽ കൂടി സ്നേഹം പങ്കുവെച്ചു. വന്നതിൽ നന്ദി പറഞ്ഞു. വീണ്ടും കാണാം എന്ന് പറഞ്ഞു. കൊച്ചു കുട്ടികളെ പോലെ ഇരുകൈകളും വീശി ഞങ്ങളെ യാത്രയാക്കി. ഈ രണ്ടു സന്ദർഭങ്ങളും അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ പ്രോട്ടോകോളുകൾ ആയിരുന്നു. സ്നേഹത്തിന് മുന്നിൽ അദ്ദേഹത്തിന് ഒഴിവാക്കുവാൻ കഴിയാത്ത



തായി ഒന്നും ഉണ്ടായിരുന്നില്ല. മഞ്ഞിലും മഴയിലും തന്റെ ശരീരത്തിന്റെ ഏത് ബലഹീനതകൾക്ക് നടുവിലും തന്നെ കാണുവാൻ എത്തുന്ന ജനലക്ഷങ്ങളെ കരങ്ങൾ നീട്ടി ആശീർവ്വദിക്കുന്നതിന് പിതാവ് എന്നും ഒരുങ്ങിയിരുന്നു. ഈസ്റ്റർ പ്രഭാതത്തിൽ തന്റെ മരണത്തിന് നാഴികൾക്ക് മുൻപ് വരെയും തന്റെ സ്നേഹത്തിന്റെ പങ്കിടലിനെ മുടക്കമില്ലാതെ തുടർന്നു.

ലോകത്തിലെ ഏറ്റവും വലിയ സഭയുടെ തലവനായിരിക്കുമ്പോൾ തന്നെ ലോകത്തിലെ ഏറ്റവും ചെറിയ വിശ്വാസ സമൂഹങ്ങളിലേക്ക് നോക്കുന്നതിനും അവരിൽ നിന്ന് തന്റെ വലിയ സഭയ്ക്ക് ചിലത് പഠിക്കുവാൻ ഉണ്ടെന്നും വിശ്വസിച്ചിരുന്ന മത നേതാവായിരുന്നു ഫ്രാൻസിസ് മാർപാപ്പ. പൗരസ്ത്യ സഭകളെ അദ്ദേഹം താല്പര്യപൂർവ്വം നോക്കി കണ്ടു. Listening to East എന്നതായിരുന്നു അദ്ദേഹം സിനഡാലിറ്റിയെ കുറിച്ച് പഠിക്കുന്ന ഘട്ടത്തിൽ ശ്രദ്ധ വെച്ച ഒരു പ്രധാന മേഖല. കിഴക്കിന്റെ സഭകളെ കേൾക്കുക, അറിയുക, ഉൾക്കൊള്ളുക എന്നത് ശ്രദ്ധാപൂർവ്വം ഈ കാലങ്ങളിൽ പാലിക്കപ്പെട്ടിരുന്നു. നമുക്ക് ഒരു പാപ്പയെലഭിച്ചിരിക്കുന്നു എന്ന വാർത്ത വത്തിക്കാനിലെ മട്ടുപാവിൽ നിന്ന് 2013ൽ കർദ്ദിനാൾ സംഘത്തിന്റെ തലവൻ അറിയിച്ചപ്പോൾ ലോകം അത്ഭുതത്തോടെ വീക്ഷിച്ച ഒരു ദൃശ്യമുണ്ട്. തന്റെ അനുഗ്രഹം തേടി വത്തിക്കാൻ ചത്വരത്തിൽ നിറഞ്ഞു നിൽക്കുന്ന ജനത്തിന് മുന്നിൽ തലകൾ കുനിച്ചു നിന്നു കൊണ്ട് ഫ്രാൻസിന് പാപ്പ പറഞ്ഞു ആദ്യം നിങ്ങൾ എന്നെ അനുഗ്രഹിച്ചാലും. മറ്റൊരുവനിൽ ഉള്ള ദൈവത്തിന്റെ നിറവിനെ ആദരിച്ചിരുന്നഒരു വലിയ ഹൃദയത്തിന്റെ അവകാശിയായിരുന്നു പാപ്പ.

ഒരുപാട് കാര്യങ്ങൾ ഈ വലിയ മനുഷ്യനെക്കുറിച്ച് പറയുവാനുണ്ട്. എല്ലാം പറയുവാനും എഴുതുവാനും കഴിയുന്നില്ല. എങ്കിലും ഫ്രാൻസിസ് മാർപാപ്പ എവിടെയാണ് വ്യത്യസ്തനാകുന്നതെന്ന് ഓർക്കുമ്പോൾ അദേഹത്തിന്റെ അതുല്യമായ ജീവിതത്തിലേക്ക് നോക്കുമ്പോൾ വെളിപ്പെടുന്ന ഒരു യാഥാർത്ഥ്യമുണ്ട്. അത് ക്രിസ്തീയ ജീവിതത്തിന്റെ അകക്കാമ്പിനെ വഹിക്കുന്ന ചില വാക്കുകൾക്ക് ജീവൻ പകർന്നു എന്നതാണ്. HOPE, LOVE , MERCY , FORGIVENSS , KINDNESS , PEACE, SOLIDARITY അങ്ങനെ എത്ര എത്ര വാക്കുകൾ. ക്രിസ്ത്യാനികളുടെ പ്രവൃത്തി ഇല്ലാത്ത ജീവിതം കൊണ്ട് പാഴ്‌വാക്കും വിൺവാക്കും ആയിപോയ എത്ര വാക്കുകൾക്ക് ആണ് ക്രിസ്തു നൽകിയ അർത്ഥത്തിലേക്ക് ഉള്ള ജീവൻ പകരുവാൻ പിതാവിന് കഴിഞ്ഞത്. നിലനിൽപ്പിന്റെ വിശ്വാസവും ഭക്തിയും ആദർശവും സംസാരിക്കുന്ന സമൂഹത്തിനും മനുഷ്യർക്കും അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ വാക്കുകൾ വലിയ തമാശകളായി തീർന്നു. യുദ്ധങ്ങൾ അവസാനിപ്പിക്കണം എന്നതും, ഒരേ മേശയിൽ നിന്ന് ഭക്ഷിക്കണം എന്നതും എല്ലാം വലിയ വലിയ തമാശകളായി നമുക്ക് അനുഭവപ്പെടുന്നത് ആ വാക്കുകൾക്ക് പിറകിലുള്ള ക്രിസ്തുവിന്റെ ഹൃദയത്തെ തിരിച്ചറിയുവാൻ കഴിയാത്ത പരിഷ്കാരികളായി നാം തീർന്നതിനാലാണ്. ക്രിസ്തു ശരീരമാകുന്ന സഭയ്ക്ക് ജീവൻ പകർന്ന ശ്വാസനാളിയായി തീർന്ന പ്രഭാവലയമായിരുന്നു ഫ്രാൻസിസ് മാർപാപ്പ. അതുതന്നെയാണ് അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ സമ്മാനവും.

സഭയിലെ ഒരു വിപ്ലവകാരിയുടെ വേഷം ഫ്രാൻസിസ് മാർപാപ്പയ്ക്ക് നൽകുവാൻ പലരും പരിശ്രമിക്കുന്നത് കണ്ടിട്ടുണ്ട്. സഭയെയും സഭയുടെ ഘടനയെയും ആരാധനയെയും എല്ലാം തള്ളിക്കളയുന്ന

വിപ്ലവകാരികളെ എന്നും ലോകം കൊണ്ടാടുവാൻ ആഗ്രഹിക്കുന്നുണ്ട്. ഫ്രാൻസിസ് പാപ്പയെയും അത്തരത്തിൽ ഒരു വിപ്ലവകാരിയാക്കുവാൻ പലപ്പോഴും പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കത്തോലിക്കാ സഭയുടെ കാതലായ ആരാധന പാരമ്പര്യങ്ങളെയോ ആചാരങ്ങളെയോ തള്ളി കളയുന്ന വിപ്ലവം അല്ല പിതാവ് ലക്ഷ്യമിട്ടത്. തന്റെ പ്രവർത്തികൾ തീർക്കുന്ന വിപ്ലവങ്ങളെയാണ് അദ്ദേഹം പ്രഘോഷിച്ചതും ആഘോഷിച്ചതും. പരിശുദ്ധ പത്രോസിന്റെ സിംഹാസനത്തിന്റെ തനിമ യെയും മഹത്വത്തെയും പിതാവ് ആദരിച്ചു. തന്റെ അധികാരത്തിന്റെ ചുറ്റുമതിലുകളെ അതിലംഘിച്ച് പുറത്തേക്ക് യാത്ര തുടർന്നു. ഈ വലിയ സഭയിലൂടെ കർത്താവ് തന്നെ ഏല്പിച്ച ദൗത്യം അതിന്റെ പരിപൂർ ണ്ണതയിലും ആത്മാവിന്റെ ആഴങ്ങളിലും നിറവേറ്റി യാണ് പിതാവ് കടന്നു പോകുന്നത്. അദ്ദേഹത്തെ ഓർത്ത് നമ്മുക്ക് അഭിമാനിക്കാം, ദൈവത്തിന് സ്തോത്രം ചെയ്യാം.

ഒരാൾ യഥാർത്ഥത്തിൽ ലോകത്തിൽ നിന്ന് മാറ്റപ്പെടു ന്നത് ശരീരത്തിലെ ജീവൻ നഷ്ടപ്പെടുമ്പോൾ അല്ല. ഈ ലോകത്തിൽ ഇനി ഒരു ഹൃദയത്തിലും ആ ജീവിത ത്തിന്റെ ഓർമ്മകൾക്ക് വസിക്കുവാൻ ഇടമില്ലാതെ വരുമ്പോളാണ് പൂർണ്ണമായും ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുന്നത്. അങ്ങനെ എങ്കിൽ ഫ്രാൻസിസ് മാർപാ പ്പയ്ക്ക് ഈ ലോകത്തിൽ നിന്ന് ഒരു വിട പറച്ചിൽ ഇല്ല. ഈ ഭൂമിയുടെ അവസാന നാഴികയോളം ഏതെ ങ്കിലുമൊരു ഹൃദയത്തിൽ ഫ്രാൻസിസ് മാർപാപ്പ



എന്ന ദൈവത്തിന്റെ മഹത്തായ ഈ സമ്മാനം ജ്വലിച്ചു കൊണ്ടിരിക്കും. കഴിഞ്ഞ 88 വർഷങ്ങളിൽ ലോകത്തെ അനുഗ്രഹിച്ച ഈ 'ഫ്രാൻസിസ് സ്പർശനം' ലോക മുള്ളിടത്തോളം ഓർമ്മിക്കപ്പെടും. ആ സ്നേഹത്തി ലേക്ക് എന്നെയും ചേർത്ത ദൈവത്തിന് സ്തുതി.

വന്ദ്യ പിതാവേ ലോകത്തിന്റെ ഈ ചെറുതുണ്ടിൽ ഇരുന്ന് ഞാൻ അങ്ങയോട് യാത്ര പറയട്ടെ... ഒരു പാട് തവണ വലിയ സ്നേഹത്താലും കാരുണ്യ ത്താലും എന്നെ മുറുകെ പിടിച്ച ആ കൈകളിൽ മനസ്സുകൊണ്ട് ചുംബിക്കട്ടെ....

***വന്ദ്യ പിതാവേ... സമാധാനത്താലെ പോക..***

## ശുചീകരണ പ്രസ്ഥാനത്തിന്റെ ശതവത്സരോത്സവം

സുപ്രധാനമായൊരു ഘട്ടത്തിലേയ്ക്കു സഭ പ്രവേശിക്കുന്നതിന്റെ നാന്ദിയായിരുന്നു അബ്രഹാം മല്പാനച്ചനും, കൈതയിൽ ഗീവറുഗീസ് മല്പാനച്ചനും മറ്റും ആരംഭിച്ച ശുചീകരണത്തിന്റെ ശതവത്സരാ ഘോഷം. ഇതേപ്പറ്റി തീത്തൂസ് രണ്ടാമൻ മാർത്തോമ്മാ മെത്രാപ്പോലീത്താ ഇപ്രകാരം എഴുതി,

*"പ്രിയരെ: സുറിയാനിക്കണക്കിൻപ്രകാരം 1012 ചിങ്ങം 15നു പതിനഞ്ചു നോമ്പ് വീടുന്ന ദിവസം മാരാമൺ പള്ളിയിൽവെച്ച് ബ. അബ്രഹാം മല്പാനച്ചൻ വിശുദ്ധ കുർബ്ബാന രണ്ടായി ജനത്തിനു കൊടുത്ത ദിവസം മുതൽ 1112 സുറിയാനിക്കണക്കിൻപ്രകാരം ചിങ്ങം 15നു (മലയാളക്കണക്കു ചിങ്ങം 13) വെള്ളിയാഴ്ച 100 വർഷം തികയുന്ന ദിവസമാണ്. 1112ന്റെ ആരംഭം ശുചീകരണ പ്രസ്ഥാനത്തിന്റെ ശതവത്സരം പൂർത്തിയാകുന്ന ഘട്ടമാകയാൽ പ്രസ്തുത വർഷം മാർ തോമ്മാ സുറിയാനി സമുദായത്തിൽ ഉൾപ്പെട്ട നമുക്കു എല്ലാവർക്കും ഒരു പ്രത്യേക ആണ്ടാണെന്നു ള്ള വിവരം നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കേണ്ട ആവശ്യമില്ലല്ലോ...വാത്സല്യ മുള്ളവരെ! ഓരോരുത്തരും നമ്മുടെ പിതാക്കന്മാരെപ്പോലെ ഇഹലോകത്തിൽ നിന്നു കടന്നുപോകേണ്ടവരാ കയാൽ സകല കൈപ്പും ക്രോധവും അസൂയയും ഈർഷ്യയും പ്രതികാരചിന്തയും ദുർമാർഗ്ഗമോഹവും വിട്ടു കളഞ്ഞ് ഓരോരുത്തർക്കും സൗജന്യമായി തന്നിരിക്കുന്ന താലന്തുകളെ ദുരുപയോഗപ്പെടുത്താതെ ദൈവനാമ മഹത്വത്തിനു ഉതകുന്ന വിധത്തിൽ എല്ലാ കാര്യങ്ങളിലും ഉത്സാഹിച്ചു പ്രവർത്തിക്കുന്ന പക്ഷം പുതിയ ആണ്ടും നൂറ്റാണ്ടും നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും അനുഗ്രഹപ്രദവും ഇടവകയ്ക്കും സമുദായത്തിനും ക്ഷേമകരവും രണ്ടു ലോകങ്ങളിലും സ്വർഗ്ഗീയ ഭാഗ്യം അനുഭവിക്കുന്നതിനു മുഖാന്തരവും ആയി തീരുന്നതാണ്."*

(കടപ്പാട്: ടി. പി. എബ്രഹാം, മലങ്കര മാർത്തോമാ സഭ നൂറ്റാണ്ടുകളിലൂടെ, CSS 2012, പേജ്. 464)

കുഞ്ഞെഴുത്ത്

# THE MALANKARA MAR THOMA SYRIAN CHURCH IN ESSENCE

Apostolic in Origin - From St. Thomas



Biblical in faith



Episcopal in Tradition Lead by Bishops



Oriental in Worship




Ecumenical in Outlook



Evangelical in Principle



Democratic in Function



Universal in Nature





// ഡെയ്സി പനച്ചിമൂട്ടിൽ



# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

ലോകത്തെ കയ്യിലൊതുക്കുന്ന ആധുനിക സാങ്കേതിക വിദ്യയുടെ ഈ കാലത്ത് ദൂര തടസ്സങ്ങൾ ഇല്ലാതെ ആശയവിനിമയം ഞൊടിയിടയിൽ സാധ്യമാക്കാൻ നൂതന വിദ്യാഭ്യാസ സമ്പ്രദായത്തിന് സാധിക്കുന്നു. ലോകത്തിന്റെ ഏത് ഭാഗത്തും ഏത് കാലത്തും ഉള്ള ചിന്താധാരകളോട് ബന്ധപ്പെടാനും പ്രതികരിക്കാനും ഇന്ന് നമുക്ക് സാധിക്കുമെങ്കിലും മൂല്യ തകർച്ച സർവ്വസാധാരണമായിരിക്കുന്നു.

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ് എന്ന ബോധ്യമാണ് ഏതൊരു വിദ്യാർത്ഥിയിലും വളർത്തിയെടുക്കേണ്ടത്. ഇന്ന് വിദ്യാർത്ഥികൾ വലിയ കാര്യങ്ങൾ പഠിക്കുന്നു. മനുഷ്യനിർമ്മിത ബുദ്ധി വിദ്യാർത്ഥികൾക്ക് സംശയത്തിന് ഉതകുന്ന ഈ എ ഐ യുഗത്തിൽ അതിനൊപ്പം അവർക്ക് തന്നെ ജീവിതത്തെ സ്വയം അളക്കാനുള്ള പരമപ്രധാനമായ മാനദണ്ഡങ്ങൾ പഠിക്കുവാൻ കഴിഞ്ഞില്ല എങ്കിൽ അതിന്റെ തിക്തഫലങ്ങൾ സമൂഹം മുഴുവൻ അനുഭവിക്കേണ്ട സാഹചര്യം ഉണ്ടാകും എന്നത് നാം കണ്ടറിഞ്ഞു കഴിഞ്ഞു.

**വിദ്യാഭ്യാസം ഒരു നാടിന്റെ ഭാവി നിക്ഷേപമാണ്. നന്മയുടെവഴിയിലേക്കുള്ള പ്രകാശം പരത്തുന്നതാകണം വിദ്യാഭ്യാസം. മനുഷ്യൻ ഒരു യന്ത്രമല്ല അവന് ഒരു ഹൃദയമുണ്ട് ആത്മാവുണ്ട്. മഹാത്മജിയുടെ ഈ വാക്കുകളാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം.**

ഞാൻ നേടുന്ന അറിവ് എന്റെത് മാത്രമല്ല അത് അനേകരുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും കൂടി ഉപയോഗിക്കാൻ ഉള്ളതാണ് എന്ന തിരിച്ചറിവാണ് യഥാർത്ഥ വിദ്യാഭ്യാസം. ഹൃദയത്തിൽ ആർദ്രതയും കണ്ണുകളിൽ നനവുമുള്ള നല്ല മനുഷ്യരെയാണ് ഈ കാലഘട്ടത്തിന് ആവശ്യം. നല്ല മനുഷ്യനാവുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം. തെറ്റും ശരിയും തിരിച്ചറിഞ്ഞ് നല്ല മൂല്യങ്ങൾ ഉൾക്കൊണ്ട് ആത്മവിശ്വാസം നേടി സത്യസന്ധരായി കൃത്യനിഷ്ഠ ഉള്ളവരായി ഓരോ വിദ്യാർത്ഥിയും ആയിത്തീരുമ്പോഴാണ് വിദ്യാഭ്യാസം ലക്ഷ്യ

ത്തിലെത്തിച്ചേരുന്നത്. ജീവിതത്തിൽ ജയം മാത്രമല്ല പരാജയങ്ങളും ഉണ്ടാകുമെന്നും പരാജയങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തിൽ പൂർണമായി ആശ്രയിച്ച് സംയമനത്തോടെ സധൈര്യം നേരിടണം. സത്യം ധർമ്മം സഹിഷ്ണുത പരസ്പര ബഹുമാനം അച്ചടക്കം ഉത്തരവാദിത്വം ടൈം മാനേജ്മെന്റ് എന്നിവ ഓരോ വിദ്യാർത്ഥിയുടെയും ജീവിതചര്യയുടെ ഭാഗമാകണം.

പാഠപുസ്തകങ്ങളിലെ പരീക്ഷ ഏതൊരു വിദ്യാർത്ഥിക്കും വിജയിക്കുവാൻ സാധിക്കും. എന്നാൽ ജീവിത യാഥാർത്ഥ്യം എന്ന പ്രധാന പരീക്ഷ വിജയിക്കുവാൻ അധ്യാപകർ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം. മനുഷ്യത്വരഹിതമായ പ്രവർത്തികൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നാളെയുടെ പത്രങ്ങളായ വിദ്യാർഥികളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി പ്രാർത്ഥനയിലൂടെ ഈശ്വരനുമായി ബന്ധപ്പെടുത്തി എല്ലാ മനുഷ്യരിലും നന്മയും തിന്മയും ഉണ്ടാകുമെന്നും തിന്മ ഒഴിവാക്കി സ്നേഹിക്കാനും ക്ഷമിക്കാനും സാധിക്കണമെന്നും അങ്ങനെ വിദ്യാർത്ഥികളെ വളർത്തിയെടുക്കേണ്ടത് സമൂഹത്തിന്റെ ആവശ്യം കൂടിയാണ് എന്ന തിരിച്ചറിവ് ബോധ്യം അധ്യാപകർ വിസ്മരിക്കരുത്.

കുഞ്ഞുങ്ങളെ താരതമ്യം ചെയ്യാതെ സ്നേഹത്തോടെ ചേർത്തുപിടിച്ച് അവരിലെ ഈശ്വരനെ കാണാൻ കഴിയണം. അതുപോലെ കുഞ്ഞുങ്ങൾക്കും രക്ഷിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും ഈശ്വരനെ അനുഭവിക്കാനും നല്ല മൂല്യങ്ങൾ പകർന്ന് നൽകാനും കഴിയണം. നന്മയുടെ വഴിയിലേക്കുള്ള പ്രകാശം പരത്തുന്നതാകണം വിദ്യാഭ്യാസം. അത് ഒരു നാടിന്റെ ഭാവി നിക്ഷേപമാണ്. മനുഷ്യൻ ഒരു യന്ത്രമല്ല അവന് ഒരു ഹൃദയമുണ്ട് ആത്മാവുണ്ട്. മഹാത്മജിയുടെ ഈ വാക്കുകളാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം. ക്ലാസ് മുറിയിൽ അധ്യാപകർ പകർന്നു നൽകിയ പാഠങ്ങൾ വിദ്യാർത്ഥികൾ മറന്നു പോയാലും അധ്യാപകർ പഠിപ്പിച്ച ജീവിത മൂല്യങ്ങൾ മറന്നു പോകാറില്ല എന്നുള്ള തിരിച്ചറിവ് ഓരോ അധ്യാപകനും ഉണ്ടായിരിക്കേണ്ടതാണ്. എന്നത് രണ്ടര പതിറ്റാണ്ടിലെറെയുള്ള അധ്യാപന ജീവിതത്തിലൂടെ ഞാൻ തിരിച്ചറിഞ്ഞ യാഥാർത്യമാണ്.

## സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കായി ഫോട്ടോഗ്രഫി മത്സരം

മഴ

ഫോട്ടോഗ്രഫി മത്സരം

മഴ എന്ന വിഷയം ആസ്പദമാക്കി റാന്നി - നിലയ്ക്കൽ ഭദ്രാസനത്തിലെ സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കായി മൊബൈൽ ഫോട്ടോഗ്രഫി മത്സരം നടത്തുന്നു.

**നിബന്ധനകൾ**

1. മഴ എന്ന വിഷയത്തെ ആസ്പദമാക്കിയാവണം ഫോട്ടോ.
2. മൊബൈൽ ഫോട്ടോ മാത്രമേ അനുവദിക്കുകയുള്ളൂ.
3. ഫോട്ടോ മത്സരാർത്ഥി തന്നെ എടുത്തതാവണം
4. ഒരു മത്സരാർത്ഥിയുടെ ഒരു ഫോട്ടോ മാത്രമേ പരിഗണിക്കുകയുള്ളൂ.
5. ഫോട്ടോയോടൊപ്പം സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററിന്റെ സാക്ഷ്യപത്രം ഇ - മെയിലിൽ ഉണ്ടായിരിക്കണം.
6. പേര്, വിലാസം, മൊബൈൽ നമ്പർ, സണ്ടേസ്കൂൾ ക്ലാസ്, ഇടവക, സെന്റർ ഇവ കൃത്യമായി ഇ - മെയിലിൽ രേഖപ്പെടുത്തിയിരിക്കണം.
7. ഫോട്ടോയിൽ വാട്ടർ മാർക്ക് ഉണ്ടാവരുത്.
9. ഫോട്ടോകൾ bhadrasanadwani@gmail.com എന്ന ഇ - മെയിലിൽ ഓഗസ്റ്റ് 20ന് മുമ്പായി അയ്ക്കേണ്ടതാണ്.





# പോപ്പ് ലിയോ XIV മാർപാപ്പ

## മാറുന്ന ലോകത്തിനായുള്ള പുത്തൻ പ്രതീക്ഷകളുടെ ഇടയൻ



// റവ ഷാനു വി എബ്രഹാം

ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയകേന്ദ്രമായ വത്തിക്കാൻ, ലോകമാകെയുള്ള കത്തോലിക്ക സഭയുടെ ആത്മീയ ആധിപത്യത്തിന്റെ അടയാളമാണ്. ഈ വിശുദ്ധ സ്ഥലം, ഓരോ പുതിയ പാപ്പായുടെയും തെരഞ്ഞെടുപ്പിലൂടെ പുതിയ പ്രതീക്ഷകൾക്കും ദൗത്യങ്ങൾക്കുമായി മാറുന്നു. 2025ൽ നടന്ന പാപ്പാ തെരഞ്ഞെടുപ്പിൽ, ലോകം കണ്ടത് ചരിത്രത്തിലെ പുതിയൊരു അധ്യായമാണ് അമേരിക്കൻ പൗരനും, ആഗസ്തിനിയൻ വൈദികനമായ റോബർട്ട് ഫ്രാൻസിസ് പ്രേവോസ്റ്റ് പോപ്പ് ലിയോ XIV എന്ന പേരിൽ സഭയുടെ ഉന്നതപദവിയിൽ അഭിഷിക്തനായി.

**പാപ്പായുടെ ജീവിതത്തിന്റെ തുടക്കം**

റോബർട്ട് ഫ്രാൻസിസ് പ്രേവോസ്റ്റ് ജനിച്ചത് 1955 സെപ്റ്റംബർ 14ന് അമേരിക്കയിലെ ചിക്കാഗോയിൽ ആണ്. അദ്ദേഹത്തിന്റെ കുടുംബം ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനിഷ് പാരമ്പര്യമുള്ളതാണ്. ചെറുപ്പം മുതലേ ദൈവത്തെ സേവിക്കാനുള്ള ആത്മാർഥതയോടെ അഗസ്തിനിയൻ എന്ന വൈദിക സമൂഹത്തിൽ ചേർന്നു.

**വിദ്യാഭ്യാസം:** ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയ ശേഷം, തിയോളജിയിൽ ഗൗരവപൂർണ്ണമായ പഠനം നടത്തി. പിന്നീട് റോം നഗരത്തിലെ പാപ്പൽ ആംഗെലിക്കം യൂണിവേഴ്സിറ്റിയിൽ നിന്ന് കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി.

**1982ൽ വൈദികനായി അഭിഷിക്തനായി.**

**മിഷണറി സേവനം:** അദ്ദേഹം പെറുവിലെ ചുലുകാനാസിലെയും മറ്റുമുള്ള സ്ഥലങ്ങളിലെ ദാരിദ്ര്യത്തിലായ സമൂഹങ്ങൾക്കിടയിൽ സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയും മാനവികതയും അദ്ദേഹത്തെ സഭയിൽ ഉന്നതമായ സ്ഥാനത്തേക്കും പ്രശസ്തിയിലേക്കും നയിച്ചു.

1999-ൽ Augustinian Order-ന്റെ ആഗോള തലത്തിൽ ജനറൽ ആയി തെരഞ്ഞെടുക്കപ്പെട്ടു.

പെറുവിലെ ദരിദ്രരോടുള്ള ദയയും, സാമൂഹിക നീതി സ്ഥാപിക്കാൻ നടത്തിയ ഇടപെടലുകളും അദ്ദേഹത്തെ വെളിപ്പെടുത്തുന്നവയാണ്. സാമൂഹിക വിമർശനങ്ങൾക്കും രാഷ്ട്രീയ അടിച്ചമർത്തലുകൾക്കും ഇടയിൽ സഭയുടെ സ്വതന്ത്ര സ്വരം അദ്ദേഹം ഉയർത്തുകയായിരുന്നു.

**വത്തിക്കാനിലേക്കുള്ള വിളി**

2014ൽ മാർപാപ്പ ഫ്രാൻസിസ് അദ്ദേഹത്തെ ബിഷപ്പായി നിയമിച്ചു, 2023ൽ കർഡിനാൾ സ്ഥാനം നൽകി. അതേ വർഷം തന്നെ വൈദികരായ സമൂഹങ്ങളുമായി ബന്ധപ്പെട്ട Dicastery for Bishops എന്ന വത്തിക്കാൻ വിഭാഗത്തിന്റെ തലവനായി നിയമിക്കപ്പെട്ടു.

അദ്ദേഹം സമാന്തരമായി അമേരിക്കൻ സഭയെയും, ലാറ്റിനമേരിക്കൻ സമൂഹങ്ങളെയും തമ്മിൽ ബന്ധിപ്പിക്കാൻ ശ്രമിച്ചു. കത്തോലിക്കാ സഭയുടെ ആഗോള സ്വഭാവം, എല്ലാ ഭാഷകളിലും സംസ്കാരങ്ങളിലും ദൈവത്തെ കാണുവാനുള്ള കഴിവ്, അദ്ദേഹത്തിന്റെ ദർശനത്തിന്റെ അടിസ്ഥാനം ആകുന്നു.

**പോപ്പ് തിരഞ്ഞെടുപ്പ്: ലോകം ആകമാനം കാത്തിരുന്ന ചരിത്രപരമായ ഒരു നിമിഷം**

2025ലെ പാപ്പാ കോൺക്ലേവിൽ, രണ്ടാം ദിവസത്തെ വോട്ടെടുപ്പിൽ, 267ാമത്തെ പാപ്പായായി പോപ്പ് ലിയോ XIV തെരഞ്ഞെടുക്കപ്പെട്ടു. ഇതോടെ പോപ്പ്



തിരഞ്ഞെടുപ്പ് ചരിത്രപരമായ ചില വസ്തുതകൾ സൃഷ്ടിച്ചു. അമേരിക്കയിൽ ജനിച്ച ആദ്യ പാപ്പാ എന്നതു ഒരു പുതു ചരിത്രമാണ്. ആഗസ്തിനിയൻ സമൂഹത്തിൽ നിന്നുള്ള ആദ്യ പാപ്പായുമാണ് അദ്ദേഹം. വളരെ സൗമ്യവുമായ, മധ്യരേഖാ (middle-of-the-road) നിലപാടുള്ള പുതിയ നേതാവായി അദ്ദേഹം ലോകത്തിന്റെ ശ്രദ്ധ നേടി.

**പേരിന്റെ അർത്ഥം: ലിയോ XIV**

പോപ്പ് ലിയോ XIV എന്ന പേര് സ്വീകരിച്ചത്, സാമൂഹിക നീതിയിലേക്കുള്ള പ്രതിബദ്ധതയും, പൗരന്മാരോട് ഉള്ള ഉത്തരവാദിത്തവുമൊക്കെ ശക്തമായി ഉയർത്തിപ്പിടിച്ച പോപ്പ് ലിയോ XIIകന്റെ പാരമ്പര്യം തുടരണം എന്നതിന്റെ സൂചനയായി കരുതപ്പെടുന്നു. ഈ പേര്, ശക്തിയുടെയും കരുണയുടെയും സംയോജനമാണ്.

**ആദ്യ സന്ദേശം : കരുണയും ഐക്യവും**

പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷം, സിസ്റ്റിൻ ചേപ്പലിൽ നടന്ന ആദ്യ വിശുദ്ധ കുർബാനയിൽ അദ്ദേഹം തന്റെ ആദ്യ സന്ദേശം പൊതുജനങ്ങളോട് പങ്കുവച്ചു: സ്നേഹത്തിന്റെയും നീതിയുടെയും വഴിയിലൂടെയാണ് സഭ മുന്നേറേണ്ടത്. ദൈവം എല്ലാവരെയും സ്നേഹിക്കുന്നു. ദോഷം അവസാന ജയം നേടില്ല. ഈ വാക്കുകൾ പുതിയൊരു ആത്മീയ ദിശാപഥം വാഗ്ദാനം ചെയ്തുവെന്ന് ലോകത്തിനു അനുഭവപ്പെട്ടു.

**ഡിജിറ്റൽ കാലത്തിന്റെ പാപ്പാ**

പോപ്പ് ലിയോ XIVയുടെ ആദ്യ പ്രധാന പ്രസംഗങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനോട് (AI) ബന്ധപ്പെട്ട നൈതിക വെല്ലുവിളികൾ എടുത്തുപറഞ്ഞത് ഏറെ ശ്രദ്ധേയമായി. മനുഷ്യാവകാശങ്ങൾ, തൊഴിലാളികളുടെ സുരക്ഷ, കുട്ടികളുടെ മാനസിക വളർച്ച, എന്നിവയോട് അകൽച്ച ഉണ്ടാക്കാതിരിക്കാൻ ജാഗ്രത ആവശ്യപ്പെട്ട അദ്ദേഹം, ഡിജിറ്റൽ യുക്തിപരമായ ഭരണത്തിന് ആദ്ധ്യാത്മിക പരിരക്ഷ വേണമെന്ന് വ്യക്തമാക്കി.

**സഭയുടെ ഭാവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട്**

വിശ്വാസം ഒരു തത്ത്വചിന്ത അല്ല, അത് ഒരു യാത്രയാണ്. ഏത് ഭാഷയിലും ദൈവം സംസാരിക്കുന്നു.



**അന്തർമതസംവാദത്തിന് തുടർബലങ്ങൾ**

അന്ധവിശ്വാസങ്ങൾക്ക് മറുപടിയായി ജ്ഞാനത്തിന്റെ ദീപം സഭയെ പ്രാദേശികമായി ആഴത്തിൽ ഉൾക്കൊള്ളിക്കാൻ തയാറാക്കിയ ദർശനം എന്നിവ അദ്ദേഹം പങ്കുവെച്ചു. മാർത്തോമ്മാ സഭയുടെ എപ്പിസ്കോപ്പമാർ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ മുൻ മാർപ്പാപ്പയുടെ പ്രത്യേക ക്ഷണപ്രകാരം വത്തിക്കാൻ സന്ദർശിച്ചതും, എക്യൂമിനിസത്തിന്റെ പുതിയ പ്രതീക്ഷകൾ ചർച്ചകൾ ആദിയായവ എല്ലാം തന്നെ സഭയുടെ യശസ്സ് ലോകത്തിന്റെ മുന്നിൽ ഉയർത്തിയ സന്ദർഭം ആയിരുന്നു. തുടർന്നും അപ്രകാരം ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകാൻ നമുക്ക് പ്രാർത്ഥിക്കാം.

മാർപാപ്പ ലിയോ XIV സഭയുടെ നൂതന യുദ്ധങ്ങൾക്ക് ആത്മീയ ആയുധങ്ങളുമായി മുന്നോട്ട് പോകുന്ന നേതാവാണ്. വിശ്വാസത്തിന് കരുണയും, നീതിക്കു വിശാല മനസ്സും ആവശ്യമാണെന്ന ബോധ്യത്തോടെ, ലോകത്തെ ദൈവത്തിന്റെ ഹൃദയത്തിലേക്കാണ് അദ്ദേഹം ക്ഷണിക്കുന്നത്.

**കരുണയുടെ പുതുവഴികളിൽ**

പോപ്പ് ലിയോ XIVയുടെ തെരഞ്ഞെടുപ്പ്, വിശ്വാസികളുടെ പ്രതീക്ഷകളുടെ പ്രതിഫലനമാണ്. അദ്ദേഹം നയിക്കുന്നത് സുസ്ഥിരതയുടെയും കരുണയുടെയും ആത്മീയ വിചാരങ്ങളോടെയുള്ള ഒരു ദൈവിക സംസ്കാരപരിഷ്കാരമാണ്. ഒരു പുതിയ കാലഘട്ടം, സാമൂഹിക നീതി, പരസ്പര ബഹുമാനം, സാങ്കേതിക വിജ്ഞാനത്തിൽ നൈതികത തുടങ്ങിയവയുടെ സമന്വയത്തിലൂടെ പുതിയ സഭയുടെ പുതിയദിശാ ലോകത്തിന് തെളിയിക്കുന്നു.





# സൗമ്യനായ അമരക്കാരൻ

## ജോസഫ് മാർ ഗ്രിഗോറിയോസ് കാതോലിക്കാ ബാവാ



ആടി ഉലയുന്ന സഭാ നൗകയ്ക്ക് ശക്തനായ ഒരു അമരക്കാരൻ... പതറാതെ സൗമ്യനായി നിയന്ത്രണം ഏറ്റെടുത്ത് മുന്നോട്ടു നയിക്കുന്നു. യാക്കോബായ സഭയ്ക്ക് ദൈവം നൽകിയ അമരക്കാരനാണ് ബസ്സേലിയോസ് ജോസഫ് കതോലിക്കാ ബാവാ. ലബനൻ തലസ്ഥാനമായ ബെയ്റൂട്ടിൽ അച്ചാനെയിലുള്ള സെൻറ് മേരീസ് കത്തീഡ്രലിലാണ് സ്ഥാനാരോഹണച്ചടങ്ങ് നടന്നത് ആകമാന സുറിയാനി സഭയുടെ തലവനായ പാത്രിയർക്കീസ് ബാവ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവ എന്ന സ്ഥാനപ്പേരാണ് ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത സ്വീകരിച്ചത്. എറണാകുളം മുളന്തുരുത്തി പെരുമ്പിള്ളി സ്രാമ്പിക്കൽ വർഗീസിന്റെയും സാറാമ്മയുടെയും മകനായി 1960 നവംബർ പത്തിനാണ് ജോസഫ് മാർ ഗ്രിഗോറിയോസിന്റെ ജനനം. പരുമല തിരുമേനിയുടെ നാലാം തലമുറക്കാരന് ജന്മനിയോഗമായിരുന്നു വൈദിക ജീവിതം. പതിമൂന്നാം വയസ്സിൽ ശെമ്മാശപ്പട്ടം നേടി. എറണാകുളം മഹാരാജസ് കോളേജ്, അയർലണ്ടിലും യുഎസിൽ നിന്നും ഉന്നത വിദ്യാഭ്യാസവും നേടി. 33-ാം വയസ്സിൽ പാത്രിയാർക്കീസ് ബാവ തന്നെ ആണ് മെത്രാപൊലീത്തയായി വാഴിച്ചത്. തുടർന്ന് 30 വർഷക്കാലം സഭയുടെ ഭരണ സിരാകേന്ദ്രമായ പുത്തൻ കുരിശ് കേന്ദ്രീകരിച്ചു പ്രവർത്തിച്ചു. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത, 18 വർഷക്കാലം സുന്നഹദോസ് സെക്രട്ടറി, ഗൾഫ്, യൂറോപ്യൻ മേഖലകളിലും വിവിധ ഭദ്രാസനങ്ങളെ നയിച്ചു.


ആധ്യാത്മിക ജീവിതത്തിനൊപ്പം മികച്ച സംഘാടകൻ എന്നതു കൂടിയാണ് ജോസഫ് മാർ ഗ്രിഗോറിയോസിനെ സഭയുടെ ഭരണ ചുമതല ഏൽപിക്കാൻ അന്ത്യോഖ്യാ സിംഹാസനത്തെ പ്രേരിപ്പിച്ചത്. ക്ഷേമപ്രവർത്തനങ്ങളുടെ സൂത്രധാരൻ, സഭയ്ക്ക് പൊതുസമൂഹത്തിൽ മേൽവിലാസം നൽകിയ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അമരക്കാരൻ, സഭയുടെ സാമൂഹിക രാഷ്ട്രീയ നിലപാട് തെളിമയോടെ പറയുന്ന നേതാവ് എന്നിങ്ങനെ പല തരത്തിൽ സ്വാധീനം ചെലുത്തിയ അദ്ദേഹത്തെ ഭാവിയിലേക്കുള്ള പുത്തൻ പ്രതീക്ഷയായാണ് സഭാ വിശ്വാസികൾ ഉറ്റുനോക്കുന്നത്. മാർത്തോമ്മാ സഭയുടെ ആത്മമിത്രമാണ് അഭിനവ കാതോലിക്കാ ബാവ. മാർത്തോമ്മാ-യാക്കോബായ ഡയലോഗിന്റെ സജീവ സാന്നിധ്യവും സഭൈക്യപ്രസ്ഥാനത്തിന്റെ മുന്നണി പോരാളിയുമാണ് ജോസഫ് ബസേലിയോസ് കാതോലിക്കാ ബാവ. സഭകൾ തമ്മിലുള്ള ഹൃദ്യമായ ബന്ധം അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താ തന്റെ സന്ദേശത്തിലൂടെ വ്യക്തമാക്കിയിരുന്നു. സഫ്രഗൻ മെത്രാപ്പോലീത്തായെ സ്ഥാനാരോഹണത്തിന് അയച്ചതും പിന്നീട് സഭയുടെ ആശംസകൾ അറിയിച്ചതും മെത്രാപ്പോലീത്താ നേരിട്ട് സന്ദർശിച്ചതും എല്ലാം ഈ സ്നേഹബന്ധത്തിന്റെ ബഹിർസ്പുരണങ്ങളാണ്.

റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ എല്ലാ ഭാവുകങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

സാഹിത്യ ജാലകം

പുസ്തക പരിചയം

# നഷ്ടങ്ങളുടെ ലോകത്തെ കണ്ടെത്തലിന്റെ സുവിശേഷം




റവ. കുര്യൻ ജോർജ്



// റവ. അരുൺ തോമസ്

നാം കാണാതെ പോകുന്നവ എല്ലാം നമ്മുടെ കാഴ്ചകൾക്ക് മറഞ്ഞിരിക്കുന്നവയാണ്. നമ്മുടെ കാഴ്ചകളുടെ ലോകത്തേക്ക് അവയെ പ്രവേശിപ്പിക്കുന്നത് ഒരു സുവിശേഷ വേലയാണ് എന്ന് ആഴത്തിൽ ബോധ്യപ്പെടുത്തുന്ന ശക്തമായ പ്രചോദനത്തിന്റെ ഉറവയാണ് വന്ദ്യ കുര്യൻ ജോർജ് അച്ചൻ രചിച്ച 'Lost and found' എന്ന പുസ്തകം.

ജീവിതയാത്രയിൽ ജീവിതത്തിന്റെ ശ്രുതി ലയങ്ങൾനഷ്ടപ്പെട്ടു പോയ ജീവിതങ്ങളുടെ നേർക്ക് പിടിച്ച കണ്ണാടിയാണ് അച്ചന്റെ എഴുത്ത്. അതിൽ അനുഭവവും ദർശനവും ചേർന്നിരിക്കുന്നു. അനേക സംവത്സരങ്ങൾ മാനസിക ചികിത്സാ രംഗത്തെ തന്റെ അനുഭവങ്ങളും ഉൾക്കാഴ്ചകളും ആണ് ഈ പുസ്തകത്തിന്റെ ശ്രോതസ്.

ഈ പുസ്തകം വായനക്കാർക്ക് മുൻപിൽ തുറക്കുന്നത് വ്യതിരിക്തമായ അന്വേഷണത്തിന്റെയും ഉൾക്കാഴ്ചകളുടെയും ലോകമാണ്. ഇത് മാനസിക രോഗത്തെക്കുറിച്ചും രോഗികളെക്കുറിച്ചും ഉള്ള നമ്മുടെ സാമാന്യ ധാരണകളെ പാടെ തിരുത്തുന്നതും നവീനമായ ഉൾകാഴ്ചകളിൽ മാനസിക പ്രയാസം അനുഭവിക്കുന്നവരെ സമീപിക്കുന്നതിന് നമ്മെ സഹായിക്കുന്ന പുതു വഴികളിലേക്കും ദർശന മാർഗ്ഗത്തിലേക്കും അച്ചൻ നമ്മെ പ്രവേശിപ്പിക്കുന്നു.

പുസ്തകത്തിന്റെ തല കെട്ടിൽ തന്നെ മാനസിക രോഗവും രോഗികളും ചികിത്സാ വഴികളും അടങ്ങുന്ന വലിയ യാഥാർത്ഥ്യത്തിന്റെ ലോകത്തിലേക്ക് പ്രവേശിക്കുന്ന ഏതൊരാൾക്കും സഹായകരമായി വെളിച്ചത്തിന്റെ രണ്ട് വാക്കുകൾ അച്ചൻ നമ്മുടെ ഉള്ളംകയ്യിൽ വച്ചു തരുന്നു. 'Lost and found', അപരിചിതമായ വഴിയിൽ യാത്ര ചെയ്യുന്നവർ വഴി തെറ്റി സഞ്ചരിക്കുവാൻ സാധ്യതയുണ്ട് അത്തരത്തിൽ ജീവിതമാകുന്ന കഠിന വഴികളിൽ ദിശ അറിയാതെ ഉഴലുന്നവരാണ് എല്ലാ മാനസിക രോഗികളും എന്നതാണ് അച്ചൻ കത്തിച്ചു വയ്ക്കുന്ന ആദ്യത്തെ തെളിച്ചമുള്ള വാക്ക് – The lost ones on the long roads. രണ്ട്, വഴികളിൽ നഷ്ടപ്പെട്ടു പോയവരെ യഥാർത്ഥ ദിശയിലേക്ക് വീണ്ടും യാത്ര ചെയ്യുവാൻ പ്രാപ്തരാക്കുന്ന വഴികാട്ടികളുടെ നിയോഗങ്ങൾ ബോധ്യപ്പെടുത്തുന്ന വെളിച്ചത്തെ പകരുന്ന വാക്കാണ് – the founding souls on the long roads. ഈ നഷ്ടപ്പെടലിന്റെയും കണ്ടെത്തലിന്റെയും വിചിത്ര ലോകത്തേ സുവിശേഷമാകുവാൻ ഉള്ള വലിയ ക്ഷണമാണ് വന്ദ്യ കുര്യൻ ജോർജ് അച്ചൻ നമ്മുക്ക് മുമ്പിൽ തുറന്നു വയ്ക്കുന്നത്.

പുസ്തക ലോകത്തെ വിശാലമായ ഏതെങ്കിലും ഒരു വിഭാഗത്തിൽ അച്ചന്റെ ഈ പുസ്തകത്തെ ഒതുക്കുവാൻ കഴിയുകയില്ല. കാരണം അത് ആത്മ കഥാംശങ്ങളുടെ വലിയ നിക്ഷേപങ്ങൾ കൊണ്ട് ഒരു ആത്മകഥയോളം എത്തുന്നുണ്ട്, ഒരു ചികിത്സാ വിദഗ്ദന്റെ ഡയറി കുറുപ്പുകൾ പോലെ അനുഭവ കഥകളുടെ വലിയ ലോകത്തെ സൂക്ഷിക്കുന്നുണ്ട്, ദർശനങ്ങളുടെ സുവിശേഷ പ്രകാശനം കൊണ്ട് ഒരു വിജ്ഞാന ഗ്രന്ഥമായും ഉയരുന്നു. ഇങ്ങനെ വായനക്കാർക്ക് ഏത് അന്വേഷണ തലത്തിൽ നിന്നുകൊണ്ടും സമീപിക്കാവുന്ന വിശാലതയുടെ ഒരു എഴുത്തു വഴി കുര്യൻ ജോർജ് അച്ചൻ സ്വീകരിച്ചിരിക്കുന്നു.

ബോംബെയിലെ തന്റെ ബാല്യകാല ജീവിതത്തിൽ നടന്നു തുടങ്ങിയ വഴികളിൽ നിന്നാണ് അച്ചൻ സവിശേഷമായ ഒരു കണ്ണാടി തനിക്കുണ്ട് എന്ന യാഥാർത്ഥ്യത്തെ തിരിച്ചറിയുന്നത്. ആ കണ്ണാടി ദൈവത്തിന്റെ സമ്മാനമായിരുന്നു. നഷ്ടപ്പെട്ടു പോയവരെ കാഴ്ചയുടെ ദൃഷ്ടിപഥത്തിൽ എത്തിക്കുന്ന ആ അത്ഭുത കണ്ണാടിയിൽ ആദ്യം പെട്ടത് തന്റെ കൂട്ടുകാരന്റെ അമ്മയായിരുന്നു. ആ അമ്മയെ കൂട്ടുകാരന്റെ വീട്ടിൽ സുരക്ഷിതമായി കൊണ്ട് ആക്കിയ ശേഷം ആ കണ്ണാടി കുര്യൻ ജോർജ് അച്ചൻ അഴിച്ചു വച്ചിട്ടില്ല. ഭാരതത്തിന്റെ എല്ലാ വഴികളും ആ കണ്ണാടിയിൽ പതിഞ്ഞ നൂറു കണക്കിന് ജീവിതങ്ങളെ കണ്ടെത്തുന്നതിന് അച്ചന് കഴിഞ്ഞു. ഇന്ന് റാന്നിയിലെ നാട്ടുവഴികളിലും കാഴ്ച ഒട്ടും മങ്ങാത്ത ഈ കണ്ണടയുമായി ഹൃദയത്തിന്റെ സ്നേഹ സംഗീതത്തെ പാടി കൊണ്ട് 'song of souls' എന്ന പ്രസ്ഥാനത്തിന്റെ അമരത്ത് അച്ചൻ ഉണ്ട്. നഷ്ടപ്പെട്ടു പോയവരെ കണ്ടെത്തുന്ന ഇടയന്റെ ഹൃദയവും വിചാരവുമായി നിരന്തരം പ്രയാണം ചെയ്യുന്ന കുര്യൻ ജോർജ് അച്ചന്റെ ആശ്ചര്യകരമായ ശുശ്രൂഷ സരണികളുടെ അക്ഷര സാക്ഷ്യമാണ് ഈ പുസ്തകം. അതിന്റെ ആഴങ്ങൾ നമ്മെ വെല്ലുവിളിക്കുന്നു അതിന്റെ ഭാരങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നു. ആർത്തു വരുന്ന തിരമാലകൾ കണ്ട് ഭയത്തോടും അതിലുപരി ആശ്ചര്യത്തോടെയും സാഗരതുല്യമായ മാനസിക രോഗത്തിന്റെ വിസ്മയത്തിന്റെ അഗാധ ആഴിയിലേക്ക് ഈ പുസ്തകം നമ്മെ കൂട്ടി കൊണ്ട് പോകുന്നു. അവിടെ നഷ്ടപ്പെട്ടവരുടെ ലോകത്ത് ദൈവം നമുക്ക് നൽകിയിരിക്കുന്ന കണ്ടെത്തലുകളുടെ സുവിശേഷ വേല കാത്തിരിക്കുന്നു.

# തപോവൻ അരമനയും, തോമസ് മാർ അത്താനാസ്യോസ് മാർത്തോമാ സെന്റർ ഭദ്രാസന കേന്ദ്രവും





// അനു ഫിലിപ്പ്
ഭദ്രാസന ട്രഷറർ

കാർഷിക സംസ്കാരത്തിൽ നിന്നും വ്യവസായ വിപ്ലവത്തിലൂടെയും നൂതന സാങ്കേതികവിദ്യയിലൂടെയും സർവോപരി ഇന്ന് നടപ്പിലായി കൊണ്ടിരിക്കുന്ന നിർമ്മിത ബുദ്ധിയുടെയും കാലഘട്ടത്തിൽ, നവീകരണത്തിന്റെയും സുവിശേഷ ദൗത്യത്തിന്റെയും പാതയിലൂടെ ബഹുദൂരം സഞ്ചരിച്ച് വളർച്ച പ്രാപിച്ച്, കാലോചിതമായ പ്രവർത്തന സരണിയിലൂടെ അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്ന മാർത്തോമ്മാ സഭയിൽ കിഴക്കിന്റെ അതിപ്രധാനമുള്ള സ്ഥലങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ഒരു മേഖലയാണ് റാന്നി-നിലയ്ക്കൽ ഭദ്രാസനം.

1990 ജനുവരി 1 ന് രൂപീകൃതമായ ഈ ഭദ്രാസനത്തിൽ റാന്നി, കോഴഞ്ചേരി, മല്ലപ്പള്ളി, കോന്നി എന്നീ താലൂക്കുകൾ ഉൾപ്പെട്ടു കൊണ്ട്; ശബരിമല, നിലയ്ക്കൽ തുടങ്ങിയ വിശ്വവിഖ്യാതങ്ങളായ പുണ്യസ്ഥലങ്ങൾ ഉൾക്കൊള്ളുന്ന അതിവിശാലമായ പ്രദേശമാണ്.

അതി പുരാതനകാലത്ത് ജനവാസകേന്ദ്രം ആയിരുന്നിട്ടും പാണ്ടിപ്പടയുടെ ആക്രമണങ്ങൾ ഭയന്ന് ജനങ്ങൾ പാലായനം ചെയ്ത് വിജനമായി തീർന്ന 'മലനാടിന്റെ റാണി' എന്ന് അർത്ഥമുള്ള റാന്നി മേഖലയ്ക്ക് കർത്താക്കന്മാർ നാടുവാഴികളായി തീർന്നത് മുതലാണ് ചരിത്രപരമായ മുൻസ്ഥാനം ലഭിച്ചു തുടങ്ങിയത്. പന്തളത്ത് രാജാക്കന്മാരുടെ കാലഘട്ടത്തിൽ ശത്രുക്കളിൽ നിന്ന് അഭയം തേടുവാനായി പാണ്ടിയിൽ നിന്നും കൊണ്ടുവന്ന മല്ലന്മാരായ യോദ്ധാക്കന്മാരുടെ വംശമാണ് കർത്താക്കന്മാർ. കർത്താക്കന്മാർ കൃഷിക്കും, ആയോധനത്തിനുമായി നായർ വിഭാഗത്തിൽ ഉള്ളവരെയും, കച്ചവടത്തിനും ജലഗതാഗതത്തിനുമായി ക്രിസ്ത്യൻ വിഭാഗത്തിൽ ഉള്ളവരെയും വരുത്തി ഭൂമി ദാനമായി നൽകി. എന്നാൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് പന്തളത്ത് രാജ്യം പിടിച്ചടക്കിയതിനെ തുടർന്നാണ് കർത്താക്കന്മാർക്ക് റാന്നിയുടെ നാടുവാഴി സ്ഥാനം ഉറപ്പിച്ച് കൊടുത്തത്. അത് കൊല്ലവർഷം 915നും 931ലും നൽകിയ തീട്ടുകളുടെ പകർപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെ തുടർന്ന് കൊല്ലവർഷം 918 ൽ കർത്താക്കന്മാർ റാന്നിയിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയമായ സെന്റ് തോമസ് വലിയ പള്ളിക്കു വേണ്ടി ക്നാനായ സുറിയാനി ക്രിസ്ത്യാനികൾക്ക് 'ദേവർക്കുന്ന്' എന്ന അതിമനോഹരമായ സ്ഥലം നൽകി. ഇന്നുള്ളതിൽ നിന്ന് വ്യത്യസ്തമായി

പുതിയ ദേവാലയങ്ങൾഉണ്ടാകുന്നതുവരെ എല്ലാ വിഭാഗം ക്രിസ്ത്യാനികളും ഇത് പൊതു ദേവാലയമായി ഉപയോഗിച്ച് ആരാധന നടത്തിയിരുന്നു. നവീകരണാനന്തരം റാന്നിയിലെ ആദ്യത്തെ മാർത്തോമ്മാ ദേവാലയം രൂപംകൊണ്ടത് വൈക്കത്താണ്. മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക്

പുതിയതായി റാന്നി കേന്ദ്രീകരിച്ചുകൊണ്ട് റാന്നി -നിലയ്ക്കൽ എന്ന പേരിൽ ഒരു ഭദ്രാസനം രൂപീകൃതമായപ്പോൾ ഇതേ വൈക്കത്തു തന്നെ ഭദ്രാസന കേന്ദ്രം തുടങ്ങുവാൻ സാധിച്ചു എന്നുള്ളത് തികച്ചും യാദൃശ്ചികം ആണെങ്കിലും ദൈവനിയോഗം എന്ന് വിശ്വസിക്കുന്നു. മാർത്തോമ്മാ സഭാ വിശ്വാസികൾ തിങ്ങിപ്പാർക്കുന്ന, വികസന സാധ്യതകൾ ഏറെയുള്ള റാന്നിയിൽ മാർത്തോമാ സഭയ്ക്ക് ഒരു കേന്ദ്രം ഉണ്ടാകണം എന്നുള്ളത് കിഴക്കൻ മേഖലയിലെ സഭാംഗങ്ങളുടെ ഒരു ചിരകാല അഭിലാഷം ആയിരുന്നു. ഭാഗ്യസ്മരണീയനായ ഡോ. തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ 1984 മെയ് മാസം 12-ാം തീയതി ശനിയാഴ്ച

കൂടിയ ഒരു പൊതുയോഗമാണ് ഇപ്രകാരം ഒരു ഭദ്രാസനത്തിന് രൂപം നൽകാൻ തുടക്കം കുറിച്ചത്. അതേ വർഷം തന്നെ ഡിസംബർ മാസം 1 -ാം തീയതി 2 ഏക്കർ 61 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങുതിന് സാധിച്ചു. എന്നാൽ ഭാഗ്യസ്മരണീയനായ ഡോ.തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്ത കാലം ചെയ്തതിനെ തുടർന്ന് കോട്ടയം റാന്നി ഭദ്രാസന എപ്പിസ്കോപ്പയായി ചുമതലയേറ്റ ഭാഗ്യസ്മരണീയനായ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപോലിത്ത തിരുമേനി തുടങ്ങിവച്ച കാഴ്ചപ്പാടുകൾ പൂർത്തീകരിച്ചു ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമാണ് നമ്മൾ ഇന്ന് കാണുന്ന ഭദ്രാസന കേന്ദ്രം.

ഭദ്രാസന കേന്ദ്രം ആരംഭിക്കുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ, വിശാലമായ ഭക്ഷണഹാൾ തുടങ്ങിയവയോട് കൂടി പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് ഡോ. തോമസ് മാർ അത്താനാസ്യോസ് മാർത്തോമാ സെന്റർ എന്ന പേരാണ് അന്ന് നൽകിയത്. ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും അരമനയും ഒന്നിച്ചായിരുന്നു നാളിതുവരെയായി പ്രവർത്തിച്ചുവന്നിരുത്. 2018 ഉണ്ടായ മഹാപ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച നമ്മുടെ ഭദ്രാസന കേന്ദ്രം ഏറെ വിഷമതകൾ ഉണ്ടാക്കി. ഇലട്രിക്കൽ സർക്യൂട്ട് ഉൾപ്പെടെ കേടുപാടുകൾ വന്ന അരമന കേരളവാസ്തു ശില്പത്തനിമയോടുകൂടി അതിമനോഹരമായി പുതുക്കിപ്പണിയുന്നതിനും 'തപോവൻ അരമന' എന്ന് നാമകരണം ചെയ്യുന്നതിനും അഭിവന്ദ്യ മെത്രാപ്പോലീത്താ കൂദാശ നിർവ്വഹിക്കുന്നതിനും 2024 ആഗസ്റ്റ് 24 ന് സാധിച്ചു. അരമന സ്റ്റാഫിന് താമസിക്കുവാനായി സ്റ്റാഫ് കോട്ടേഴ്സും അരമനയോടു ചേർന്ന് പുതിയതായി നിർമിക്കുവാൻ സാധിച്ചു. അരമനയോടുകൂടി ചേർന്ന് പ്രവർത്തിച്ചിരുന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് റാന്നി-മന്ദിരംപടി റോഡ് സൈഡിലുള്ള കെട്ടിടത്തിലേക്ക് മാറ്റി അത്യാധുനിക സൗകര്യങ്ങളോടുകൂടി ഡോ. തോമസ് മാർ അത്താനാസ്യോസ് മാർത്തോമാ സെന്റർ ഓഫീസ് സമുച്ചയം പുനർക്രമീകരിക്കുതിനും 2023 ഡിസംബർ 27 ന് കൂദാശ ചെയ്യുവാനും സാധിച്ചു. ഈ ഓഫീസ് സമുച്ചയത്തിൽ വിശാലമായ കൗൺസിൽ ചേംബർ, മുക്തി കൗൺസിലിംഗ് സെന്റർ, എല്ലാ സംഘടനകളുടെ രേഖകൾ സൂക്ഷിക്കുതിനുള്ള ഓഫിസ് സൗകര്യം, ബുക്ക് സ്റ്റാൾ, വി. കുർബാനയ്ക്കുള്ള അപ്പവും വീഞ്ഞും മറ്റു കൂദാശകൾക്കുള്ള വസ്തുക്കൾ നൽകുന്നതിനുള്ള സർവീസ് ഏജൻസി തുടങ്ങിയവ നൂതനമായ സൗകര്യങ്ങളോടുകൂടി ക്രമീകരിക്കുന്നു. കലമണ്ണിൽ ഉമ്മൻ അച്ചൻ ഓഡിറ്റോറിയത്തോട് ചേർന്നിരുന്ന പഴയ മെസ്സ് ഹാൾ നൂതനമായ രീതിയിൽ പുനർ ക്രമീകരിക്കുതിന് സാധിച്ചു. അരമനയോടു ചേർന്നുള്ള നമ്മുടെ പുരയിടത്തിൽ ഫലവൃക്ഷത്തൈകൾ നട്ട് ഹരിതാഭമാക്കുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചു.

ശോചനീയ അവസ്ഥയിലായിരുന്ന ബിഷപ്പ് സെക്രട്ടറിയുടെ ക്വാട്ടേഴ്സും ഏറെ സൗകര്യങ്ങളോടുകൂടി മെച്ചപ്പെട്ട രീതിയിൽ നവീകരിക്കുന്നതിനും സാധിച്ചു.

1990 മുതൽ 35 വർഷമായി ഭദ്രാസനം സാമൂഹിക-ആത്മീയ-സേവന മേഖലകളിൽ വിവിധ പദ്ധതികൾ വിജയകരമായി നടപ്പാക്കി വരുന്നു. ഒഡിഷയിലെ കലഹണ്ടി മിഷൻ ഫീൽഡും, ഇംഗ്ലീഷ് മീഡിയം സ്കൂളും, 7 ചാപ്പലുകൾ ഉൾപ്പെടെയുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അബുദാബി ഇടവകയുടെ സംഭാവന മണ്ണാറക്കുളഞ്ഞി ബെത്സയ്ദ ഹോസ്പീസ് സെന്റർ, പ്രത്യാശ ഭവൻ, 50 കിടക്കകളുള്ള പുതിയ മെന്റൽ ഹെൽത്ത് സെന്റർ, മലയാലപ്പുഴ നവജീവൻ ഡീഅഡിക്ഷൻ സെന്റർ, വയലത്തല കൃപഭവൻ, പ്രതീക്ഷ ഭവൻ, മാർ അത്തനേഷ്യസ് സെന്റർ മാർത്തോമ്മാ ആഡിറ്റോറിയം തുടങ്ങിവ ഭദ്രാസനത്തിന്റെ മുഖമുദ്രകളായി മാറിയിട്ടുണ്ട്.

FCRA അക്കൗണ്ട് പുനസ്ഥാപിച്ചതോടെ 'ലൈറ്റ് റ്റു ലൈഫ് 'പദ്ധതി ഊർജ്ജിതമായി തുടരുന്നു. മാർത്തോമാ ടീച്ചേർസ് ട്രെയിനിംഗ് കോളേജിന്റെ ഹോസ്റ്റൽ പുനർനിർമാണത്തിലാണ്.പ്രതീക്ഷ ഭവനോട് ചേർന്ന് അസിസ്റ്റന്റ് ടു ഹോം ലിവിങ് & ക്യാമ്പ് സെന്റർ എന്ന ഒരു നൂതന പദ്ധതി ആവിഷ്കരിക്കുന്നതിനായി പ്രതീക്ഷഭവനോട് ചേർന്ന് 3.84 ഏക്കർ വരുന്ന ഒരു പ്രോപ്പർട്ടി കാവടശ്ശേരിൽ ശ്രീ. എബ്രഹാം ജേക്കബിൽ നിന്നും വാങ്ങുന്നതിനു സാധിച്ചു.

നമ്മുടെ ഭദ്രാസനം ആദ്യകാല ദൗർബല്യങ്ങളെയും, വെല്ലുവിളികളെയും മറികടന്ന് ദൈവത്തിന്റെ കരുണയും, വിശ്വാസികളുടെ കൂട്ടായ പരിശ്രമവും കൊണ്ട് ഇന്ന് വളർച്ചയുടെ പുതിയ അധ്യായങ്ങൾ എഴുതുകയാണ്. ആധുനിക സാങ്കേതികതയോടും, മനുഷ്യസ്നേഹപരമായ ശുശ്രൂഷാ മനോഭാവത്തോടും കൂടി ഭദ്രാസനം മുന്നേറ്റം തുടരുകയാണ്. ഈ ദൗത്യപാതയിൽ, നമ്മുടെ ലക്ഷ്യം, ദൈവരാജ്യത്തെ പ്രതിഫലിക്കുന്ന സഭാ സമൂഹത്തെ വാർത്തെടുക്കുക എന്നതുമാത്രമാണ്.

## നന്ദി

കലഹാണ്ടി മിഷനിലെ ആവശ്യങ്ങൾക്കായി ഒരു പുതിയ വാഹനം നൽകിയ ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ഇടവക മിഷനോടുള്ള റാന്നി- നിലയ്ക്കൽ ഭദ്രാസനത്തിന്റെ നന്ദി രേഖപ്പെടുത്തുന്നു.

വേദജ്ഞാനം

# BIBLE QUIZ

## യെശയ്യാവ് 1 –14

**അടിസ്ഥാനമാക്കിയുള്ളതാണ് ഈ ലക്കം ചോദ്യങ്ങൾ**

### ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. വഷളായി നടക്കുന്ന മക്കൾ എന്ന് ആരെക്കുറിച്ചാണ് യഹോവ പറയുന്നത്?
2. എവിടെ നിന്നാണ് യഹോവയുടെ വചനം പുറപ്പെടുന്നത്?
3. വലിയതും നല്ലതുമായ പല വീടുകളും ............ ഇല്ലാതെ ശൂന്യമാകും.
4. ആരാമിനു തല ദമ്മേശെങ്കിൽ ദമ്മേശെക്കിനു തല ആരാണ്?
5. യഹോവ യെശയ്യാവിനെക്കൊണ്ട് വലിയ പലകയിൽ എഴുതിവെപ്പിച്ച പേര്?
6. യെശയ്യാ പ്രവാചകന്റെ ഭാര്യ ഒരു പ്രവാചകി ആയിരുന്നു. ശരിയോ തെറ്റോ?
7. ആരാമ്യരും ഫെലിസ്ത്യരും കൂടി വായ് പിളർന്ന് വിഴുങ്ങിക്കളയുന്നത് ആരെയാണ്?
8. ഓറേബ് പാറെക്കരികെ വച്ചുള്ള സംഹാരം ആരുടേതായിരുന്നു?
9. നീതി നടുക്കെട്ടായിരിക്കുന്നവന്റെ അരക്കച്ച എന്താണ്?
10. യെഹൂദയെ അസഹ്യപ്പെടുത്തുന്നവർ ഛേദിക്കപ്പെടും/നീങ്ങിപ്പോകും. ശരിയായ വാക്ക് ഏത്?
11. അശൂരിൽ നിന്നു ദൈവജനത്തിന്റെ ശേഷിക്കുന്ന ആർക്കാണ് ഒരു പെരുവഴിയുണ്ടാകുന്നത്.
12. രാജ്യങ്ങളുടെ മഹത്വവും കൽദയരുടെ പ്രശംസാലങ്കാരവും എന്നു വിശേഷിപ്പിച്ചിരിക്കുന്ന ദേശം ഏത്?
13. ബാബേലിൽ ആര് കൂടാരമടിക്കയില്ലെന്നതാണ് പ്രവാചകം?
14. ഞാൻ മേഘോന്നതങ്ങൾക്ക് മീതെ കയറും എന്നു ഹൃദയത്തിൽ പറഞ്ഞത് ആരാണ്?
15. ദൈവത്തിന്റെ പർവ്വതത്തിൽ വച്ച് ആരെയാണ് ചവിട്ടിക്കളയുന്നത്?

### കഴിഞ്ഞ ലക്കം ശരിയുത്തരം അയച്ചവർ

**SUJA SUSAN ABRAHAM** (BETHEL MTC PERUNAD)
**ALICE VARGHESE** (SALEM MTC, KUMPALAMPOIKA)
**LEELAMMA CHERIAN** (RANNI - VAIKOM MTC)
**SUSAN THOMAS** (PAZAVANGADIKKARA IMMANUEL)
**MARYKUTTY VARGHESE** (JERUSALEM MTC, VALLIYANTHY)

ഉത്തരങ്ങൾ പേരും അഡ്രസ്സും ഫോൺ നമ്പർ സഹിതം **2025 ആഗസ്റ്റ് 20** ന് മുൻപായി **8547866867** എന്ന വാട്ട്സ്ആപ്പ് നമ്പറിലേക്കോ **bhadrasanadwani@gmail.com** -ലേക്കോ അയക്കേണ്ടതാണ്. ശരി ഉത്തരം അയക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

അടുത്ത ലക്കങ്ങളിലെചിന്താവിഷയം:

**ഒക്ടോബർ, നവംബർ, ഡിസംബർ**

**വിസ്മയകരമായ തിരുജനനം**

**ജനുവരി, ഫെബ്രുവരി, മാർച്ച്**

**വചന തീരങ്ങളിലൂടെ നോമ്പിന്റെ വിശുദ്ധിയിലേക്ക്**

അടുത്ത ലക്കങ്ങളിലേക്കുള്ള വാർത്തകൾ, ചിത്രങ്ങൾ, രചനകൾ എന്നിവ **2025 ആഗസ്റ്റ് 20 ന് മുൻപായി** **8547866867** എന്ന വാട്ട്സ്ആപ്പ് നമ്പറിലേക്കോ **bhadrasanadwani@gmail.com** ലേക്കോ അയക്കേണ്ടതാണ്.

# 2025 മെയ് 1 മുതൽ ഭദ്രാസനത്തിലേക്ക് പുതുതായി ചുമതലയേറ്റ വൈദീകർ



**Rev. George Koshy**
Pazhavangadikkara
Immanuel



**Rev. Sheejo Abraham**
Vadakkupuram Salem
Karimkuttickal Trinity



**Rev. Nixon Daniel**
Melelbhagom Bethel
Pariyaram St. Paul's



**Rev. Samuel M Samuel**
Mannamaruthy Bethel



**Rev. V. S. Skariah**
Naranganam St. Thomas



**Rev. Sabu Thomas (Elanthur)**
Ayroor Salem



**Rev. George Yohannan**
Moonnukallu Zion



**Rev. Nijo Jose Skariah**
Puthenpeedika St.Thomas
V. Kottayam Ebenezer



**Rev. P. Philip (Palankara)**
Poovanpara Salem



**Rev. Jithin D Monachan**
Kochukoickal Trinity



**Rev. Varghese Mathai**
Kumplampoika Salem



**Rev. Santhosh Mathew**
Vadasserikara Carmel



**Rev. James Idiculla**
Valiyanthi Jerusalem
Immanuel



**Rev. John Kunjappy**
Edamuri Ebenezer
Arayanpara Sehion
Thompikandom St.Pauls



**Rev. Joji Jacob**
Ayroor Sehion



**Rev. Saji Thomas**
Pathanamthitta



**Rev. Vinoy Daniel**
Ranni Nazreth



**Rev. Aby Babu**
Perunadu Bethel
Kappakkadu Jerusalem



**Rev. Christy Samuel**
Thekkuthode St.Thomas
Njallloor St.Thom



**Rev. Jacob John V**
Naranammoozhy St.Thomas
Kaichira Immanuel
Neerattukavu Salem



**Rev. Sajin Baby**
Variapuram St. Thomas



**Rev. Philip Baby**
Vadasserikara St. John's



**Rev. V. P. Philip**
Karikkattoor St.Thomas
Mukkada Hebron



**Rev Sanoj Babu Mathew**
Kripa Bhavan Director
Vayalathala St. Thomas



അന്ത്യോക്യൻ സഭയിലെ പിതാക്കന്മാർക്കൊപ്പം
അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ
മെത്രാപ്പോലീത്താ



അന്ത്യോക്യൻ പാത്രിയാർക്കീസ് ഇഗ്നാത്തിയോസ് അപ്രേം II
ബാവയോടൊപ്പം അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ്
സഫ്രഗൻ മെത്രാപ്പോലീത്തായും റവ.അരുൺ തോമസും



ലെബനോൻ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിലെ അഭിവന്ദ്യ
ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ
സന്ദർശിച്ചപ്പോൾ



ബെയ്റൂട്ടിലെ മാരനൈറ്റ് ആർച്ച് ബിഷപ്പ് ബൗലോസ് മാട്ടാറിനൊപ്പം
അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ
മെത്രാപ്പോലീത്താ



ഊട്ടുപാറ ബഥേൽ മാർത്തോമ്മാ ഇടവക നിർമിച്ചു നൽകിയ വീട്
വീടിന്റെ കൂദാശ അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ്
സഫ്രഗൻ മെത്രാപ്പോലീത്താ നിർവഹിക്കുന്നു.



ഊട്ടുപാറ ബഥേൽ മാർത്തോമ്മാ ഇടവക ഡയറക്ടറി പ്രകാശനം



റാന്നി - നിലയ്ക്കൽ ഭദ്രാസന സേവികാ സംഘം വാർഷിക
സമ്മേളനം അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ
മെത്രാപ്പോലീത്തായ്ക്ക് സ്നേഹോപഹാരം നൽകുന്നു..



ഇലന്തൂർ ശാലേം മാർത്തോമ്മാ ഇടവകയിലെ
ആദ്യകുർബ്ബാന സ്വീകരിച്ചവർ കുട്ടികൾ
അഭിവന്ദ്യ തിരുമേനിയോടും വൈദീകരോടുമൊപ്പം



മോർ അത്തനേഷ്യസ് യുഹാൻ । മെത്രാപ്പോലീത്തായുടെ
അനുസ്മരണ സമ്മേളനത്തിൽ അഭിവന്ദ്യ ഡോ. ജോസഫ് മാർ
ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ പ്രസംഗിക്കുന്നു.



റാന്നി - നിലയ്ക്കൽ ഭദ്രാസന സീനിയർ സിറ്റിസൺ വാർഷിക
സമ്മേളനത്തിൽ നിന്നും

Chief Editor, Bhadrasana Dhwani, TMAM Mar Thoma Centre, Mandiram P. O., Ranni - 689 672
E-mail: bhadrasanadhwani@gmail.com • Private Circulation only